# നവകടാഹസിദ്ധാന്തം

പുതിയ ക്ലാസ്സിക്കൽ ശൈലിയിൽ ഊർജ്ജദ്രവ്യസമീകരണവും സ്പെയ്സും ടൈമും കേവലമല്ല എന്നതും പ്രകാശം ഒരു സ്ഥിരാങ്കമാണ് എന്നതും  തെറ്റാണ് എന്ന് കടുപ്പശ്ശേരി സ്വദേശി കിഷോർ എൻ.എസ്. കണ്ടെത്തിയിരിക്കുന്നു.

## ആദ്യമായി രണ്ട് വാക്ക്

ക്ലാസിക്കൽ രീതിയിൽ നോക്കിയാൽ ആപേക്ഷിക സിദ്ധാന്തം യുക്തിക്ക് നിരക്കാത്തതും അസംഭവ്യവമാണെന്നുതോന്നും. അത് എന്റെ ക്ലാസ്സിക്കൽ തിയറിയിൽ വരുമ്പോൾ ശരിയാണ് താനും എന്നാൽ ആപേക്ഷിക സിദ്ധാന്തം ചിലപ്പോൾ ചില പ്രതിഭാസങ്ങളെ വിശദീകരിക്കാൻ അൽപ്പം ക്ലാസ്സിക്കൽ സ്വഭാവമുള്ള ആശയങ്ങൾ വരുന്നത് അത്ഭുതമാണ്. അതുകൊണ്ട് ആപേക്ഷിക സിദ്ധാന്തം അർദ്ധക്ലാസിക്ക് സ്വഭാവമുള്ള ആശയമാണ്. ഗണിതസങ്കൽപ്പത്തിൽ നിന്ന് മാറി ആപേക്ഷിക സിദ്ധാന്തത്തെ അവതരിപ്പിക്കാൻ ശ്രമിക്കുമ്പോൾ ഭൗതിക സിദ്ധാന്തമെന്നതിലുപരി മായികതയുടെ പരിവേഷമാണ് വന്നുചേരുക. അതുകൊണ്ടാണ് ആപേക്ഷികസിദ്ധാന്തത്തെ പ്രേതഭൗതികം എന്ന് ഞാൻ വിളിച്ചത്. പ്രേതഭൂത സങ്കൽപ്പത്തിന് ഒരു ഗണിത അടിസ്ഥാനം ലഭിക്കുകയാണെങ്കിൽ ആ ലോകത്തെ പറ്റി ഒന്നു ചിന്തിച്ചു നോക്കൂ. പ്രേതഭൂത സങ്കൽപ്പത്തിന് അർദ്ധക്ലാസിക്ക് സ്വഭാവമുണ്ട്. പ്രേതകഥയിൽ അത് വ്യക്തവുമാണ്. പ്രേതസങ്കൽപ്പത്തിന്  വിശ്വാസ്യത കൂട്ടാൻ വേണ്ടിയാണ് അൽപ്പം ക്ലാസ്സിക്കൽ സ്വഭാവം ചേർക്കുന്നത്.  ആപേക്ഷിക സിദ്ധാന്തത്തിന്റെ മറ്റൊരു കുഴപ്പം പ്രകാശം എന്ന സമസ്യക്ക് ഉത്തരം കണ്ടുപിടിക്കാൻ ആപേക്ഷിക സിദ്ധാന്തത്തിലൂടെ പരിവേക്ഷണം ആരംഭിച്ചാൽ അനന്തസങ്കീർണ്ണ വിചിത്ര സങ്കൽപ്പങ്ങളിലേയ്ക്കായിരിക്കും പോകുക. അവസാനം ഗതികെടുമ്പോൾ തിരിച്ച് നടക്കും അതാണ് പതിവ്. തിരിച്ച് നടന്നവർ ചിലർ ആപേക്ഷിക സിദ്ധാന്തത്തെ നിഷേധിക്കുന്നു. ചിലർ വേറെ വഴിയിലൂടെ പരിവേക്ഷണം തുടരാൻ ശ്രമിക്കുന്നു. ചിലർ അന്ധമായി അതിനെ ശരിയായണ് എന്ന് സമർത്ഥിക്കുന്നു. ആപേക്ഷിക സിദ്ധാന്തം ജനിക്കാൻ കാരണമെന്ത്?  അതിന്റെ ആവശ്യകത എന്തായിരുന്നു. 19-ാം നൂറ്റാണ്ടിലെ ക്ലാസിക്കൽ കാഴ്ചപ്പാടിന് ഉയർന്ന് വന്ന ഭൗതികശാസ്ത്ര ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരം നൽകാൻ കഴിഞ്ഞില്ല അതുകൊണ്ടാണ് ആപേക്ഷിക സിദ്ധാന്തത്തിനും ക്വാണ്ടം സിദ്ധാന്തത്തിനും ഭൗതികശാസ്ത്രം വഴിമാറുകയായിരുന്നു. പക്ഷേ അത് ഗുരുതരമായ ആശയകുഴപ്പങ്ങളുടെ പിറവിയിലേക്കാണ് നീങ്ങിയത്. 19-ാം നൂറ്റാണ്ടിലെ ഭൗതികശാസ്ത്രം പരമ്പരാഗത ആത്മീയ ആശയങ്ങളുടെ നെഗറ്റീവ് മനോഭാവങ്ങളുടെ പിടിയിൽ അമർന്നിരിക്കുകയായിരുന്നു. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ സ്വതന്ത്രമായി ചിന്തിക്കാൻ മടിച്ചിരുന്ന കാലം അതുകൊണ്ട് ആത്മീയതയിൽ ഉറച്ച നെഗറ്റീവ് മനോഭാവങ്ങളെ തകർക്കേണ്ടത് ആകാലഘട്ടത്തിന്റെ ആവശ്യമായി തീർന്നു. അതോടുകൂടി ഭൗതികശാസ്ത്രത്തിന്റെ വളർച്ച വളരെ വേഗത്തിലായി. മായികമനോഭാവങ്ങളെ തകർക്കാൻ ഒരു മായിക ശാസ്ത്രത്തിനു മാത്രമേ കഴിയൂ എന്ന ലോകം മനസ്സിലാക്കാൻ പോകുന്നു. ഇന്ന് മനുഷ്യമനസ്സിൽനിന്നും പരമ്പരാഗത ആത്മീയ ആശയങ്ങളുടെ നെഗറ്റീവ് മനോഭാവം പാടെ തകർന്നിരിക്കുന്നു. ഇനി ആത്മീയ ആശയങ്ങളുടെ പോസറ്റീവ് മനോഭാവത്തിലേക്ക് ലോകത്തെ ഉയർത്തികൊണ്ടുവരേണ്ടതുണ്ട്. അത് എന്റെ ആവശ്യമായിതീർന്നു. പ്രപഞ്ചത്തിന്റെ ബാഹ്യ ആന്തരിക രൂപത്തെ കാണിക്കാൻ ഈ പുതിയ സിദ്ധാന്തത്തിനല്ലാതെ മറ്റൊരു സിദ്ധാന്തത്തിനും കഴിയുകയില്ല. പ്രകാശത്തിന് വൈദ്യുത പ്രഭാവം ഉണ്ടാക്കുവാനോ പ്രകാശത്തിന്റെ തള്ളൽ ബലംമൂലം വസ്തുവിനെ നേരിട്ട് ചലിപ്പിക്കുവാനോ പ്രകാശത്തിന് കഴിയുന്നതിന്റെ കാരണം? പ്രകാശത്തിന്റെ ക്വാണ്ടം സ്വഭാവമാണ് എന്നാണ് ശാസ്ത്രഞ്ജൻമാർ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ആവർത്തി കൂടമ്പോൾ തരംഗങ്ങളുടെ സൂക്ഷ്മത വർദ്ധിപ്പിക്കുകയും പ്രഥമ സ്വഭാവം കൂടുകയും ചെയ്യുന്നതുകൊണ്ടാണ് അങ്ങിനെ സംഭവിക്കുന്നത് എന്ന് പുതിയ ക്ലാസിക്കൽ തിയ്യറി പറയുന്നു. ക്ലാസിക്കൽ രീതിയിൽ ആപേക്ഷിക സിദ്ധാന്തത്തെ നോക്കുന്നതുകൊണ്ടാണ് പല ആശയ കുഴപ്പങ്ങളും ഉണ്ടാകുന്നത് ഊർജ്ജവും ദ്രവ്യവും ഒന്നാണെന്ന്  മനസ്സിലാക്കിയാൽ ഒരു ആശയകുഴപ്പവും ഉണ്ടാകില്ല എന്ന് ചില ശാസ്ത്രഞ്ജൻമാർ അഭിപ്രായപ്പെടുന്നു.  അല്ല ഇതാണോ ഭൗതിക ശാസ്ത്രരീതി. ഭൗതികശാസ്ത്രം യുക്തിചിന്തയുടേയും, യുക്തിബോധനത്തിന്റെയും ശാസ്ത്രമാണ്. ആ ശാസ്ത്രമാണ് പ്രേതഭൗതിക ശാസ്ത്രമായി അധപതിച്ചത്. ആപേക്ഷിക സിദ്ധാന്തത്തിൽ യുക്തിയുണ്ട് എന്നാണ് ചില ശാസ്ത്രഞ്ജൻമാർ പറയുന്നത്. എന്നാൽ അത് തലതിരിഞ്ഞ യുക്തിയാണ്. പുതിയ ക്ലാസിക്കൽ ഭൗതികശാസ്ത്രത്തിൽ ഊർജ്ജവും ദ്രവ്യവും രണ്ടും രണ്ടാണ്. ഊർജ്ജത്തെ ദ്രവ്യമാക്കാനോ ദ്രവ്യത്തിനെ ഊർജ്ജമാക്കാനോ സാധ്യമല്ല. എന്നാൽ രണ്ടും കൂടി കലർന്ന അവസ്ഥയിലാണ് പ്രപഞ്ചത്തിൽ കാണുന്നത്. ഊർജ്ജം പല രൂപത്തിലും കാണുന്നുണ്ടെങ്കിലും അവയെല്ലാം ഒന്നാണ് ദ്രവ്യം പല രൂപത്തിലും കാണുന്നുണ്ടെങ്കിലും അവയെല്ലാം ഒന്നാണ്.  പ്രപഞ്ചത്തിന്റെ പല കോണുകളിലും ഊർജ്ജദ്രവ്യാനുപാതം സ്ഥിരമല്ലാത്തതും എപ്പോഴും മാറികൊണ്ടിരിക്കുന്നതുമാണ്. എന്നാൽ പ്രപഞ്ചത്തിൽ മൊത്തം ഊർജ്ജദ്രവ്യാനുപാതം തുല്യമാണ്. അതെക്കാലത്തും സ്ഥിരമായിരിക്കും എന്ന് പുതിയ ക്ലാസിക്കൽ തിയ്യറി പറയുന്നു. പ്രകാശത്തിന്റെ ക്വാണ്ടം സിദ്ധാന്തവും രസതന്ത്രത്തിലെ അയോണിക സിദ്ധാന്തവും ശുദ്ധ അസംബന്ധമാണ് എന്ന് പുതിയ ക്ലാസിക്കൽ തിയറിയിലെ **അവിച്ഛേദന** സിദ്ധാന്തം വിളിച്ച് ഓതുന്നു. വേദ ആശയമായ നാദബ്രഹത്തെയും ആധുനിക ശാസ്ത്രത്തിന്റെ ക്വാണ്ടം ബ്രഹ്മത്തേയും സമുന്വയിപ്പിച്ച് ചിലർ വേദ ആശയങ്ങളെ അരോചകമാക്കിയിരിക്കുന്നു. എന്നാൽ പുതിയ ക്ലാസിക്കൽ കാഴ്ച്ചപ്പാട് വേദബ്രഹ്മത്തെ കൂടുതൽ ഉയരത്തിൽ എത്തിക്കുന്നു. തരംഗസുതാര്യത എന്തുകൊണ്ട് എന്നതിന് വ്യക്തമായ ഉത്തരം പുതിയ ശൈലി കാണിച്ചുതരുന്നു. മാത്രമല്ല പ്രപഞ്ചത്തിൽ ശുന്യതയില്ലെന്നും ശൂന്യത ഒരു അളവുകോൽ മാത്രമാണെന്നും പറയുന്നു. ആത്മീയ പ്രതിഭാസങ്ങളെയും പുതിയ ക്ലാസിക്കൽ ശൈലി വിശദീകരിക്കുന്നു. എഡിസണ്‍ ശൈലിയിലുള്ള കണ്ടെത്തലുകളുടെ പുതിയ കരട് രൂപരേഖകൾ പുതിയ ക്ലാസിക്കൽ തിയറിയിലുണ്ട്. അണുകേന്ദ്രത്തിൽ നിന്നും ഇത്രമാത്രം ഊർജ്ജം ഉണ്ടാകുന്നു എന്ന ചോദ്യത്തിന് സാമാന്യം തൃപ്തികരമായ ഉത്തരം $E=MC^2$ നൽകുന്നു എന്ന സമാധാനത്തിലാണ് ശാസ്തരജ്ഞൻമാരിപ്പോൾ. ഈ ഒറ്റ കാരണം കൊണ്ടുതന്നെ ആപേക്ഷിക സിദ്ധാന്തം ശരിയാണ് എന്ന് സമർത്ഥിക്കാനാണ് ശാസ്ത്രജ്ഞൻമാർക്ക്  താല്പര്യം. പ്രപഞ്ചത്തിന്റെ ഊർജ്ജം അണുകേന്ദ്രത്തിൽ നിന്നല്ല വരുന്നത് മറിച്ച്  പ്രോട്രോൺ എന്ന  അഗ്നി ന്യൂട്രിക്ക് ആകാശത്തിലെ ഊർജ്ജത്തെ ട്യൂൺ ഇലണിക്ക് ആകാശത്തിലേക്ക് മാറ്റുന്നതുകൊണ്ടാണ്. അതുകൊണ്ടാണ് അണുകേന്ദ്രത്തിൽ നിന്നും ഊർജ്ജം വരുന്നുവെന്ന് ഒരു തെറ്റിദ്ധാരണയുടെ പുറത്ത് ആധുനികശാസ്ത്രം പറയുന്നത്. എന്നാൽ ഞാൻ പറയുന്നു $E=MC^2$ എന്ന ഗണിതസമീകരണത്തിൽ ഒതുങ്ങുന്നതല്ല ന്യൂട്രക്ക് ആകാശത്തിലെ ഊർജ്ജം. ന്യൂട്രിക്ക് ആകാശത്തിൽ സമൃതമായ ഊർജ്ജം ഉള്ളത് ശരി തന്നെ. നക്ഷത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഊർജ്ജം തന്നെയാണ് വീണ്ടും തമോഗർത്തങ്ങൾ ന്യൂട്രിക്ക് ആകാശത്തിലേക്ക് മടക്കി അയക്കുന്നത്. കോടാനുകോടി വർഷം ഭൂമിയിൽ മഴ പെയ്യുവാൻ എവിടെ നിന്നുമാണ് ജലം വരുന്നത്? എന്ന ചോദ്യത്തിന് ഉത്തരം ഇതാണ് കടലിൽ ധാരാളം ജലം ഉള്ളത് ശരി തന്നെ എന്നാൽ കടലിലെ ജലം തന്നെയാണ് വീണ്ടും വീണ്ടും മഴയായി ലഭിക്കുന്നത്. നക്ഷത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഊർജ്ജം പ്രപഞ്ചത്തിൽ ഇലണിക്ക് ആകാശത്തിൽ കെട്ടിക്കിടന്നാൽ ഈ പ്രപഞ്ചത്തിന് എന്ത് സംഭവിക്കും.? തുടർന്ന് വായിക്കുക. ഇതിന് ഉത്തരം കണ്ടെത്തുവാൻ ആവും. അണുവിനെ പിളർക്കുക എന്നാൽ ആകാശത്തിലെ പ്രാണനെ പിളർക്കുക എന്ന് പറയുന്നതായിരിക്കും കൂടുതൽ ശരി. പ്രപഞ്ചത്തിൽ ഒരു അണുവേയുള്ളു എന്നും ആ അണു പിളർന്നാണ് പ്രപഞ്ചത്തിൽ ഊർജ്ജവ്യവഹാരങ്ങൾ നടക്കുന്നത്. അണുവിനെ പിളർക്കുന്ന ആയുധത്തിനെ അഗ്നി എന്നും ഈ അഗ്നി ത്രിത്വാഗ്നി ആണെന്നും ഇതിന്റെ ഒരുതല കൊണ്ട് അണുവിനെ

പിളർന്നാൽ ജഡ പ്രപഞ്ചം ജനിക്കുമെന്നും മറുതലകൊണ്ട് അണുവിനെ പിളർന്നാൽ പ്രകടപ്രപഞ്ചം ജനിക്കുമെന്നും വേദഭാഷ്യത്തിൽ പുതിയ ക്ലാസ്സിക്കൽ ഭൗതികശാസ്ത്രം പറയുന്നു.ആത്മീയ പ്രതിഭാസങ്ങൾ തെളിയിക്കാനും പ്രപഞ്ച ചലനം ചാക്രികമാണ് എന്ന് തെളിയിക്കാനും വേണ്ടി മാത്രമേ വിഭജനത്തിന് വിധേയമാകാത്ത മൂലകണങ്ങളിലേക്ക് പോകേണ്ടതുള്ളു എന്നും പ്രപഞ്ച ഊർജ്ജ വ്യവഹാരങ്ങൾ തെളിയിക്കാൻ പഞ്ചഭൂതങ്ങൾ മതിയാകും. ആധുനിക ശാസ്ത്രം വിഭജിച്ചു എന്ന് പറയുന്ന മൂലകണം മിഥ്യാസങ്കല്പങ്ങളിൽ ഒതുങ്ങി നിൽക്കുന്ന ആശയം മാത്രമാണെന്നും മൂലകണത്തെ പ്രപഞ്ചശക്തിക്കോ മനുഷ്യശക്തിക്കോ വിഭജിക്കാൻ കഴിയുകയില്ല. ഊർജ്ജ വ്യവഹാരങ്ങൾ നടത്തുന്ന മൂലകണങ്ങൾ മൂന്നാണ് എന്നും ഇവ കാലാന്തരത്തിൽ വിഭജിക്കുന്ന അഥവാ ശിഥിലമാകുന്ന കണങ്ങൾ ആണെന്നും പുതിയ ക്ലാസ്സിക്കൽ ഭൗതികശാസ്ത്രം പറയുന്നു. പഞ്ചഭൂതആശയത്തിൽ ആകാശം എല്ലാ ഭൂതങ്ങളിലും ലയിച്ചുചേർന്നിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു.അതു ശരിതന്നെ എന്നാൽ ആകാശത്തിൽ മൂന്ന് തരക്കാരുണ്ട് എന്നും ആകാശത്തിൽ ചലനമുള്ള ആകാശവും ചലനമില്ലാത്ത ആകാശവുമുണ്ട്. എന്നാൽ മൈക്കൽസൺ മോർലി പരീക്ഷണം നടത്തിയത് ചലനസ്വഭാവമുള്ള ആകാശത്തിലാണ്. അതുകൊണ്ടാണ് ഈഥറിന്റെ കാറ്റ് ഉണ്ടാകാതെയിരുന്നത് എന്ന് പുതിയ ക്ലാസ്സിക്കൽ ഭൗതികശാസ്ത്രം പറയുന്നു. എന്റെ കണ്ടെത്തലുകൾ ജ്യോതിഷം മുതൽ ഭൂമിശാസ്ത്രം, മനശാസ്ത്രം എന്നിവയിൽ വ്യാപിച്ചു കിടക്കുന്നു. അതിൽ ഒന്നാണ് ആപേക്ഷികസിദ്ധാന്തത്തിന് എതിരായ ആകാശസിദ്ധാന്തം. പുതിയ രസതന്ത്രശാഖ വെട്ടിത്തുറന്നിരിക്കുന്നു. മൂലകങ്ങളുടെ ശരീരഘടന രക്തവും ശരീരവും പോലെയാണ്. മൂലകങ്ങളിൽ ചലിക്കുന്ന ഒരു ഭാഗവും ചലിക്കാത്ത ഒരു ഭാഗവുമുണ്ട്. ചലിക്കാത്ത ഭാഗത്തിന് പയോൺ ബോഡിയെന്നും ചലിക്കുന്ന ഭാഗത്തിന് ഇയോൺ അഗ്നിയെന്നും പറയുന്നു. വിവിധ പയോൺ ശരീരം കൊണ്ടും വിവിധ ഇയോൺ അഗ്നികൊണ്ടും വിവിധ മൂലകങ്ങൾ നിർമ്മിച്ചിരിക്കുന്നു. ഒരു വസ്തുവിന്റെ മാസ് പ്രകാശവേഗതയിൽ വർദ്ധിക്കുമോ സാധാരണ ഗതിയിലുള്ള വേഗതയിൽ അതായത് റോക്കറ്റിന്റെ വേഗതയിൽ അത് ഭൂഗുരുത്വത്തിന് വിപരീതദിശയിലാണ് ചലനമെങ്കിൽ അതിന്റെ ഭാരം താൽക്കാലികമായി വർദ്ധിക്കും ഇത് ജഢത്വം മൂലവും ഭൂഗുരുത്വത്തിന് എതിരെയുള്ള ചലനം നിമിത്തം ഗുരുത്വമർദ്ധം ഇരട്ടിയായി വർദ്ധിക്കും. എന്നാൽ ഭൂമിയിൽനിന്ന് റോക്കറ്റ് അകന്നുപോകുന്നത് കൊണ്ട് ഇരട്ടിയായി വർദ്ധിച്ച താൽക്കാലിക ഭാരത്തിൽനിന്ന് കുറേശ്ശയായി ഭാരം കുറഞ്ഞ് തീരെ ഭാരം അനുഭവപ്പെടാതാകുന്നു. ഇത് തന്നെയാണ് പ്രപഞ്ചത്തിന്റെ ഏത് ഭാഗത്തുള്ള അനുഭവം അതിന് കാരണം ഇതാണ് ഭൂഗുരുത്വമണ്ഡലം കഴിഞ്ഞാൽ സൂര്യഗുരുത്വമണ്ഡലമാണ് അത് കഴിഞ്ഞാൽ ആകാശഗംഗഗുരുത്വമണ്ഡലമാണ് അത് കഴിഞ്ഞാൽ പ്രപഞ്ചഗുരുത്വമണ്ഡലമാണ്. അതുകൊണ്ടാണ് ആകാശഗംഗ ഡിസ്ക്ക് ആകൃതിയിൽ ഇരിക്കുന്നത്. ഇവിടെ പ്രകാശവേഗതയിൽ ചലനം നടക്കുകയാണെങ്കിൽ എന്ത് സംഭവിക്കും എന്ന് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? ത്രിത്വഗുരുത്വമണ്ഡലങ്ങളെ മാറ്റിനിർത്തിയാണ് ആപേഷികസിദ്ധാന്തം ചലനം അവതരിപ്പിച്ചിരിക്കുന്നത്. ഗുരുത്വമണ്ഡലത്തിന് എതിരെയുള്ള ചലനം നിമിത്തം ഭാരം കൂടുന്നു എന്ന കാരണം പറഞ്ഞ് പ്രകാശവേഗതയിൽ മാസ് എത്രവരും എന്ന് കണക്കുകൂട്ടുന്നത് മഹാവിഢ്ഢിത്വമാണ്. പ്രകാശവേഗതയിൽ ഒരു വസ്തു പ്രപഞ്ചത്തിലൂടെ സഞ്ചരിച്ചാൽ അതായത് ത്രിത്വഗുരുത്വമണ്ഡലങ്ങളിലേക്ക് സഞ്ചരിച്ചാൽ അതിന്റെ ഭാരം മാറിക്കൊണ്ടിരിക്കും ഗുരുത്വമണ്ഡലത്തെ വലയം വെക്കുകയാണെങ്കിൽ അധികമൊന്നും വർദ്ധിക്കാൻ ഇടയില്ല. നാം ഏതോന്നിനെയാണോ ശരിയായി അറിഞ്ഞുവെങ്കിൽ അതിനോടനുബന്ധിച്ച് മറ്റെല്ലാത്തിനെകുറിച്ചും അറിവുണ്ടാകും. ആയതിവ്യത്യാസം കൊണ്ട് തരംഗങ്ങൾ രണ്ടുരൂപത്തിലാകാറുണ്ട് ഒന്ന് പ്രഥമ തരംഗങ്ങളും, രണ്ട് ദ്വിതിയ തരംഗങ്ങളും ആയതി കൂടുമ്പോൾ പ്രകാശത്തിന്റെ പ്രഥമ തരംഗ സ്വഭാവം വർദ്ധിക്കുന്നു എന്ന് പറയുന്നതിന് പകരം കണികസ്വഭാവം വർദ്ധിക്കുന്നു എന്ന് പറഞ്ഞാൽ എങ്ങനെ ശരിയാകും വൈദ്യുതകാന്തക തരംഗത്തിന് കണിക സ്വഭാവമില്ലാത്തതും പ്രകാശവൈദ്യുതകാന്തകതരംഗത്തിന് മാത്രം കണിക സ്വഭാവം വന്നത് അത്ഭുതമായിരിക്കുന്നു. പലശാസ്ത്രജ്ഞന്മാരുടെ ആശയങ്ങൾ സമുന്നയിച്ച് പ്രകാശപ്രതിഭാസത്തെ വിശദീകരിക്കാൻ ശ്രമിച്ചതാണ് കൂടുതൽ അപകടത്തിലേക്ക് നയിച്ചത്.ആധുനിക കണിക സിദ്ധാന്തം അനുസരിച്ച് ചിന്തിക്കുമ്പോൾ നക്ഷത്രത്തിൽ നിന്ന് പ്രകാശം നഷ്ടപ്പെടുമ്പോൾ നക്ഷത്രത്തിന്റെ ഭാരം കുറഞ്ഞ് കുറഞ്ഞ് ഹൈട്രജൻ വാതകത്തിന്റെ പിണ്ഡത്തിന് തുല്യമായ ഒരു വസ്തു ഉണ്ടാകേണ്ടതാണ്. എന്നാൽ നക്ഷത്രത്തിൽ അത് മറിച്ചാണ് നടക്കുന്നത്. അത് വിശദീകരിക്കാൻ കണികസിദ്ധാന്തത്തിന് ആവില്ല. അതിന്റെ കാരണം വിശദീകരിക്കാൻ എന്റെ സിദ്ധാന്തങ്ങൾക്കേ കഴിയൂ. അതിന് കാരണം ഇതാണ് ഒരു നക്ഷത്രം തമോഗർത്തമാവുമ്പോൾ അതിന്റെ മൂലഘടന ഇടിയുന്നു. അപ്പോൾ അതിന്റെ വ്യാപ്തം കുറയുന്നു. ആധുനിക ഭൗതികശാസ്ത്രത്തിൽ ആറ്റം കേന്ദ്രത്തിലെ ദ്രവ്യമാണ് ഊർജ്ജമായി മാറുന്നത്. എന്നാൽ എന്റെ ഭൗതികശാസ്ത്രത്തിൽ നേരെ മറിച്ചാണ് ന്യൂട്രിക്ക് ആകാശത്തിലാണ് ഊർജ്ജത്തിന്റെ ഉറവിടം. ഈ ന്യൂട്രിക്ക് ആകാശം മനുഷ്യശരീരം മുതൽ ഭൂമിയിടെ അഗാധങ്ങൾ വരെ ലയിച്ച ആകാശമാണ്. അതുകൊണ്ട് ന്യൂട്രിക്ക് ആകാശത്തിലെ നാദത്തെ ജൈവഇന്ദ്രീയങ്ങൾക്ക് ഗ്രഹിക്കുവാൻ ആകില്ല. കടലിലെ അഗാധങ്ങളിൽ സൂര്യന്റെ സഹായമില്ലാതെ ജീവിക്കുന്ന ജീവികൾ ന്യൂട്രിക്ക് ആകാശത്തിലെ ഊർജ്ജത്തെ ഉപയോഗപ്പെടുത്തുന്നുണ്ടൊ എന്ന് സംശയിക്കുന്നു.

### ഈഥറിന്റെ നിർവചനം

1. ചലനാൽമകം 2. സാന്ദ്രത കുറവ് 3. ഇന്ദിയഗോചരമല്ല സർവ്വവ്യാപിയാണ്,ഈഥറിന്റെ മറ്റൊരു പേരാണ് ആകാശം. വായു അന്തരീക്ഷത്തിൽ മാത്രമല്ല കാണുന്നത് ജലത്തിലും മണ്ണിലും കാണുന്നതുപോലെ ആകാശം ആകാശത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല എന്ന് മനസിലാക്കുക.

## ആധുനിക ഭൗതികശാസ്ത്രവും എന്റെ ഭൗതികശാസ്ത്രവും തമ്മിലുള്ള വ്യത്യാസം

| ആധുനിക ഭൗതികശാസ്ത്രം | എന്റെ ഭൗതികശാസ്ത്രം |
|---|---|
| ഊർജ്ജവും ദ്രവ്യവും ഒന്നാണ് ഊർജ്ജത്തിനെ ദ്രവ്യമാക്കാനും ദ്രവ്യത്തിനെ ഊർജ്ജമാക്കാനും കഴിയും | ഊർജ്ജവും ദ്രവ്യവും ഒന്നല്ല രണ്ടാണ്. ഇവ കൂടികലർന്ന അവസ്ഥയാണ് പ്രപഞ്ചത്തിൽ കാണപ്പെടുന്നത്. ഈഥറിൽ ദ്രവ്യത്തിന്റെ അളവ് കുറവും ഊർജ്ജത്തിന്റെ അളവ് കൂടുതലുമാണ്, ഖരസാന്ദ്രമായ ഭൂതത്തിൽ ഊർജ്ജത്തിന്റെ അളവ് കുറവും ദ്രവ്യത്തിന്റെ അളവ് കൂടുതലുമാണ്. അതായത് ദ്രവ്യമില്ലാത്ത ഊർജ്ജത്തിനെയോ ഊർജ്ജമില്ലാത്ത ദ്രവ്യത്തിനേയോ കാണിച്ച് തരുവാൻ സാധ്യമല്ല. |
| ആധുനികശാസ്ത്രം ശൂന്യതയുണ്ട് എന്നുപറയുന്നു. | എന്റെ ഭൗതികശാസ്ത്രവും വേദഭൗതികശാസ്ത്രവും ശൂന്യതയില്ലല്ലെന്ന് പറയുന്നു. ശൂന്യത ഒരു അളവ് കോൽ മാത്രമാണ്. |

സൂഷ്മകണത്തെ അനന്തമായി വിഭജിക്കാം. പദാർത്ഥങ്ങളുടെ അടിസ്ഥാനഘടകം ആറ്റം എന്ന സങ്കൽപ്പത്തിലാണ് ഇങ്ങനെ പറഞ്ഞത്. എങ്കിലും ഡെമോക്രിറ്റസ് എന്ന ചിന്തകന്റെ സങ്കൽപ്പത്തിലെ ആറ്റവും ആധുനിക ശാസ്ത്രത്തിന്റെ ആറ്റവും തമ്മിൽ വ്യത്യാസമുണ്ട്. കാരണം വിഭജിക്കാൻ കഴിയാത്തത് എന്ന അർത്ഥമാണല്ലോആറ്റത്തിന്.

പ്രകാശത്തിൽ കണങ്ങൾ ഉണ്ട്. ആയതി വർദ്ധിക്കുമ്പോൾ പ്രകാശത്തിൽ കണികസ്വഭാവം കൂടുന്നു. റോഡിയോതരംഗങ്ങളിലും ഗാമ കോസ്മിക്ക് എന്നിവയിലും കണികസ്വഭാവമില്ല. അവ പൂർണ്ണ വൈദ്യുതകാന്തികതരംഗമാണ്.
പ്രകാശത്തിന്റെ വേഗത 6 മീറ്ററായി കുറച്ചു അവയെ നിശ്ചലമാക്കാൻ കഴിഞ്ഞേക്കും എന്ന് ആധുനികശാസ്ത്രം.

ആറ്റംബോംബിലും ഹൈഡ്രജൻ ബോംബിലും നക്ഷത്രങ്ങളിലും ദ്രവ്യം ഊർജ്ജമാക്കുന്ന പ്രക്രിയയാണ് നടക്കുന്നത്.

തമോഗർത്തങ്ങൾ എന്ത് അവസ്ഥയിലാണ് ഇരിക്കുന്നത് എന്ന് ആധുനിക ശാസ്ത്രം വ്യക്തമാക്കുന്നില്ല.

ഊർജ്ജത്തിന്റെ സമവാക്യം $E=Mc^2$ ആണ്

ആധുനിക ശാസ്ത്രത്തിന് പ്രപഞ്ചത്തിലെ ഊർജ്ജത്തിന്റെ സൈക്കിളിനെ കുറിച്ച് വ്യക്തമായ ധാരണയില്ല.

ആധുനിക ഭൗതികശാസ്ത്രത്തിലും രസതന്ത്രത്തിലും ആറ്റം മാതൃകക്ക് പ്രാധാന്യം.

തമോഗർത്തങ്ങൾ ഉണ്ടാകാൻ ഉയർന്ന ഗുരുത്വം വേണമെന്ന് ആധുനികശാസ്ത്രം.

മനുഷ്യശരീരത്തെ തുളച്ചു കടക്കുന്ന കിരണങ്ങൾക്ക് അതായത് എക്സറേ ഗാമ കോസ്മിക്ക് മോബൈയിൽ തരംഗങ്ങൾ എന്നിവക്ക് ഊർജ്ജം കൂടുതലാണ് എന്ന് ആധുനിക ഭൗതികശാസ്ത്രം.

മൈക്കൽസൺ – മോർലി പരീക്ഷണം ഈഥർ ഇല്ലെന്ന് തെളിയിച്ചു.

പ്രപഞ്ചത്തിന് ഒരു തുടക്കവും അന്ത്യവും ഉണ്ടെന്ന് ആധുനിക ശാസ്ത്രം

സൂഷ്മകണത്തെ അനന്തമായി വിഭജിക്കാൻ സാധ്യമല്ല. വിഭജിക്കാൻ കഴിയാത്ത കണത്തെ കോർ എന്ന് പറഞ്ഞിരുന്നു. കണാദന്റെയും, ഡെമോക്രിറ്റ്സിന്റെയും ജോൺ ഡാൾട്ടന്റെയും സങ്കൽപ്പത്തിലെ വിഭജിക്കാൻ കഴിയാത്ത കണമാണ് കോർ. യുറേനിയം പോലുള്ള ലോഹങ്ങൾ ഞൊടിയിടയിൽ എരിഞ്ഞപ്പോൾ അതിലെ ഊർജ്ജം കണ്ട് അന്താളിച്ച മനുഷ്യൻ ആറ്റം പിളർന്നപ്പോൾ ഉണ്ടായതാണ് അതിലെ ഊർജ്ജം എന്ന് പെട്ടെന്ന് തെറ്റിദ്ധരിച്ചു. ഊർജ്ജദ്രവ്യ സമീകരണം ഈ തെറ്റിദ്ധാരണയുടെ മാറ്റുകൂട്ടി.

പ്രകാശത്തിൽ കണങ്ങളില്ല പൂർണ്ണ സുഷ്മ തരംഗങ്ങളാണ് പ്രകാശം ഒരു സൂഷ്മപൊടിയുടെ പ്രവാഹമാകാൻ വകയില്ല. അവിച്ഛേദന പരീക്ഷണത്തിലൂടെ അത് തെളിയിച്ചിരിക്കുന്നു.

പ്രകാശത്തിന്റെ മാത്രമല്ല ശബ്ദത്തിന്റെയും വേഗത കുറക്കാൻ കഴിയും. റബറിൽ ശബ്ദതരംഗങ്ങൾ സഞ്ചരിക്കുന്നത് പത്തിലൊന്നിനു താഴെയാണ്. തരംഗങ്ങളുടെ വേഗത കുറക്കാൻ കഴിഞ്ഞേക്കാം. നിശ്ചലമാക്കാൻ കഴിയുകയില്ല.

ന്യൂട്രിക്ക് ആകാശത്തിലെ സമൃതമായ ഊർജ്ജമാണ് പ്രോട്ടോൺ എന്ന അഗ്നി ട്യൂൺ ചെയ്ത് ഇയോണിന്റെയും ഇല്ക്ട്രോണിന്റെയും സഹായത്തോടെ ഇലണിക്ക് ആകാശത്തിലേക്ക് ഊർജ്ജത്തെ ട്യൂൺ ചെയ്ത് മാറ്റുന്നത് അപ്പോഴാണ് നക്ഷത്രങ്ങൾ പ്രകാശിക്കുന്നത്.
തമോഗർത്തങ്ങളിൽ താപവും പ്രകാശവും അപ്രത്യക്ഷമാകുന്നു. അവിടെ സൂപ്പർ കൂളിങ്ങ് എന്ന അവസ്ഥയാണ്.

$E=Mc^2$ ൽ ഒതുക്കാൻ കഴിയാത്തതാണ് ന്യൂട്രിക്ക് ആകാശത്തിലെ ഊർജ്ജം ഊർജ്ജത്തിന്റെ അക്ഷയപാത്രമാണ് ന്യൂട്രിക്ക് ആകാശം.

എന്റെ ഭൗതിക ശാസ്തരത്തിൽ വ്യക്തമായ ധാരണയുണ്ട് തമോഗർത്തങ്ങൾ ഊർജ്ജത്തെ ശ്വസിക്കുമ്പോൾ ഊർജ്ജത്തെ വലിച്ചെടുക്കുന്നു. ഊർജ്ജത്തെ നക്ഷത്രങ്ങൾ നിശ്വസിക്കുമ്പോൾ ഊർജ്ജത്തെ പുറംതള്ളുന്നു ഇങ്ങനെയാണ് പ്രപഞ്ചത്തിൽ ഊർജ്ജവ്യവഹാരം നടക്കുന്നത്.

എന്റെ ഭൗതിക ശാസ്ത്രത്തിൽ ഒരു കേന്ദ്രത്തിന് ചുറ്റിലുള്ള ആറ്റം മാതൃകക്ക് പ്രധാന്യമില്ല. പകരം ഊർജ്ജത്തിനെ കൈമാറ്റം ചെയ്യുന്നത് പഞ്ചാഗ്നികളാണ്. ഖരം, ദ്രാവകം, വാതകം എന്നിവയിൽ സൂഷ്മഭാവത്തിൽ ഈ അഗ്നികൾ നിലകൊള്ളുന്നു.

നക്ഷത്രത്തിന്റെ ആയൂസ് നശിക്കുമ്പോഴാണ് തമോഗർത്തങ്ങൾ ഉണ്ടാകുന്നത് അപ്പോൾ നക്ഷത്രത്തിന് ചുറ്റിലുള്ള ഗ്രഹങ്ങളും ഉപഗ്രഹങ്ങളും മറ്റും തമോഗർത്തങ്ങളായി മാറും.

ഊർജ്ജം തരംഗങ്ങൾക്ക് കൂടുന്നത് കൊണ്ടല്ല അവ തുളച്ച് കടക്കുന്നത് മനുഷ്യശരീരത്തൽ എക്സറേ ഗാമ കോസ്മിക്ക് റേഡിയോതരംഗങ്ങളുടെ മറ്റും മീഡിയം അതായത് ഈഥർ ലയിച്ച് ചേർത്തിക്കുന്നത് കൊണ്ടാണ് ആ തരംഗങ്ങൾ മനുഷ്യശരീരത്തിൽ കടന്നുപോകുന്നത് മൃതുലമായ കറുത്തിയത്തിൽ ഈ കിരണങ്ങളുടെ ഈഥർ ലയിച്ച് ചേർന്നിട്ടില്ല. അതുകൊണ്ട് അവസ്തു അതാര്യമായിതീർന്നു.

പക്ഷെ, അവർക്ക് തെറ്റുപറ്റി എന്നി എന്റെ ഭൗതികശാസ്ത്രം വിളിച്ചുപറയുന്നു. പ്രകാശിക ആകാശം ഭൂമിക്ക് ഒപ്പം സൂര്യനെ വലയം വെക്കുന്നു അപ്പോൾ എങ്ങിനെ ഈഥറിന്റെ കാറ്റ് അനുഭവപ്പെടും.

തുടക്കവും അന്ത്യവും അനന്തമായ ഒരു സൈക്കിളാണ് എന്ന് മാസ്പിത്ത് പ്രിൻസിപ്പാൾ വിവരിക്കുന്നു.

## ബ്രഹ്മാവസ്ഥകൾ ആറുവിധത്തിൽ

1. അനന്തമഹാബ്രഹ്മങ്ങൾ 2. മഹാബ്രഹ്മം 3. സ്ഥൂലബ്രഹ്മം 4. സൂക്ഷ്മബ്രഹ്മം 5. കാരണബ്രഹ്മം 6. അനന്തസൂഷ്മബ്രഹ്മങ്ങൾ

## 1. അനന്തമഹാബ്രഹ്മങ്ങൾ

നമ്മുടെ ഈ മഹാബ്രഹ്മം വിഭജിക്കാൻ കഴിയാത്ത വലിയ കണമാണ് എന്നും ഈ ബ്രഹ്മത്തിൽ കാണുന്നതു തന്നെയാണ് അനന്തമഹാബ്രഹ്മങ്ങളിലും കാണുന്നത് എന്നും അനന്തബ്രഹ്മത്തിന്റെ സൂഷ്മദ്രുവത്തിലും അതുതന്നെയാണ് കാണുന്നത് എന്നും മുൻപ് പറഞ്ഞിട്ടുണ്ട്. നമ്മുടെ ബ്രഹ്മം വിഭജിക്കാൻ കഴിയാത്ത അജ്ഞാന കണമാണ് എന്നും അതും ഒരു കോർ തന്നെയാണ് എന്നും ഇങ്ങനെ നമ്മുടെ ബ്രഹ്മം പോലെ അനേകകോടികോടിബ്രഹ്മങ്ങൾ കൂടിചേർന്ന് മറ്റൊരു വലിയ ബ്രഹ്മം ഉണ്ടായിരിക്കുന്നു എന്നും അതും ഒരു നിലയിൽ നോക്കിയാൽ കോർ തന്നെയാണ് എന്നും അങ്ങിനെ പറഞ്ഞ് പറഞ്ഞ് അനന്ത മഹാബ്രഹ്മങ്ങളിലേക്ക് പോയി കൊണ്ടിരിക്കും അവസാനിക്കാതെ അതാണ് അനന്തമഹാബ്രഹ്മങ്ങൾ.

## മഹാബ്രഹ്മം

നഗ്നനേത്രംകൊണ്ടും ടെലസ്കോപ്പുകൊണ്ടും കാണാൻ കഴിയാത്ത ബ്രഹ്മത്തെയാണ് മഹാബ്രഹ്മം എന്നുപറയുന്നത്. നമ്മുക്ക് ടെലസ്കോപ്പുകൊണ്ട് പ്രപഞ്ചത്തിന്റെ കേന്ദ്രഭാഗത്തെയോ പ്രപഞ്ചത്തെ മൊത്തമായോ കാണുവാൻ കഴിയുകയില്ല. അതിന് ദാർശനിക കണ്ണുകൾക്ക് മാത്രമെ കാണുവാൻ കഴിയൂ. മഹാബ്രാഹ്മത്തിന്റെ കേന്ദ്രഭാഗത്ത് ളിമുര എന്ന ഭാഗമുണ്ട് ഇതന്റെ ഘടന അനേകം അജ്ഞാനഗോളങ്ങൾ പരസ്പരം മുട്ടാതെ കൂട്ടിവെച്ചപോലെ തോന്നും ആധുനിക ശാസ്ത്രത്തിന്റെ ന്യൂക്ലിയസിന്റെ ഘടന ഇപ്രകാരമാണ് എന്നാൽ ആധുനിക ശാസ്ത്രത്തിൽ അപാകതകളുണ്ട് അതിനെ മൊത്തത്തിൽ തിരുത്തൽ വരുത്തി കാരണബ്രഹ്മത്തിൽ വിവരിക്കുന്നുണ്ട്.

## സ്ഥൂലബ്രഹ്മം

നമ്മുടെ നഗ്നനേത്രം കൊണ്ട് കാണുവാൻ കഴിയുന്ന ബ്രഹ്മത്തെ സ്ഥൂലബ്രഹ്മം എന്നുപറയുന്നു. തലച്ചോറിലെ മായബന്ധനങ്ങൾ മൂലം ചിലർക്ക് സ്ഥൂലബ്രഹ്മത്തെപ്പോലും വ്യക്തമായി കാണുവാൻ കഴിയുന്നില്ല.

## സൂഷ്മബ്രഹ്മം

നമ്മുടെ നഗ്നനേത്രംകൊണ്ട് കാണുവാൻ കഴിയാത്തതും മൈക്രോസ്കോപ്പ് മുതൽ ഇലക്ട്രോൺ മൈക്രോസ്കോപ്പ് വരെ കാണുവാൻ കഴിയുന്നതും ഇനി വരാൻ പോകുന്ന ശക്തിയേറിയ മൈക്രോസ്കോപ്പ് വരെ കാണുവാൻ കഴിയുന്ന ബ്രാഹ്മത്തെ സൂഷ്മബ്രഹ്മം എന്നുപറയുന്നു.

കാരണബ്രഹ്മം

മൈക്രോസ്കോപ്പിലൂടെ കാണുവാൻ കഴിയാത്ത ബ്രഹ്മത്തെ കാരണബ്രഹ്മം എന്നുപറയുന്നു. ദാർസനിക കണ്ണുകൾക്ക് മാത്രമേ അത് കാണുവാൻ കഴിയൂ.

അനന്തസൂഷ്മബ്രഹ്മങ്ങൾ

അനന്ത അജ്ഞാനദ്രുവത്തിന്റെ ഭാഗമാണ് അനന്തമഹാബ്രഹ്മം. അതുപോലെ അനന്തസൂഷ്മദ്രുവത്തിന്റെ ഭാഗമാണ് അനന്തസൂഷ്മബ്രഹ്മം അത് അനന്തമഹാബ്രഹ്മത്തിന്റെ ആവർത്തനമാണ് അതായത് വലുതിനേ ഉണ്ടാക്കിയിരിക്കുന്നത് ചെറുത് ചെറുത് എന്നുപറഞ്ഞ് അവസാനിക്കാതെ പോവുകയും അതുപോലെ വലുതിനെകൊണ്ട് മറ്റൊരു വലുത് അതിനെകൊണ്ട് മറ്റൊരു വലിയ ബ്രഹ്മം ഉണ്ടാക്കിയിരിക്കുന്നു എന്ന് പറഞ്ഞ് പറഞ്ഞ് പോകുന്നു. അതുകൊണ്ട് ഇവിടെ ചെറുത് വലുത് എന്നതിന് യാതൊരു പ്രസക്തിയുമില്ല. ഒന്നിനെ അപേക്ഷിച്ച് മറ്റൊന്ന് വലുത് ചെറുത് എന്ന് പറയുവാനെ കഴിയൂ. അരവിന്ദദർശനം ഭാഗം നാല് ഉപനിഷത്ത് വ്യാഖ്യാനം എന്നതിലെ മായ എന്ന ഖണ്ഡികയിലെ ഒരു വാക്യം ഇതാ, ശാസ്ത്രത്തിന്റെ സത്യാന്വേഷണം ഇവിടെയൊന്നും അവസാനിക്കുന്നില്ല. ഒരു സൂഷ്മപ്രപഞ്ചത്തിന്റെ പ്രതിബിംബമാണ് നമ്മുടെ പ്രപഞ്ചമെന്ന് അത് തെളിയിച്ചേക്കാം, ആ സൂഷ്മ പ്രപഞ്ചത്തിനുതന്നെ നിദാനമായി കൂടുതൽ നിഗൂഢവും വിപുലവുമായ മറ്റൊരു പ്രപഞ്ചം ഉണ്ടായെന്നും വരാം. അരവിന്ദദർശനം ഇന്ന് ഇതാ യാഥാർത്ഥ്യമായിരിക്കുന്നു.

## ചക്രവർത്തനം അഥവാ ചുഴവർത്തനത്തിലൂടെ വളയുന്ന പ്രപഞ്ചം

ചുഴവർത്തനം എന്നാൽ ഒരു തരം അപവർത്തനമാണ് ഈഥറിന്റെ ചുഴറ്റൽ മൂലം ഉണ്ടാകുന്ന അപവർത്തനമാണ്. ഈഥർ ചുഴറ്റുന്ന ദിശയിൽ പ്രകാശം വളയുന്നു അപ്പോൾ നക്ഷത്രങ്ങളുടെ പ്രകാശം സൗരയൂഥത്തിൽ പ്രവേശിച്ചാലും സൂര്യപ്രകാശം സൗര്യയൂഥത്തിൽ വ്യാപിച്ചാലും പ്രകാശം ആരു ചുഴലിലൂടെ ആകൃതിയിൽ വളയുന്നു. ഇതിന് കാരണം മുമ്പ് ഞാൻ വിവരിച്ചിട്ടുണ്ട്. അപ്പോൾ സൂര്യപ്രകാശം സൗരയൂഥത്തിൽ വരക്കേണ്ടത് നേരെയല്ല ഈഥേൻ ചുഴറ്റുന്ന ദിശയിൽ വളച്ചാണ് വരക്കേണ്ടത്. അങ്ങിനെ വരുമ്പോൾ പ്രകാശം എന്ന മാനദണ്ഡം ഉപയോഗിച്ച് ഭൂമിക്കും സൂര്യനുമിടയിലെ ദൂരം കൃത്യമായി കണക്കാക്കാൻ സാദ്ധ്യമല്ല, കാരണം സൂര്യനുചുറ്റുമുള്ള ഈഥർ ഗ്രഹങ്ങൾക്കൊപ്പം കറങ്ങുകയാണല്ലോ. കറങ്ങുന്ന ഈഥറിൽ അഥവാ ആകാശത്തിൽ പ്രകാശം വളഞ്ഞു സഞ്ചരിക്കുന്നതോടൊപ്പം പ്രകാശം കൂടുതൽ ദൂരം സഞ്ചരിക്കുകയും ദൂരത്തിന് അനുസരിച്ച് ആയതി കുറയുകയും ചെയ്യുന്നു. അതുകൊണ്ട് ഭൂമിയും സൂര്യനും തമ്മിലുള്ള അകലം പ്രകാശം എന്ന മാനദണ്ഡം ഉപയോഗിച്ച് അറിയുവാൻ കഴിയില്ല എന്ന് മനസ്സിലായില്ലേ. ഭൂമിയും സൂര്യനും ഇടയിലുള്ള യഥാർത്ഥ അകലം കിട്ടണമെങ്കിൽ ഈഥറിന്റെ ചുഴറ്റൽ വേഗത കിഴിക്കണം. അതിന് പുതിയ ഗണിത സംവിധാനം കൊണ്ടുവന്നാലെ സാധ്യമാകുകയുള്ളു. സൗര്യയൂഥത്തിന്റെ ഏത് ദിശയിലും നക്ഷത്രപ്രകാശം പ്രവേശിച്ചാലും കൂടുതൽ ദൂരം സഞ്ചരിച്ച് ആയതി ക്രമമായി കുറയുന്നതല്ലാതെ ഗ്രഹം സഞ്ചരിക്കുന്ന ഏത് ഭാഗത്തുനിന്നും വ്യത്യസ്ഥ സമയങ്ങളിൽ ഒരെ നക്ഷത്രത്തിന്റെ ആയതി അളന്നാലും ഒരു വ്യത്യാസവും ഉണ്ടായിരിക്കുകയില്ല. ഇതിന് കാരണം ഈഥർ ചുഴറ്റലാണ്. എന്നാൽ ഭൂമിയിൽ പതിക്കുന്ന നക്ഷത്രപ്രകാശത്തിന്റെ ആയതിയും പ്ലൂട്ടോയിൽ പതിക്കുന്ന അതേ നക്ഷത്രപ്രകാശ ആയതിയും തമ്മിൽ വ്യത്യാസം കാണിക്കും. ഇങ്ങനെ മാത്രമേ ആയതി വ്യത്യാസം കാണിക്കുകയുള്ളു. ചക്രവർത്തനം സൗരയൂഥത്തിൽ നടക്കുന്നു എന്നതിന്റെ ഒറ്റ തെളിവാണ് ഭൂമി സഞ്ചരിക്കുന്ന ഏത് ദിശയിലും നക്ഷത്ര ആയതി വ്യത്യാസമില്ലാത്തത് ഈഥർ നിശ്ചലം എന്ന് സൂചിപ്പിച്ചതുകൊണ്ടാണ്. ഇങ്ങനെ ഒരു തെറ്റ് ആധുനികശാസ്ത്രത്തിന് സംഭവിച്ചത് ഇതുപോലെ ആകാശഗംഗയിലും സംഭവിക്കുന്നുണ്ട്. അതുകൊണ്ട് നാം കാണുന്ന നക്ഷത്രങ്ങളും സൂര്യനും ഗ്രഹങ്ങളും യഥാർത്ഥ സ്ഥാനത്ത് അല്ല എന്ന് മനസ്സിലായില്ലെ. ഓരോ ഗ്രഹത്തിൽ ഇരുന്നുകൊണ്ട് അതിന്റെ വേഗതയെ അടിസ്ഥാനമാക്കി ആയതി വ്യത്യാസം നോക്കിയാൽ നക്ഷത്രത്തിന്റെ ആയതി വ്യത്യാസം കാണുകയില്ല എന്ന് മനസ്സിലായില്ലെ. സൗരയൂഥത്തിന്റെ ചുറ്റുമുള്ള ഈഥർ ചുഴറ്റൽ താഴെ ചിത്രീകരിക്കുന്നു. ഓരോ ഗ്രഹത്തിനും പതിക്കുന്ന നക്ഷത്രത്തിന്റെ ആയതി വ്യത്യാസം കണ്ടുപിടിക്കണമെങ്കിൽ അതിനുവേണ്ടി നാസ ഒരു കൃത്രിമോപഗ്രഹം തൊടുത്തുവിട്ടാലേ അത് അറിയാകഴിയൂ. ഈഥറിനെ അറിയാൻ കഴിയുന്ന യഥാർത്ഥ വസ്തുനിഷ്ഠ രീതി പരീക്ഷിക്കപ്പെടാൻ പോകുന്നതേയുള്ളൂ.

## അനന്തതയെക്കുറിച്ചുള്ള വേദസമന്വയം

സമ്പൂർണ്ണമായ ബ്രഹ്മണ്ഡത്തെ നീക്കിയാൽ സമ്പൂർണ്ണമായ അനന്തകോടി ബ്രഹ്മാണ്ഡങ്ങൾ ശേഷിക്കും. അതുപോലെ ഒന്നിനെ മുറിച്ചുമാറ്റിയാൽ ഒന്ന് ശേഷിക്കും അത് തുടർന്ന് ചെയ്താൽ അനേകം ഒന്നുകൾ ശേഷിക്കും എന്നാൽ മുറിയുന്ന മൂലസമുച്ചയത്തിന്റെ ഘടന

പൂർണ്ണമായിരിക്കാം. പക്ഷെ സമ്പൂർണ്ണമായിരിക്കുകയില്ല മുറിയാത്ത മൂലസമുച്ചയത്തിന്റെ ഘടന സമ്പൂർണ്ണമായിരിക്കും. അതായത് കോറിന്റെ ഘടന കോർ എന്നത് ഒരു ബ്രഹ്മാണ്ഡം തന്നെയാണ് കോറിൽനിന്ന് കോറിലേക്ക്  മൂലസമുച്ചയത്തിന്റെ ഘടന അനന്തമായി നീളുന്നു. അനന്തതക്ക് രണ്ട് ധ്രുവങ്ങളുണ്ട്. ഒന്ന് സൂഷ്മധ്രുവവും അജാനധ്രുവവും സൂഷ്മധ്രുവത്തിലേക്ക് പോയികൊണ്ടിരുന്നാൽ അവസാനം കോറിൽ തട്ടിനിൽക്കും ഒരടിപോലും വയ്ക്കാൻ കഴിയുകയില്ല അവിടെ സ്ഥലം അവസാനിക്കുന്നു കാലം. അതിൽമുട്ടി അവസാനിച്ച് വീണ്ടും ചക്രം ആവർത്തിക്കുന്നു. സ്ഥലം അവിടെ അവസാനിക്കുമ്പോൾ ദ്രവ്യമാനം അതിന്റെ പരമകോടിയിൽ എത്തുന്നുണ്ട്. അവിടെ വ്യാപ്തം പൂജ്യത്തിന് സമാനമാകുന്നു. പക്ഷെ ഇത് പ്രപഞ്ചത്തിന്റെ കേന്ദ്രഭാഗത്തു മാത്രമേ ദ്രവ്യമാനം പരകോടിയിലെത്തുന്നുള്ളു എങ്കിലും പ്രപഞ്ചത്തിന്റെ മഹാസങ്കേച സമയത്താണ് ദ്രവ്യമാനം പരമകോടിയിലെത്തുന്നത് സൂക്ഷ്മ ദ്രുവം പ്രപഞ്ചത്തിന്റെ കേന്ദ്രഭാഗത്തുമാത്രം ഒതുങ്ങുന്നതല്ല പ്രപഞ്ചത്തിലാകമാനം  നിറഞ്ഞുനിൽക്കുന്ന ഒന്നാണ് എന്നാൽ ദ്രവ്യമാനം പ്രപഞ്ചത്തിലെ പലസ്ഥങ്ങളിലും ഉയർന്നും താഴ്ന്നും ഇരിക്കും. ഇനി അജാന ധ്രുവത്തിലേക്ക് പോയാൽ എംഫീൽഡിൽ തട്ടിനിൽക്കും. മുന്നോട്ട് ഒരു അടിപോലും വെക്കാൻ സാധ്യമല്ല. അവിടെ സ്ഥലം അവസാനിക്കുന്നു. കാലം അതിൽമുട്ടി ചക്രം ആവർത്തിക്കുന്നു. എന്നാൽ ഇവിടത്തെ വ്യാപ്തം സങ്കൽപ്പിക്കാൻ കഴിയാത്ത അത്ര ഉയർന്നതാണ് ദ്രവ്യമാനം സങ്കൽപ്പിക്കാൻ കഴിയാത്ത അത്രേം താഴ്ന്നതാണ്. ഈ രണ്ട് ആശയത്തിൽ മാത്രമേ ഈ രണ്ട് ധ്രുവങ്ങളും വ്യത്യാസപ്പെട്ട് നിൽക്കുന്നുള്ളു. ദ്രവ്യത്തിന് മുറിയാൻ കഴിയാതെ അഥവാ വിഭജിക്കാൻ കഴിയാതെ ഒറ്റപ്പെടുന്ന അവസ്ഥയാണ് സിങ്കുലാരിറ്റി.

## നിശ്ചലവും ദൃഢവുമായ ആകാശം

നിശ്ചലവും ദൃഢവുമായ ഒരു ഈഥർ അഥവാ ആകാശമുണ്ട് എന്നത് വേദങ്ങളുടെ കാലം മുതൽ അരിസ്റ്റോട്ടിലിന്റെ കാലം തുടർന്ന് 19-ാം നൂറ്റാണ്ടുവരെ വിശ്വസിച്ച് പോന്ന ആശയമാണ്. ഈ നിശ്ചലവും ദൃഢവുമായ ആകാശത്തിൽ പ്രകാശം സഞ്ചരിക്കുന്നു എന്ന് വേദങ്ങളിലും പരാമർശിച്ച് കാണുന്നില്ല. നിശ്ചലവും ദൃഢവുമായ ആകാശം ഉണ്ട് എന്ന് മാത്രമേ പറഞ്ഞിട്ടുള്ളു. എന്നാൽ ഇതിൽ ചലനമുള്ള ആകാശവും ഉൾപ്പെട്ടിരുന്നു. അത് അറിയാതെയാണ് ഹൈഗൺസ് നിശ്ചലവും ദൃഢവുമായ ആകാശത്തെ പ്രകാശവാഹിയാക്കിയത്. നിശ്ചലവും ദൃഢവുമായ ആകാശത്തെ പുതിയ ക്ലാസിക്കൽ ശൈലി ശരിവെക്കുകയും ചെയ്യുന്നു. നിശ്ചലവും ദൃഢവുമായ ആകാശത്തിൽ യാതൊരു തരംഗചലനവും സാധ്യമല്ല എന്നും എന്നാൽ പ്രപഞ്ചവികാസം തെളിയിക്കാൻ ഈ ആകാശം ആവശ്യമാണ് എന്നും പുതിയ ക്ലാസിക്കൽ ശൈലി പറയുന്നു. ഈ ആകാശത്തെ ജഢ ആകാശം എന്നും ജഢ ഈഥർ എന്നും ജഢകാന്തികമണ്ഡലം എന്നും വിളിക്കുന്നു. പ്രപഞ്ചവും ജഢകാന്തിക ആകാശവും അണ്ഡച്ഛേദവുമായി താരതമ്യപ്പെടുത്തി വിശദീകരിക്കുന്നു. ഈ താരതമ്യപ്പെടുത്തലിൽ നിന്ന് ഒരു കാര്യം മനസ്സിലാക്കുന്നു. പ്രപഞ്ചത്തെ വേദങ്ങൾ അണ്ഡകടാഹം എന്ന് വിളിച്ചത് വെറുതെയല്ല. സൗരയൂഥമടക്കമുള്ള ഈഥറിന്റെ ചുഴറ്റൽ മൂലമാണ് ഭൂമിയുടെ പരിക്രമണവേഗതയിൽ നക്ഷത്ര ആയതി വ്യത്യാസമില്ലാത്തത്. വേഗത കൂടുന്തോറും ഒരു വസ്തുവിന്റെ മാസ് വർദ്ധിക്കുകയല്ല മറിച്ച് വസ്തുവിന്റെ നീളം വർദ്ധിക്കുന്നു. അതിന്റെ കാരണം വസ്തുവിന്റെ  സഞ്ചാരദശയിലെ രോധ വ്യത്യാസമാണ്. ഈഥർ എന്ന സങ്കൽപ്പം അന്നുകാലത്തെ ശാസ്ത്രജ്ഞൻമാരുടെ യുക്തിയിൽ ദഹിക്കാതെ പോയി അതുകൊണ്ടാണ് ഈഥർ എന്ന ആശയത്തെ തളിയത്. ശൂന്യത സൃഷ്ടിച്ച് അവിടെ ഒരു ക്ലാസ്സിക്കൽ ചലനം അവതരിപ്പിക്കുക അസാധ്യമാണ്. ആർബർട്ട് ഐൻസ്റ്റീന്റെ അന്യമേയ ചിന്തയിലൂടെ ശൂന്യത സൃഷ്ടിച്ചാലും ഗുരുതരമായ ആശയകുഴപ്പങ്ങളിലേക്കായിരിക്കും ചെന്ന് എത്തുക.  പയോൺ ബോഡി എന്നത് വേദങ്ങളിൽ പറയുന്ന കാരണശരീരമാണ്. കാരണ ശരീരമെന്നാൽ സൂഷ്മഭൗതികശരീരമാണ്. ഇത്രയും ഉയർന്ന ആശയത്തിൽ ആധുനിക രസതന്ത്രത്തിനോ ജീവശാസ്ത്രത്തിനോ എത്താൻ കഴിഞ്ഞിട്ടില്ല. ക്ലാസ്സിക്കലിൽ അധിഷ്ടിതമായ ഗണിത സമ്പ്രദായമായിരിക്കണം ഇനി ഭൗതികശാസ്ത്രത്തിൽ കൊണ്ടുവരേണ്ടത്.

### ആധുനിക ഭൗതികശാസ്ത്രത്തെ കളിയാക്കി പറഞ്ഞിട്ടുള്ള അവിന്ദദർശനം ഭാഗം അഞ്ച് മഹാസമുന്നയത്തിലെ ഒരു ഭാഗം

ഭാരതത്തിലെ തത്വചിന്തകൻ ദാർശനികനാണ് എന്നും അങ്ങിനെയായിരുന്നുതാനും. ദാർശനികനു മിസ്റ്റിക്കാകാതിരിക്കുക വയ്യ. എന്തെന്നാൽ ദാർശനികൻ അറിയുന്ന സത്യം, സാക്ഷാത്കരിക്കുന്ന സത്യം ആദ്ധ്യാത്മികസത്യമായിരിക്കും. അങ്ങിനെയെങ്കിൽ സത്യം അത് ആത്മനിഷ്ഠമായിപ്പോവുകയില്ല എന്നാണ് പാശ്ചാത്യചിന്തകരുടെ ഭയം. വസ്തുനിഷ്ടമല്ലാത്തത് എങ്ങിനെ സത്യമാകും? രണ്ടാമതൊരാളിനു പരീക്ഷിച്ച് സത്യാപനം ചെയ്യാനൊക്കാത്തത് സത്യമാകുന്നതെങ്ങനെ? ഉറച്ച ഒരു ഗണിതശാസ്ത്രസൂത്രമാണ് സത്യമെന്നും ബാഹ്യരീതികളിലൂടെ ആർക്കും എപ്പോഴും അതിന്റെ സത്യം പരീക്ഷിച്ചുനോക്കാമെന്നുമുള്ള ബുദ്ധിസങ്കൽപ്പമാണ് ഇങ്ങനെയൊരു നിലപാടിനു കാരണം. പരമസത്യം ആത്മനിഷ്ഠ തന്നെയാണ്. അതുകൊണ്ട് മറ്റാർക്കും അത് പരീക്ഷിച്ചറിയാനൊക്കുകയില്ലെന്ന് ധരിക്കേണ്ടതില്ല. പക്ഷേ പ്രകൃതി ശാസ്ത്രജ്ഞന്റെ  വസ്തുനിഷ്ഠ രീതികളുപയോഗിച്ചുള്ള പരീക്ഷണങ്ങൾക്ക് അത് വഴങ്ങുന്നതല്ല, (മൈക്കളിൾസൺ, മോർലി പരീക്ഷണം  വസ്തുനിഷ്ഠമായിരുന്നു എങ്കിലും അവർക്കുപിഴച്ചു.) മറ്റു രീതികളുണ്ട് (യഥാർത്ഥ വസ്തു നിഷ്ഠ രീതി ഇനിവരാൻ പോകുന്നതേയുള്ളൂ. അതിന്റെ കരട് രേഖ എന്റെ മനസ്സിൽ ജനിച്ചുകഴിഞ്ഞു.)  ആ രീതികളിൽ അനേകം പേർ സത്യാപാനം ചെയ്തിട്ടുണ്ട്. (അതിൽ ഒരാളാണ്  ഞാൻ) അതാണല്ലോ ഋഷിമാർക്ക് സമാനാമുഭൂതികൾ ഉണ്ടായിട്ടുള്ളത്. ഈ അനുഭൂതികളെല്ലാം എപ്പോഴും ഒരേ അച്ചിൽ വാർത്തെടുത്തിട്ടുള്ളവയാകില്ല. കാരണം മുമ്പ് പറഞ്ഞതുപോലെ ഗണിത ശാസ്ത്രസിദ്ധാന്തത്തിലോ തർക്കസൂത്രങ്ങലിലോ തളച്ചിടാവുന്നതല്ല ആത്യന്തിക്കയാഥാർത്ഥ്യം. പരമസത്യത്തിന്റെ ആവിഷ്കാരം ബഹുമുഖരീതികളിലാണ്. അങ്ങിനെ ആവാതിരിക്കാനും വയ്യ. എന്തെന്നാൽ അനന്തമായ ആവിഷ്കരണ സാദ്ധ്യത ആത്യന്തിക യാഥാർത്ഥ്യത്തിന്റെ അവശ്യലക്ഷണമാകുന്നു. പഴയ മൂല ആശയങ്ങളെ സംരക്ഷിക്കാൻ ഇനിയും പുതിയ സിദ്ധാന്തങ്ങൾ ജനിക്കും എന്നാണ് ഇതിന്റെ അർത്ഥം.

### ആകാശം എന്ന സത്യം

ഭൂമി ഭ്രമണം ചെയ്യുമ്പോൾ ഭൂമദ്ധ്യരേഖയുടെ അവിടെ ഒരു സെക്കന്റിൽ 400 മീറ്റർ വേഗതയിലാണ് ചലിക്കുന്നത്. അപ്പോൾ എന്തുകൊണ്ടാണ് അന്തരീക്ഷത്തിന്റെ കാറ്റ് ഭൂമിക്ക് അനുഭവപ്പെടാത്തത്. അതിന്റെ കാരണം നിങ്ങളിൽ പലർക്കും അറിയാം. എന്നാൽ പണ്ടുകാലത്തെ മനുഷ്യർ ചിന്തിച്ചത് ഇങ്ങനെയല്ലായിരുന്നു. അവർ തെറ്റായ സിദ്ധാന്തത്തിന്റെ ചുവട് പിടിച്ച് ചിന്തിച്ചപ്പോൾ അവർ ഒരു നിഗമനത്തിൽ എത്തിചേർന്നു. ഒന്നുകിൽ ഭൂമിയിൽ വായുവില്ല അല്ലെങ്കിൽ ഭൂമി കറങ്ങുന്നില്ല എന്നാൽ വായു എന്ന സത്യത്തെ ഇന്ദ്രിയങ്ങൾക്ക് അറിയുവാൻ കഴിയുന്നതുകൊണ്ട് വായു എന്ന സത്യത്തെ അവർ അംഗീകരിച്ചു. അവസാനം ഭൂമി ചലിക്കുന്നില്ല ഭൂമിയെ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ചുറ്റുകയാണ് എന്ന തെറ്റായ സിദ്ധാന്തത്തിന് ഒരു അടിസ്ഥാനമുണ്ടായി. ഒരു പക്ഷെ ഇങ്ങനെയായിരിക്കാം. ഭൂമി കറങ്ങുന്നില്ല എന്ന ആശയത്തിന് ബലമുണ്ടായത്. പഴയകാലത്തെ മനുഷ്യർക്ക് പറ്റിയ തെറ്റ് പുതിയ കാലത്തിൽ പുതിയ രൂപത്തിൽ അവതരിച്ചു അതാണ് മൈക്കൽസൺ മോർലി പരീക്ഷണം ഈഥർ കാറ്റ് അനുഭവപ്പെടാത്തത് സൂര്യഗുരുത്വം മൂലമാണ് എന്ന് മൈക്കൽസൺ മോർലി ചിന്തിച്ചില്ല. അതുകൊണ്ട് മറ്റൊരു വഴിയെ അവരുടെ ചിന്തകൾ പോയി. ഭൂമി സൂര്യനെ ചുറ്റുന്നില്ലെന്ന നിഗമനത്തിൽ എത്തിചേരാൻ കഴിയുകയില്ല കാരണം അത് ഒഴിച്ചുകൂടാൻ പറ്റാത്ത സത്യമായി മാറികഴിഞ്ഞിരുന്നു. മനുഷ്യ ഇന്ദ്രിയങ്ങൾക്ക് ഈഥറിനെ അറിയുവാൻ കഴിയാത്തതുകൊണ്ട് ഈഥറിനെ അവർ നിഷേധിച്ചു. ആൽബർട്ട് ഐൻസ്റ്റീൻന്റെ സിദ്ധാന്തങ്ങൾ അതിന് കൂടുതൽ ശക്തി പകർന്നു. നൂറ് വർഷം നിലനിൽക്കാൻ. അതുകൊണ്ടൊന്നും പഞ്ചഭൂത സത്യം ഇല്ലാതാകുന്നില്ല അത് കൂടുതൽ ശക്തിയോടെ മുളച്ച് പൊന്തും. ഈഥർ എല്ലാ ഭൂതങ്ങളിലും അടങ്ങിട്ടുണ്ട്. അത് ശരി തന്നെ. പക്ഷെ ഈഥറിൽ മൂന്നന് തരക്കാരുണ്ട്. അതിൽ ഒന്നാമത്തെ തരക്കാർ എല്ലാ ഭൂതങ്ങളിലും ലയിച്ച് കാണുന്നില്ല അതാണ് ഇലണിക്ക് ഈഥർ, രണ്ടാമത്തെ തരക്കാർ എല്ലാ ഭൂതങ്ങളിലും അൽപ്പം ലയിച്ച് കാണുന്നു.

അതാണ് പ്രോണിക്ക് ഈഥർ, മൂന്നാമത്തെ തരക്കാർ എല്ലാ ഭൂതങ്ങളിലും നന്നായി ലയിച്ച് കാണുന്നു ഇതാണ് ന്യൂട്രിക് ഈഥർ. എല്ലാ ഭൂതങ്ങളിലും നന്നായി ലയിച്ച് കാണുന്നതുകൊണ്ട് ഇതിലെ തരംഗങ്ങൾ ഖരം, ദ്രാവകം, വാതകം എന്നിവയിൽ ഒരു പ്രതിരോധമോ അപവർത്തനമോ ഉണ്ടാക്കുന്നില്ല. മാത്രമല്ല ഇലണിക്കിനെക്കാളും പ്രോണിക്കിനേക്കാളും ഭാരം കുറഞ്ഞതും ഘർഷണരഹിതവുമാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള മാധ്യമത്തിൽ ഒരു തരംഗമുണ്ടായാൽ അത് ഉയർന്ന അളവിൽപോലും ജൈവഇന്ദ്രിയങ്ങൾക്ക് ഗ്രഹിക്കാൻ കഴിയാത്തതും ഭാവിയിലെ അത്യാധുനിക ഉപകരണങ്ങൾക്കുപോലും ഗ്രഹിക്കാൻ കഴിയാത്തതാണ്  ഈ തരംഗങ്ങൾക്ക് നക്ഷത്രങ്ങളും ഗ്രഹങ്ങളും സുതാര്യവസ്തുക്കളാണ് നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും ട്യൂണിങ്ങ്കോർ മാത്രമേ അതാര്യത പ്രകടമാക്കുന്നുള്ളൂ. ഈ മായ മാധ്യമത്തിലെ തരംഗം പ്രകാശമല്ല എന്നു ഞാൻ എടുത്തുപറയുന്നു. ഇക്കാര്യത്തിൽ ഹൈഗൺസിന് ചെറിയ ഒരു തെറ്റ് പറ്റി എന്നുമാത്രം. പിന്നീടുള്ളവർ ഈ തെറ്റ് തിരുത്താതെ മറ്റു സിദ്ധാന്തങ്ങളുടെകൂടെ പോയത് വലിയ അപകടത്തിന് കാരണമായി. അത് ആധുനിക ശാസ്ത്രം തിരിച്ചറിയാത്തതാണ് അത്ഭുതം.

## ഇപ്പോഴത്തെ ഭൗതികശാസ്ത്രത്തിന് എന്താണ് സംഭവിച്ചത്

സത്യാന്വേഷണത്തിന്റെ തീവ്രമായ ഒരു കാലഘട്ടത്തിനുശേഷം ശൈഥില്യത്തിന്റെയും ആലസ്യത്തിന്റെയും യുഗങ്ങൾ ആവിർഭവിക്കുന്നുവെന്നതാണ് ആ വസ്തുത. സാക്ഷാത്കരിക്കപ്പെട്ട സനാതനസത്യങ്ങൾ മൺമറിഞ്ഞു പോകുന്നു. ആ സത്യങ്ങളെ ആവിഷ്കരിച്ച ബാഷാശൈലികൾക്കൂടി അന്യമായി ഭവിക്കുന്നു. മാത്രവുമല്ല പ്രകാശം പൊലിഞ്ഞു അപരുപത്യവും അയുക്തികതയും അവശേഷിച്ചു. ഏതാണ്ട് മൺമറഞ്ഞു കഴിഞ്ഞിരുന്ന പ്രതീകാത്മകതയെ വ്യാഖ്യാനിക്കാൻ ശ്രമിച്ചപ്പോൾ കൂടുതൽ അവ്യക്തവും തമോവൃതവുമായ പുതിയ പ്രതിരൂപാത്മകതയിലേക്കാണവ വഴുതിവീണത്. ഭൗതികശാസ്ത്രപഠനങ്ങളെ വിശദീകരിക്കാൻ അങ്ങനെ അവ അസമർത്ഥങ്ങളായി ഭവിച്ചു. മൺമറിഞ്ഞ സത്യങ്ങളെ മനസ്സിലാക്കാൻ ഉപകരിക്കുന്ന അന്തർജ്ഞാനവും നിങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഈ പരിത:സ്ഥിതിയിൽ ഭൗതികശാസ്ത്രപണ്ഡിതമതവും രസതന്ത്ര പണ്ഡിതമതവും പലപ്പോഴും ഒരു കെണിയായി ഭവിച്ചു. പരിമിതമായ മനുഷ്യബുദ്ധിക്കതീതമെങ്കിലും ആത്യന്തിക യാഥാർത്ഥ്യം സാക്ഷാത്കരിക്കപ്പെടാനാവാത്തതല്ല എന്നതത്രേ ഉപനിഷത്തുകളുടെ നിലപാട്.  അത് എന്റെ ഭൗതികശാസ്ത്രത്തിലൂടെ ഉപനിഷത്തുക്കളുടെ പ്രവചനം യാഥാർത്ഥ്യമായി. ഉപനിഷത്തന്റെ ഭാഷ ആത്മാവിന്റെ ഭാഷയാകുന്നു. നാം മറന്നുകഴിഞ്ഞിരിക്കുന്ന ഭാഷ അതേസമയം ഉപനിഷത്തുകളെ സംബന്ധിച്ചുള്ള അപദ്ധധാരണകൾ ചിട്ടപ്പെടുത്തിയെടുക്കുന്നതിൽ പാശ്ചാത്യർ വിജയിച്ചിരിക്കുകയാണ്. ഈ ചിട്ടപ്പെടുത്തലിൽ ആഹ്ലാദം പൂണ്ട ഭാരതീയർ ഉപനിഷദ്ദർശനാർത്ഥം പാശ്ചാത്യപാതയിലൂടെ നടന്നുനീങ്ങുന്ന കാഴ്ച അത്യന്തം ദയനീയമാണ്.

## വാശമണ്ഡലം എന്നാൽ എന്ത്

വായുവിനും ആകാശത്തിനും ഇടയിലുള്ള അവസ്ഥയാണ് വാശം വളരെ സാന്ദ്രത കുറഞ്ഞ അന്തരീഷമണ്ഡലമാണ് വാശം. ഭൂമിയുടെ വാശമണ്ഡലം 200 കിലോമീറ്ററിൽ തുടങ്ങി 1728 കിലോമീറ്റർ വരെ വ്യാപിച്ച് കിടക്കുന്ന മണ്ഡലമാണ് വാശമണ്ഡലം. 4 അടരുകളായിട്ടാണ് ഭൂമിയിൽ നിലനിൽക്കുന്നത്. ഒന്നാമത്തെ വാശമണ്ഡലം 432 കിലോമീറ്ററും, 4-മത്തെ വാശമണ്ഡലം 1728 കിലോമീറ്ററുമാണ്. 864 കിലോമീറ്ററിൽ തുടങ്ങുന്ന വാശമണ്ഡലം വിഷമാണ്. മാരകവികിരണങ്ങൾ ഉൾക്കൊള്ളുന്ന മണ്ഡലമാണ് ഇത്. 1728 കിലോമീറ്ററിന് മുകളിലുള്ള മണ്ഡലത്തെ വാകാശമണ്ഡലം എന്നുപറയുന്നു. ഇതി 2592 കിലോമീറ്റർ വരെ വ്യാപിച്ച് കിടക്കുന്നു. വാകാശം എന്നാൽ അതിന് ആകാശത്തിനോടാണ് ചായ്‌വ്. അതുകൊണ്ട് അത് വാകാശം 200 കിലോമീറ്റർ മുതൽ 864 കിലോമീറ്റർ വരെയുള്ള വാശമണ്ഡലത്തിൽ മാരകവികിരണങ്ങൾ പ്രതിഫലിച്ച് പോവുകയോ നിഷ്ക്രിയമാവുകയോ ചെയ്യും. പ്രാണിക്ക് ആകാശം ലയിച്ചുചേരാത്തതും അതേസമയം ഇലണിക്ക് ആകാശം കൂടുതൽ ലയിച്ചിരിക്കുന്ന വാശമണ്ഡലത്തെ ഇലസോൺ എന്ന് വിളിച്ചു. ഓസോൺ മാത്രമല്ല ഭൂമിയെ രക്ഷിക്കുന്നത്, ഇലസോണും ഭൂമിയെ രക്ഷിക്കുന്നു. മാരകവികിരണങ്ങളിൽനിന്ന് ഇലസോൺ നമ്മെ രക്ഷിക്കുന്നുണ്ടെങ്കിലും അൾട്രാവയലറ്റ് കിരണത്തെ ഇലസോൺ കടത്തിവിടുന്നു. ഇപ്പോൾ മനസ്സിലായില്ലേ ഭൂമിക്ക് ഒരു കുടയല്ല രണ്ട് കുടയുണ്ട്. മറ്റു ഗ്രഹങ്ങൾക്കും വാശമണ്ഡങ്ങളുണ്ട്. അവയിൽ ഏത് ആകാശമാണോ ലയിച്ച് ചേർന്നിരിക്കുന്നത് അതിന് അനുസരിച്ച പേരായിരിക്കും വാശമണ്ഡലത്തിന് ലഭിക്കുക. ഇലസോണിന് മുകളിലുള്ള വാശമണ്ഡലം വിഷമായതുകൊണ്ട് മനുഷ്യനോ ജീവികൾക്കോ പോകാൻ ആവില്ല. ഉള്ളിലേക്ക് മാരകവികിരണങ്ങൾക്ക് കടക്കാൻ കഴിയാത്ത ഫുൾ സീലഡ് ഷട്ടിലിൽ മാത്രമേ മനുഷ്യനെയും വഹിച്ചുകൊണ്ട് 864 കിലോമീറ്ററിന് അപ്പുറത്ത് പറക്കാൻ ആവു. ഷട്ടിലിനു പുറത്ത് വിഷമയമായ വാശമണ്ഡലത്തിൽ നിൽക്കണമെങ്കില്ലോ, നടക്കണമെങ്കിലോ. ലെഡ്കോട്ടഡ് ബഹിരാകാശവസ്ത്രവും ഹെൽമെറ്റിന്റെ ഉള്ളിൽ വീഡിയോ സ്ക്രീനും സാധ്യമാക്കിയാലേ ചന്ദ്രനിലും സൂര്യഗുരുത്വാകാശത്തിലും നടക്കുവാനോ ആകാശത്തെ വീക്ഷിക്കുവാനോ സാധ്യമാവുകയുള്ളു. ചന്ദ്രനിൽ ഇറങ്ങി എന്ന് അവകാശപ്പെട്ട ബഹിരാകാശസഞ്ചാരികളുടെ വസ്ത്രം എയർടൈറ്റായി കാണുന്നവിധത്തിലല്ല ചിത്രത്തിൽ കാണുന്നത്. ചുക്കിചുളിഞ്ഞാണ് കാണുന്നത്. ചന്ദ്രന്റെ വാശമണ്ഡലത്തിൽ വളരെ താഴ്ന്ന വായു മർദ്ധമാണ് ഉള്ളത്. അതുകൊണ്ട് എന്താണ് സംഭവിക്കുക എന്നത് ആധുനിക ശാസ്ത്രം തന്നെ വിവരിക്കുന്നുണ്ടല്ലോ. വിഷകരമായ വാശമണ്ഡലത്തെ അതിജീവിക്കുന്ന ഒരു ഷട്ടിൽപോലും അമേരിക്ക ഇതുവരെ നിർമ്മിച്ചിട്ടില്ല. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായില്ലേ ചന്ദ്രനിൽ മനുഷ്യൻ ഇറങ്ങി എന്ന അമേരിക്കയുടെ അവകാശവാദം ശുദ്ധനുണയാണ്. സിദ്ധാന്ത ശിരോമണിയാൽ ഭാസ്കരാചാര്യൻ ഭൂമിക്ക് 12 ആവണങ്ങളുണ്ട് എന്നും അതിൽ 12-മത്തേത് വിഷമാണ് എന്നും പറഞ്ഞു. അത് എന്റെ വാശമണ്ഡലസിദ്ധാന്തത്തിൽ ശരിയായി.

## മൊബൈൽ തരംഗങ്ങൾ മാരകവികിരണമായത് എങ്ങിനെ?

റേഡിയോ തരംഗങ്ങൾക്ക് മനുഷ്യശരീരവും കോൺക്രീറ്റും പാറയും മറ്റും സുതാര്യ വസ്തുക്കളാണ് എന്ന് മനസ്സിലാക്കാതെ റേഡിയോ തരംഗങ്ങൾ മനുഷ്യശരീരത്തെ തുളച്ച് കടക്കുന്നു എന്നതുകൊണ്ട് അവക്ക് ഊർജ്ജം കൂടുതലാണ് എന്ന തെറ്റിദ്ധാരണ വന്നു. മൈക്രോവേവ് ശരീരത്തിൽ  താപം ഉണ്ടാകുന്നത് എന്നതു ശരിതന്നെ. ഈ തരംഗങ്ങൾ ഉണ്ടാക്കുന്ന താപത്തിനേക്കാൾ രാസപ്രവർത്തനത്തിലൂടെ നമ്മുടെ ശരീരത്തിൽ താപം ഉണ്ടാകുന്നുണ്ട്. ശരീരത്തിൽ രക്തപ്രവാഹം ഉള്ളതിനാലും വിയർപ്പ് ഗ്രന്ഥിയുള്ളതിനാലും മൊബൈൽ തരംഗങ്ങൾക്ക് ഒരു ഫോക്കസിങ്ങ് കേന്ദ്രവും ഇല്ലാത്തതിനാലും കോശങ്ങൾക്ക് പൊള്ളൽ ഏൽക്കാൻ വകയില്ല. പൊള്ളൽ ഏറ്റാൽ തന്നെ ട്യൂമറും ക്യാൻസറും പോലുള്ള രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയില്ല കാരണം താപതരംഗങ്ങൾ മാരകരോഗങ്ങൾ ഉണ്ടാക്കും എന്ന് ഇതുവരെ തെളിഞ്ഞിട്ടില്ല. അൾട്രാവയലറ്റ് കിരണങ്ങളുടെ ആയതിയിൽ തുടങ്ങുന്ന കിരണങ്ങൾക്ക് മാത്രമേ ജൈവശരീരത്തിൽ ജനിതക വൈകല്യമോ ട്യൂമറോ, ക്യാൻസറോ പോലുള്ള കുഴപ്പങ്ങൾ ഉണ്ടാക്കാൻ കഴിയും.

## സൂര്യന്റെയും ഭൂമിയുടെയും വയസ്സ്

ആകാശഗംഗയുടെയും പ്രപഞ്ചത്തിന്റെയും വയസ്സ് ഇപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. സൂര്യന്റെയും ഭൂമിയുടെയും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സൂര്യന്റെ കാലാവധി 432 കോടി വർഷമാണ് എന്ന് മുൻപ് പറഞ്ഞിട്ടുണ്ട്. സൂര്യന്റെ ഇപ്പോഴത്തെ വയസ്സ് 1972949106, ഇനിയുള്ള സൂര്യന്റെ ആയൂസ്സ് 234705094. സൂര്യന്റെ ആയൂസിനെ ചതുർകാലമായി വിഭജിച്ചിരിക്കുന്നു. മൃത, ത്രേത, ദ്വാപര, കലി, സൂര്യന്റെ ത്രേതയുഗം ആരംഭിച്ചിട്ട് 244949106. സൂര്യന്റെ ഒരു ആയൂസിൽ ഭൂമിയിൽ 1000 പ്രാവശ്യം പ്രളയം ഉണ്ടാകും. അതായത് ഭൂമി ആയിരം തവണ പടപൊഴിക്കും. അതിനുശേഷം അഷ്ടഗ്രഹങ്ങളും സൂര്യനിൽ പതിക്കുകയും സൂര്യൻ നമോഗർത്തമായി തീരുകയും ചെയ്യും. സൂര്യന്റെ

കലിയുഗത്തിൽ പ്ലൂട്ടോ എന്ന കേതുഗ്രഹം ധൂമകേതുവായി മാറും. സൂര്യന്റെ കൃതയുഗത്തിൽ പ്ലൂട്ടോ ഒരു ഗ്രഹമായിരുന്നു. പ്ലൂട്ടോ ക്ഷുദ്രഗ്രഹമല്ല കേതുഗ്രഹമാണ്.

പഞ്ചാഗ്നികളും അവ ചലമുണ്ടാക്കുന്ന ആകാശങ്ങളും അവയുടെ ഉപാഗ്നികളും ഒരു കേന്ദ്രത്തിന് ചുറ്റും ചുഴറ്റുന്ന അഗ്നിയും

| പഞ്ചാഗ്നികൾ | ഇംഗ്ലീഷ് നാമം | ഉപാഗ്നികൾ | അഗ്നികൾ ചലന മുണ്ടാക്കുന്ന ആകാശം | ആകാശത്തിൽ അഗ്നികൾ ഉണ്ടാക്കുന്നചലന ഊർജ്ജത്തിന്റെ അളവ് | ചുഴറ്റുന്ന അഗ്നി |
|---|---|---|---|---|---|
| രാസാഗ്നി | ഇയോൺ | ധാരാളം ഉപാഗ്നി | ഇലണിക്ക് | 3.5% | ചുഴറ്റുന്നില്ല |
| വൈദ്യുദാഗ്നി | ഇലക്ട്രോൺ | ഉപാഗ്നിയില്ല | ഇലണിക്ക് | 3.5% | ചുഴറ്റുന്നില്ല |
| സൂര്യാഗ്നി | പ്രോട്ടോൺ | ഉപാഗ്നിയുണ്ട് | പ്രാണിക്ക് | 2% | ചുഴറ്റുന്നില്ല |
| നിദ്രാഗ്നി | ന്യൂട്രോൺ | ഉപാഗ്നിയുണ്ട് | ന്യൂട്രിക്ക് | 90% | ചുഴറ്റുന്നില്ല |
| പ്രേരകാഗ്നി | എക്സൈറ്റർ ഇലക്ട്രോൺ | ഉപാഗ്നിയില്ല | എക്സൈറ്റർ | 1% | ചുഴറ്റുന്നു |

## വേദസമുന്വയം

പഞ്ചഭൂതങ്ങളിൽ ആദ്യം വരുന്നത് ആകാശമാണ്. ആകാശം എന്താണ്?ആധുനിക ശാസ്ത്രം ആകാശം ശൂന്യമാണെന്നെ പറയൂ. എന്നാൽ ഞാൻ പറയുന്നു ആകാശം ശൂന്യമല്ല. ആകാശം ഈഥർ കൊണ്ട് നിറഞ്ഞതാണ്. അപ്പോൾ അഞ്ചാമത്തെ പഞ്ചഭൂതം ഈഥറാണ്. അഗ്നിക്ക് കാരണമായ 4-ാമത്തെ പഞ്ചഭൂതം പഞ്ചാഗ്നിയാണ്. രാസാഗ്നി ഇയോണാണ്. വൈദ്യുതാഗ്നി ഇലക്ട്രോണാണ്. പ്രാഥമികാഗ്നികളിൽ ഇയോണിനെ ഉൾപ്പെടുത്തിയിട്ടില്ല. ശബ്ദം പഞ്ചഭൂതമല്ല എന്നപോലെ ഊർജ്ജവും പഞ്ചഭൂതമല്ല. ശബ്ദോർജ്ജത്തിന് കാരണമായ മാധ്യമമാണ് പഞ്ചഭൂതം. ആറ്റംബോംബിന്റെയും ഹൈഡ്രജൻ ബോംബിന്റെയും അഗ്നിക്കുമൂലകാരണം ഇലക്ട്രോണും, ഇയോണും അല്ല. നിദ്രോർജ്ജം പ്രോടോൺ ട്യൂണാകുമ്പോഴാണ് ന്യൂക്ലിയാർ റിയാക്ടറും, ആറ്റം ബോംബും ഹൈഡ്ജൻ ബോംബും നക്ഷത്രങ്ങളും പ്രവർത്തനക്ഷമമാകുന്നത്. നിദ്രോർജ്ജം പ്രപഞ്ചത്തിന്റെ മുക്കിലും മൂലയിലും ഉണ്ട്. പ്രപഞ്ചത്തിൽ 90%ത്തോളം നിദ്രോർജ്ജമാണ്. എന്നാൽ ഇതിന്റെ സാന്നിദ്ധ്യം ആർക്കും അനുഭവപ്പെടുന്നില്ല. നിദ്രോർജ്ജത്തിനും, പ്രകടോർജ്ജത്തിനും ഒരു ചാക്രിക സ്വഭാവമുള്ളതുകൊണ്ടാണ് പ്രപഞ്ചത്തിലെ ഊർജ്ജ വ്യവഹാരങ്ങൾ നടക്കുന്നത്. നിദ്രോർജ്ജമെന്നാൽ കറുത്ത ഉർജ്ജമെന്നോ പറയാം. പ്രകടോർജ്ജം അഥവാ ഫേസ് എനർജിയിൽനിന്നും കറുത്ത ഊർജ്ജമുണ്ടാക്കുന്ന ദ്രവ്യാംശത്തെ തമോഗർത്തമെന്നോ നിദ്രാഗ്നി എന്നോ വിളിക്കാം. ഇരുൾ ദ്രവമെന്നോ, ജഡാഗ്നി എന്നോ ന്യൂട്രോൺ ദ്രവമെന്നോ വിളിക്കാം. പ്രാഥമിക അഗ്നികൾ മൂന്ന്തരത്തിലുണ്ട്. പ്രകടാഗ്നി ഇലക്ട്രോൺ ദ്രവം, അർദ്ധാഗ്നി പ്രോട്ടോൺ ദ്രവം, നിദ്രാഗ്നി നിട്രോൺ ദ്രവം. ഈ മൂന്ന് അഗ്നികളും സൂക്ഷ്മദ്രവങ്ങളാണ്. ഇവ ഒന്നിനോടൊന്ന് സൂക്ഷ്മവുമാണ്. അതുകൊണ്ട് അഗ്നി എന്നത് സൂക്ഷ്മദ്രവാവസ്ഥയാണ്. അഗ്നിദ്രവങ്ങൾ ചലിക്കുമ്പോഴാണ് അഗ്നി പ്രകടമാകുന്നത്. സൂക്ഷ്മദ്രവാവസ്ഥകളെയാണ് അഗ്നി എന്ന് പറയുന്നത്. ഊർജ്ജത്തെ ട്യൂൺ ചെയ്ത് അങ്ങോട്ടുമിങ്ങോട്ടും മാറ്റുന്നത് അഗ്നിദ്രവങ്ങളാണ്. ഈ മാറ്റം ചാക്രിക പ്രവർത്തനമാണ്. ഇലക്ട്രോൺ അഗ്നിദ്രവങ്ങളിൽ ഒന്ന്മാത്രമാണ്. ഇതിൽ പറഞ്ഞിരിക്കുന്ന ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ ആധുനിക ശാസ്ത്രവുമായി ബന്ധമില്ലാത്തതാണ്. അൽപ്പം ബന്ധം കാണിക്കുന്നത് ഇലക്ട്രോൺ മാത്രം. ന്യൂട്രോൺ എന്ന അഗ്നി തമോഗർത്തങ്ങളിൽ മാത്രം കാണപ്പെടുന്നു. പ്രോട്ടോൺ എന്ന അഗ്നി നക്ഷത്രങ്ങളുടേയും ഗ്രഹങ്ങളുടേയും ഉപഗ്രഹങ്ങളുടേയും ഉൾഭാഗത്ത് കാണപ്പെടുന്നു. പ്രോട്ടോൺ നക്ഷത്രത്തിൽ കൂടുതൽ കാണപ്പെടുന്നു. പ്രോട്ടോണിന് ഉപപ്രോട്ടോണുകൾ വേറെയുമുണ്ട്. ന്യൂട്രോണിന് ഉപന്യൂട്രോണുകൾ വേറെയുമുണ്ട്. ആറ്റം ബോംബിന്റേയും ഹൈഡ്രജൻ ബോംബിന്റേയും സ്ഫോടനത്തിൽ മാത്രം പ്രോട്ടോൺ അഗ്നി കാണപ്പെടുന്നു. ഇലക്ട്രോണും, ഇയോണും ഖരം, ദ്രാവകം, വാതകം എന്നീ മൂന്ന് ഭൂതങ്ങളിലും കാണപ്പെടുന്നു.

## ആദ്യം ഉണ്ടായത് എന്താണ്? നാദമാണ് ആദ്യം ഉണ്ടായത്

ആദ്യമുണ്ടായത് ശബ്ദമാണ്. മഹാവിസ്ഫോടന സിദ്ധാന്തം അത് തെളിയിക്കുന്നു. പക്ഷെ ഇവിടെ ഒരു പ്രശ്നമായി വരുന്നത് ഊർജ്ജമാണ്. ഈ ഊർജ്ജം പ്രകടമായപ്പോഴാണ് മഹാവിസ്ഫോടനമുണ്ടായത്. അപ്പോൾ ആദ്യം ഉണ്ടായത് ഊർജ്ജമല്ലേ. നാം കേൾക്കുന്ന ശബ്ദവും താപോർജ്ജവും മറ്റു വികിരണങ്ങളും ഒരു തരംഗമാണ്. അപ്പോൾ ആദ്യം ഉണ്ടായത് പ്രകടമായ അതിസൂഷ്മ തരംഗമാണെന്ന് അറിഞ്ഞാൽ സംശയം തീരും. എന്നുപറഞ്ഞാൽ നാം കേൾക്കുന്ന ശബ്ദത്തിൽ നിന്നല്ല താപോർജ്ജവും പ്രകാശവും മറ്റു വികിരണങ്ങളും ഉണ്ടായത്. മറിച്ച് ശബ്ദസ്വഭാവമുള്ള അതിസൂക്ഷ്മ നാദം തന്നെയാണ് താപോർജ്ജവും മറ്റു കിരണങ്ങളും, വികിരണങ്ങളും എന്ന് മനസ്സിലാക്കുക. ആദിയിൽ ഈ നാദം ഗർഭാവസ്ഥയിലായിരുന്നു എന്നുള്ള സത്യം മനസ്സിലാകേണ്ടതാണ്. അതുകൊണ്ടാണ് ആദിയിൽ ഉണ്ടായിരുന്ന ഊർജ്ജത്തിനെ ഹിരണ്യഗർഭമെന്ന് വേദ മനുഷ്യൻ വിളിച്ചത്. ഉൽപത്തിക്ക് മുൻപ് ബീജാത്മന സ്ഥിതിചെയ്തിരുന്ന ഊർജ്ജം തന്നെയാണ് പിന്നീട് വ്യവഹാരയോഗ്യമായ ജഗത്തായിതീർന്നത്. ആദിയിൽ നാദം ഉണ്ടായിരുന്നു. നാദത്തിന് ശബ്ദം, ഓങ്കാരം എന്നെല്ലാം അർത്ഥമുണ്ട്. ബീജാത്മന സ്ഥിതിചെയ്തിരുന്ന ഊർജ്ജത്തിനെ ഞാൻ വിളിച്ചത് നിദ്രോർജ്ജമെന്നാണ്. പ്രാണൻ എന്നു പറഞ്ഞാൽ ഊർജ്ജമെന്നർത്ഥം. രയി എന്നുപറഞ്ഞാൽ ദ്രവ്യമെന്നർത്ഥം. ഗർഭാവസ്ഥയിൽ ഇരിക്കുന്ന പ്രാണനെയാണ് ഹിരണ്യഗർഭമെന്ന് പറയുന്നത്. ബ്രഹ്മാണ്ഡത്തിന് ഒരു പകൽ ഉണ്ടാകുന്നത്. നിദ്രോർജ്ജം പ്രകടമാകുമ്പോഴാണ്. ബ്രഹ്മാണ്ഡത്തിന് ഒരു രാത്രിയുണ്ടാകുന്നത് പ്രകടോർജ്ജം നിദ്രോർജ്ജമാക്കുമ്പോഴാണ്. കൂടുതൽ കാര്യങ്ങൾ എന്റെ ഭൗതിക ശാസ്ത്രത്തിൽ വിവരിക്കുന്നുണ്ട്.

## സൃഷ്ടി വിവാദം

മാസ്പിത്ത് പ്രിൻസിപ്പിളിന് അപവാദമായ ഒരു സിദ്ധാന്തമാണ് ശൂന്യതയിൽനിന്ന് ദൈവം ലോകം സൃഷ്ടിച്ചു എന്നുള്ള വാദം. ഈ വാദം ഏറെ തെറ്റിദ്ധാരണകൾക്കും ഇടം കൊടുത്തു. എന്താണ് ബൈബിൾ ഉദ്ദേശിക്കുന്ന ശൂന്യത? ബൈബിളിലെ സൃഷ്ടിവാദം വ്യക്തമായി മനസ്സിലാക്കാത്തതാണ് പല തെറ്റുകൾക്കും പ്രധാന കാരണം. സൃഷ്ടിവാദത്തിന്റെ വിശദാംശങ്ങളിലേക്ക് എന്റെ ആശയങ്ങൾ പുതിയ ഒരു വെളിച്ചമാകുന്നു. ദൈവത്തിന് ശൂന്യതയിൽ നിന്ന് സൃഷ്ടി നടത്താൻ കഴിയുമോ? ഇല്ല.എന്തുകൊണ്ട്? ബൈബിൾ ഉദ്ദേശിക്കുന്ന ശൂന്യത എന്താണ്? തുടങ്ങിയവയെക്കുറിച്ചുള്ള ഒരു വീക്ഷണമാണിത്. ലോകം എങ്ങിനെ ഉണ്ടായി എന്ന് ഒരു യുക്തിവാദിയോട് ചോദിച്ചാൽ മറുപടി ഇങ്ങനെയായിരിക്കും. ലോകം തന്നെയുണ്ടായി അല്ലെങ്കിൽ ആദിയിൽ അത് ഉണ്ടായിരുന്നതാണ്. ഇനി ദൈവവിശ്വാസിയോട് ചോദിച്ചാൽ അവന്റെ മറുപടി ഇങ്ങനെയായിരിക്കും. ദൈവം ലോകം സൃഷ്ടിച്ചു. അപ്പോൾ ദൈവം എങ്ങിനെയാണ് ഉണ്ടായതെന്ന് ചോദിച്ചാൽ ദൈവം തന്നെയുണ്ടായി എന്നോ ആദിയിൽ ഉണ്ടായിരുന്നു എന്നോ അല്ലെങ്കിൽ ദൈവം എങ്ങിനെ ഉണ്ടായി എന്ന് ചോദിച്ചാൻ പാടില്ലെന്നായിരിക്കും മറുപടി. യുക്തിവാദിയും ഇതുതന്നെയാണ് പറഞ്ഞത്. തന്നെയുണ്ടായി എന്നോ ആദിയിൽ ഉണ്ടായിരുന്നു എന്നോ! ദൈവ

വിശ്വാസി അവൻ അറിയാതെ തന്നെ ഒരു സത്യം പറഞ്ഞു. ആദിയിൽ എന്തോ ഉണ്ടായിരുന്നു എന്ന സത്യം. അതിൽ നിന്നാണ് എല്ലാമുണ്ടായത്. അപ്പോൾ ശൂന്യതയിൽനിന്ന് ഒന്നുമുണ്ടാവില്ല എന്നു മനസ്സിലായില്ലെ. ദൈവവിശ്വാസി സൃഷ്ടിയുടെ കാര്യത്തിൽ വളഞ്ഞ വഴി സ്വീകരിച്ചത് എന്തുകൊണ്ടാണെന്ന് തോന്നാം, പ്രപഞ്ചത്തിന് ജീവൻ ഉണ്ട് എന്ന് കാണിക്കാൻ വേണ്ടിയാണ് ഈ വളഞ്ഞ വഴി. എന്നാൽ യുക്തിവാദി പ്രപഞ്ചത്തിന് ജീവൻ ഇല്ലെന്ന് വിശ്വസിക്കുന്നു. എങ്കിലും പ്രകൃതി അത് ചെയ്യുന്നു/ ഇത് ചെയ്യുന്നു എന്നെല്ലാം യുക്തിവാദി പറയുന്നു. ഇവിടെ യുക്തിവാദിക്കു പിഴയ്ക്കുന്നു.(ഈ രണ്ട് അന്തരത്തിന് കാരണം ചിന്ത മണ്ഡലത്തിന്റെ രണ്ട് ധ്രുവങ്ങളിൽ നിൽക്കുന്നത് കൊണ്ടാണ്. ഒരു ധ്രുവം മറ്റൊരുവന് കാണാൻ കഴിയുന്നില്ല) ഈ ആശയത്തിൽ നിന്നും ബൈബിൾ ഉദ്ദേശിക്കുന്ന ശൂന്യത എന്താണ് എന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയും.

## നക്ഷത്രങ്ങൾക്ക് എവിടെ നിന്നാണ് ഊർജ്ജം ലഭിക്കുന്നത്

ന്യൂട്രിക്ക് ആകാശത്തിൽ നിന്നാണ് നക്ഷത്രങ്ങൾക്കും ആറ്റം ബോംബിനും ഊർജ്ജം ലഭിക്കുന്നത്. ന്യൂട്രിക്ക് ആകാശം പ്രപഞ്ചം മുഴുവൻ വ്യാപിച്ച് കിടക്കുന്നു. ഈ ആകാശത്തിലാണ് വൻതോതിൽ ഊർജ്ജം സംഭരിച്ച് വെക്കുന്നത്. തരംഗരൂപത്തിലുള്ള ഊർജ്ജമാണ് ഈ ആകാശം സംഭരിച്ച് വെയ്ക്കുന്നത്. ഈ ഊർജ്ജത്തെയാണ് നിദ്രോർജ്ജം എന്ന് പറയുന്നത്. ഈ ആകാശത്തിൽനിന്ന് പ്രോട്ടോൺ നിദ്രോർജ്ജത്തെ ട്യൂൺചെയ്ത് പ്രോണിക് ആകാശത്തിലേക്ക് വിടുന്നു. അതിനെ ഇലക്ട്രോൺ ട്യൂൺ ചെയ്ത് ഇലണിക്ക് ആകാശത്തിലേയ്ക്ക് വിടുന്നു. അപ്പോൾ നമ്മുടെ ധൃഷ്ടിയിൽ നക്ഷത്രങ്ങൾ പ്രകാശിക്കുന്നു. തമോഗർത്തങ്ങൾ ഇലണിക്ക് ആകാശത്തിലെ തരംഗരൂപത്തിലുള്ള ഊർജ്ജത്തെ വലിച്ചെടുത്ത് ന്യൂട്രിക്ക് ആകാശത്തിൽ ലയിപ്പിക്കുന്നു. അപ്പോൾ ആകാശത്തിൽ നിന്ന് ആകാശത്തിലേയ്ക്ക് ഊർജ്ജം അങ്ങോട്ടും, മിങ്ങോട്ടും മാറ്റപ്പെടുന്നു. ഇങ്ങനെയാണ് പ്രപഞ്ചത്തിൽ ഊർജ്ജം വ്യവഹാരങ്ങൾ നടക്കുന്നത്. പ്രപഞ്ചത്തിൽ അധികം വരുന്ന ഊർജ്ജത്തെ തമോഗർത്തങ്ങൾ എന്ന ആകാശ വാകാംക്ലീനറുകൾ വലിച്ചെടുക്കുന്നു. ഊർജ്ജത്തേയും പ്രകാശത്തേയും വലിച്ചെടുക്കുന്നത്കൊണ്ട് തമോഗർത്തങ്ങൾ ആകാശ വാക്വം ക്ലീനറുകൾ എന്നു പറയുന്നു. ഊർജ്ജത്തേയും പ്രകാശത്തതേയും വലിച്ചെടുക്കുന്നത്കൊണ്ട് തമോഗർത്തങ്ങളിൽ അത്യഅതിശൈത്യമാണ് ഉള്ളത്. തമോഗർത്തങ്ങളിൽ കാന്തികമണ്ഡലം ഇല്ലാത്തതുകൊണ്ട് പ്രപഞ്ച ഗുരുത്വത്തിന് വിധേയമായി പ്രപഞ്ചത്തിന്റെ കേന്ദ്രഭാഗത്തേക്ക് വീഴുകയാണ് ചെയ്യാറ്. എന്നാൽ ആകാശഗംഗയുടെ ഗുരുത്വാകർഷണമണ്ഡലത്തിലാണെങ്കിൽ ആകാശഗംഗയുടെ കേന്ദ്രഭാഗത്തേക്കായിരിക്കും വീഴുക. ഈ വീഴിച്ച തമോഗർത്തങ്ങളിൽ ചലിക്കുന്ന പ്രതീതി ഉണ്ടാക്കും. തമോഗർത്തങ്ങളിൽ ചലിക്കാൻ ഊർജ്ജം ആവശ്യമില്ല. പ്രപഞ്ചഗുരുത്വമോ ആകാശ ഗംഗയുടെ ഗുരുത്വമോ ആയിരിക്കും തമോഗർത്തം ചലിക്കാൻ കാരണം.

## വിഭജിക്കാൻ കഴിയുന്ന വലിയ കണവും വിഭജിക്കാൻ കഴിയുന്ന ചെറിയകണവും

വിഭജിക്കാൻ കഴിയുന്ന ഏറ്റവും വലിയകണമാണ് ളിമുര. ളിമുര വിഭജനം നടക്കുന്നതിന് 31104000കോടി വർഷം വേണം. ളിമുര പ്രപഞ്ചത്തിന്റെ കേന്ദ്രഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ളിമുര വിഭജനത്തെയാണ് മഹവിസ്ഫോടനം എന്ന് പറയുന്നത്. മാസ്പിത്ത് ഭ്രമണത്തിൽ 30 ളിമുര വിഭജനങ്ങളുണ്ട്. വിഭജിക്കാൻ കഴിയുന്ന ഏറ്റവും ചെറിയ കണം ലാമാണ്. ലാം വിഭജനത്തിന് ളിമുര വിഭജനത്തിന് വേണ്ടിവരുന്ന സമയം തന്നെ വേണം. ളിമുര ഒന്നെയുള്ളൂ ലാം അനേകകോടികോടിയാണ്. എങ്കിലും അതിന് ഒരു നിശ്ചിത എണ്ണം ഉണ്ട്. ളിമുരക്കും ലാമിനുമിടയിലാണ് വിഭജന സംയോജന വേഗത കൂടിയ കണങ്ങൾ സ്ഥിതിചെയ്യുന്നത്.

## തമോഗർത്തം കൃത്രിമമായി മനുഷ്യൻ ഉണ്ടാക്കിയാൽ എന്ത് സംഭവിക്കും

ഒരു രാജ്യം ഒരു രാജ്യത്തിനെതിരായി 23-ാം നൂറ്റാണ്ടിൽ തമോഗർത്തത്തിന്റെ ബോംബ് വർഷം നടത്തി നിമിഷനേരം കൊണ്ട് നഗരത്തിലെ പ്രകാശം അപ്രത്യക്ഷമായി. സൂര്യൻ ഉച്ചിയിൽ പ്രകാശിക്കുന്നുണ്ടെങ്കിലും നഗരത്തിൽ അപ്പോഴും ഇരുട്ടാണ് വൈദ്യുത വിളക്കുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയൊന്നും പ്രകാശിച്ചില്ല. തമോഗർത്തിന്റെ വളരെ താഴ്ന്ന ഊഷ്മാവ് കാരണം നടന്നുകൊണ്ടിരിക്കുന്ന മനുഷ്യർ നിമിഷനേരംകൊണ്ട് മഞ്ഞുകട്ടപോലെ മറിഞ്ഞു വീണു. ചില മനുഷ്യർ നടക്കുന്ന അവസ്ഥയിൽ തന്നെ മഞ്ഞുകട്ടയായി. ചിലർ ഇരിക്കുന്ന അവസ്ഥയിലും മരവിച്ചുപോയി. നഗരത്തിനുചുറ്റും കിലോമീറ്ററോളം വ്യാപിച്ചുനിൽക്കുന്ന കറുത്ത തമോഗർത്ത അർദ്ദഗോളത്തിൽനിന്നും മഞ്ഞുപുക നഗരത്തിന്ചുറ്റുമുള്ള പ്രദേശങ്ങളിലേയ്ക്ക് ആഞ്ഞുവീശി. കുറച്ചുകഴിഞ്ഞപ്പോൾ തമോഗർത്തം ഉണ്ടാക്കിയ ന്യൂനമർദ്ധം കാരണം അതിശക്തമായ മഴയും ആരംഭിച്ചും. മഴത്തുള്ളികൽ മഞ്ഞുത്തുള്ളികളായി നഗരത്തിൽ വീണു. ഒരു മാസം കഴിഞ്ഞപ്പോൾ നഗരത്തിന്റെ സ്ഥാനത്ത് ഒരു മഞ്ഞുമല ഉയർന്നു വന്നു. മൂന്ന് മാസം കഴിഞ്ഞപ്പോൾ മഞ്ഞ് ഉരുകി പോയി നഗരത്തിലെ കെട്ടിടങ്ങൾ എല്ലാം തകർന്ന് തരിപ്പണമായി. തമോഗർത്ത ബോംബ് വർഷം നടത്തിയപ്പോൾ ആർക്കും ഭൂഗുരുത്വമല്ലാത്തെ തമോഗർത്തഗുരുത്വം അനുഭവപ്പെട്ടില്ല. സർവ്വതിനെയും ചുട്ടെരിക്കാൻ കഴിവുള്ളതാണ് അ്ഗ്നി എന്ന് നിങ്ങൾ ധരിച്ചെങ്കിൽ തെറ്റി. സർവ്വതിനെയും നിമിഷനേരം കൊണ്ട് ശീതീകരിക്കാൻ കഴിവുള്ള അഗ്നിയുമുണ്ട്. തമോഗർത്തം കൃത്രിമമായി സൃഷ്ടിച്ചപ്പോൾ പ്രകടമായി കണ്ട ഊർജ്ജം എവിടെപോയിയാണ് മറഞ്ഞത് എന്ന് നിങ്ങൾക്ക് പറയാമോ.

## കർമ്മ ഫലം

മാസ്പിത്ത് പ്രിൻസിപ്പൾ അനുസരിച്ച് നമ്മൾ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതുമായ കാര്യങ്ങൾ നമ്മുടെ കഴിവുകൊണ്ടല്ല അത് ഒരു പ്രപഞ്ച നിശ്ചയമാണ്. എത്ര ബുദ്ധിമാനായ മനുഷ്യനും പ്രപഞ്ച നിശ്ചയത്തിന്റെ കളിപാവകളാണ്. മാത്രമല്ല അത് ഒരു ആവർത്തനത്തിന്റെ ഭാഗം മാത്രമാണ്. സുഖവും ദുഖവും അനുഭവപ്പെടുന്നത് നമ്മുടെ അനേകം പൂർവ്വ ജന്മങ്ങളുടെ കർമ്മ ഫലമത്രെ. എന്നാൽ മാസ്പിത്ത് ഭ്രമണത്തിൽ ജൻമങ്ങളുടെ പീഠ തുല്യമായിരിക്കും. അതിനെ ദൈവത്തിന്റെ തിരുവിഷ്ടം എന്ന് കരുതുന്നതിലും തെറ്റില്ല. നിന്റെ ദു:ഖത്തിന് കാരണം പൂർവ്വജന്മത്തിന്റെ ഏത് കർമ്മത്തിന്റെ ഫലമാണ് എന്ന് ഓർത്ത് തലപുകയേണ്ട. കർമ്മഫലം അനുഭവിച്ച് തന്നെ തീർക്കേണ്ടതാണ് കാരണം കോടാനുകോടി വർഷം മുൻപ് ചെയ്ത കർമ്മഫലമായിരിക്കാം നീ ഇപ്പോൾ അനുഭവിക്കുന്നത്. കർമ്മഫലം ചിലപ്പോൾ ജന്മാന്തരങ്ങളിൽ കുറെശേയായി അനുഭവിച്ച് തീർക്കാം ചിലപ്പോൾ അത് ഒന്നിച്ച് അനുഭവിച്ച് തീർക്കാം.

## വിശ്വാസം

ഒരു ഹിന്ദു യുവാവ് എന്നോ ചോദിച്ചു നീ എന്ത് അടിസ്ഥാനത്തിലാണ് ഏശുവിൽ വിശ്വസിക്കുന്നത് എന്ന്. ഞാൻ അല്പനേരം ചിന്തിച്ചു എന്നിട്ട് പറഞ്ഞു എന്നെ വളർത്തിയ മാതാപിതാക്കൾ പറയുന്നത് അവരുടെ സ്വന്തം മോനാണ് എന്നാണ് അവർ പറയുന്നത്. എന്റെ കൈയ്യിൽ യാതൊരു തെളിവുമില്ല. അവർ പറയുന്നു ഞാൻ വിശ്വസിക്കുന്നു. അപ്പോൾ ഹിന്ദു യുവാവിന്റെ മറുപടി അതിന് DNA

ടെസ്റ്റ് നടത്തിയാൽ പോരെ? അപ്പോൾ ഞാൻ മറുപടി കൊടുത്തു. ഞാൻ അല്ല DNA ടെസ്റ്റ് കണ്ടുപിടിച്ചത് എനിക്ക് DNA ടെസ്റ്റ് അറിയില്ല. ഡോക്ടറെ എങ്ങിനെ വിശ്വസിക്കും. മാത്രവുമല്ല DNA ടെസ്റ്റ് എത്ര ശതമാനം ശരിയായിരിക്കും എന്നത് കാലം തെളിയിക്കും. ഹിന്ദു യുവാവ് ഉത്തരം മുട്ടി. ചില വിശ്വാസങ്ങൾ അന്തമായി വിശ്വസിച്ചേപറ്റു. എന്നാൽ ചില വിശ്വാസങ്ങൾ ശരിയാണ് എന്ന് അറിയണമെങ്കിൽ സംഭവ്യവും, അസംഭവ്യവുമായ കാര്യങ്ങൾ തിരിച്ചറിയണം അതിന് ബുദ്ധിയും, യുക്തിയും ജ്ഞാനവും ഗവേഷണ താല്പര്യവുമാവശ്യമാണ്. അതുകൊണ്ട് ചിലപ്പോൾ വിശ്വാസം വലിയ കീറാമുട്ടിയായി മാറുന്നു.

## പ്രപഞ്ചത്തിലെ ചെറുതും വലുതുമായ തരംഗങ്ങൾ

പ്രപഞ്ചത്തിലെ ഏറ്റവും വലിയ തരംഗം ളിമുരയാണ്. ളിമുര തരംഗത്തിന്റെ വേവ് ലെങ്ങ്ത്തിൽ ഒരു സൗരയൂഥം ഇരിക്കും. സൗരയൂഥത്തിലെ ഏറ്റവും വലിയ തരംഗം നക്ഷത്രശരീരതരംഗമാണ്. ഇതിനെ നക്ഷത്രം കുലുക്കം എന്നും പറയാം. ലോകത്തിലെ ഏറ്റവും വലിയ തരംഗം ഭൂമിയുടെ ശരീരതരംഗമാണ്. ഇതിനെ ഭൂമികുലുക്കം എന്നുപറയുന്നു. പ്രപഞ്ചത്തിലെ ഏറ്റവും സൂക്ഷ്മമായ തരംഗം നിദ്രോർജ്ജ തരംഗമാണ്. ഇതിനെ തമോഗർത്ത തരംഗമെന്നും പറയാം. പ്രപഞ്ചത്തിലെ പ്രാഥമിക തരംഗങ്ങൾ ഒൻപതാണ് അവ ഇവയാണ് ളിമുര തരംഗം, നക്ഷത്ര തരംഗം, ഭൂമിതരംഗം, ജലതരംഗം, വായുതരംഗം, റേഡിയോ തരംഗം, പ്രകാശതരംഗം,ഗാമ, കോസ്മിക്ക്, തരംഗം, നിദ്രോർജ്ജ തരംഗം.

## വിവിധ അഗ്നിയുടെ ധർമ്മങ്ങൾ

ഇലക്ട്രോൺ ആൾട്ടനേറ്റിക്ക് മൂലം ആകാശത്തിൽ റേഡിയോ തരംഗങ്ങൾ മുതൽ മൈക്രോവേവ് വരെയുള്ള ഊർജ്ജമുണ്ടാക്കുന്നത്. ഇലക്ട്രോണിന് നിദ്രോർജ്ജത്തിൽ നിന്നും ഊർജ്ജത്തെ ഉൽപാദിപ്പിക്കാൻ കഴിവില്ല. എങ്കിലും പ്രോട്ടോൺ നിദ്രോർജ്ജത്തിൽ നിന്നും അർദ്ധ പ്രകടോർജ്ജം ഉൽപാദിപ്പിക്കുന്നു. അർദ്ധ പ്രകടോർജ്ജമെന്നത് ഗാമയും കോസ്മിക്കും കോസ്മിക്കിനേക്കാൾ ഉയർന്ന ഫ്രിക്വസിലുള്ള തരംഗങ്ങൾ ഇതിൽ ഉൾപ്പെടും. അർദ്ധ പ്രകടോർജ്ജത്തെ ഇലക്ടോൺ തടഞ്ഞു നിർത്തി പൂർണ്ണ പ്രകടോർജ്ജമായ താപവും പ്രകാശവും ഉൽപാദിപ്പിക്കുന്നു. ഇലക്ടോൺ നേരിട്ടല്ല പരോക്ഷമായിട്ടാണ് ആദിത്യാഗ്നി പ്രകടമാകുന്നത് സൂര്യാഗ്നിയുടെ മൂലകാരണം പ്രോട്ടോൺ ആണ്. ന്യൂട്രോൺ പ്രകടോർജ്ജത്തിൽ നിന്നും നിദ്രോർജ്ജം ഉൽപാദിപ്പിക്കുന്നു. ഈ നിദ്രോർജ്ജം ന്യൂട്രിക്ക് ആകാശത്തിലേക്ക് വിടുകയും ആകാശത്തിൽ സംഭരിക്കുകയും ചെയ്യുന്നു. 90% മാനത്തോളം ഊർജ്ജം ന്യൂട്രിക്ക് ആകാശത്തിലാണുള്ളത്. എന്നാൽ ഈ ഊർജ്ജ്ത്തിന്റെ സാന്നിദ്ധ്യം നമ്മുക്ക അനുഭവപ്പെടാത്തത് നിദ്രോർജ്ജം അതിസൂഷ്മ നാദമായതുകൊണ്ടാണ്. ജലം എന്ന ഭൂതത്തിന്റെ സാന്നിദ്ധ്യം ശബ്ദോർജ്ജത്തിലൂടെ അറിയുന്നത് പോലെയാണ് അഗ്നിയുടെ സാന്നിദ്ധ്യം അഗ്നിയുണ്ടാക്കിയ ആകാശ തരംഗത്തിലൂടെ നാം അറിയുന്നത്. വായു മാത്രമുണ്ടായാൽ നാദം ഉണ്ടാകുകയില്ല. ഖരമോ ദ്രാവകമോ ആയ ദ്രവ്യ രൂപങ്ങൾ വായുവിൽ ചലിച്ചാൽ മാത്രമേ നാദമുണ്ടാകുകയുള്ളു. അതുപോലെ ആകാശം മാത്രമുണ്ടായാൽ നാദമുണ്ടാകുകയില്ല. അതിന് സൂഷ്മ അഗ്നിദ്രവങ്ങൾ ആകാശത്തിൽ ചലിച്ചാൽ മാത്രമെ നാദമുണ്ടാകുകയുള്ളൂ. അരണിയിൽ അഗ്നിയുണ്ട് അഗ്നിയെകാണാൻകഴിയുന്നത് അഗ്നി ചലിക്കുമ്പോൾമാത്രമാണ് ഭാഹ്യമായ അഗ്നിയുടെ ചലനമല്ല മറിച്ച് ആന്ദരീകവും സൂഷ്മവുമായ ചലനത്തെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. പ്രോട്ടോൺ എന്ന ഭൂതംകൊണ്ട് പ്രോണിക്ക് ആകാശത്തെ ചലിപ്പിച്ചാൽ ഗാമ, കോസ്മിക്ക് പോലുള്ള രശ്മികൾ ഉണ്ടാകും അൾട്രാവയലറ്റ് മുതൽ കോസ്മിക് വരേയുള്ള റേഡിയേഷൻ ഭൂമിയിലെ ജീവന് വിനാശകാരിയാണ് എന്ന് അറിയാമല്ലോ. ഇലണിക് ആകാശത്തിൽ ഉൾപ്പെട്ടതാണല്ലോ അൾട്രാവയലറ്റ് ആകാശവും, എക്സറേ ആകാശവും ഇലക്ട്രോൺമൂലമാണ് ഈ ആകാശത്തിന് ചലനം സംഭവിക്കുന്നത്. അതുകൊണ്ട് അൾട്രാവയലറ്റ്മുതൽ കോസ്മിക്ക് വരെയാണ് വിഘനമുണ്ടാക്കുന്ന കിരണങ്ങളിൽ ഉൾപ്പെടുന്നത്. മൈക്രോവേവ്, മൊബൈൽവേവ് എന്നിവ ഇലക്ട്രോൺ ആൾട്ടനേറ്റിങ്ങ്വേവാണ്. ആൾട്ടനേറ്റിംഗ് ഫ്ളോ ടെക്നിക്ക് ഉപയോഗിക്കുന്നത് താപതരംഗങ്ങളേക്കാൾ ഫ്രീക്വൻസി കുറഞ്ഞ തരംഗങ്ങൾ ഉൽപാദിപ്പിക്കാൻ വേണ്ടിയാണ് ഉപയോഗിക്കുന്നത്. ഈ ടെക്നിക് ഉപയോഗിച്ച് താപം മുതൽ പ്രകാശത്തിനേക്കാൾ ഉയർന്ന ഫ്രീക്വൻസി ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടില്ല അതുകൊണ്ട് ജീവമണ്ഡലത്തിന് ദോഷം ഉണ്ടാക്കുന്നില്ല. ദോഷം ഉണ്ടാക്കുന്നു എന്നറിപ്പോർട്ടുകൾ മറ്റുകാരണങ്ങൾ കൊണ്ടാണ് ഉണ്ടാകുന്നത് വൈദ്യുതപ്രവാഹംമൂലമാണ് താപം മുതൽ എക്സറേവരെ ഉണ്ടാകുന്നത് അതുകൊണ്ട് ഈ തരംഗങ്ങളെ വിദ്യുരോധകമ്പനതരംഗങ്ങൾ എന്ന് പറയാം. ഇലണിക്ക് ആകാശത്തെ അല്ലെങ്കിൽ ലൈറ്റ് ഈഥറിനെ ഒരു ഗ്ലാസ്ട്യൂബിൽ നിന്ന് എടുത്തുകളയുകയാണെങ്കിൽ എന്ത് സംഭവിക്കും. ഉ: പ്രകാശികമാധ്യമായ ഇലണിക്കിനെ അഥവ ഈഥറിനെ ഒരു ഗ്ലാസ്ട്യൂബിൽ നിന്ന് വാകം ചെയ്യുകയാണെങ്കിൽ ഗ്ലാസ്ട്യൂബിന്റെ അകവശം മെർക്കുറി നിറച്ചമാതിരിയോ, ലോഹംപൂശിയതുപോലെയോ ഇരിക്കും കാരണം പ്രകാശികമാധ്യമം ഗ്ലാസ്ട്യൂബിൽ ഇല്ലാത്തതുകൊണ്ട് പ്രകാശകിരണങ്ങൾ അകത്തുകടക്കാനാവാതെ പ്രതിഫലിക്കുന്നു ഇതാണ് യഥാർത്ഥ കാരണം.

## ഊർജ്ജത്തെ വിഴുങ്ങുന്ന തമോഗർത്തങ്ങൾ

ഒരു നക്ഷത്രം അതിന്റെ നാശാവസ്ഥയിൽ തമോഗർത്തമായി തീരുന്നു. ഊർജ്ജത്തെ വിഴുങ്ങിയും പ്രപഞ്ചത്തിന്റെ കേന്ദ്രഭാഗത്തെക്കൊണ്ട് ഇറങ്ങിയും ആകാശഗംഗയുടെ ഗുരുത്വാകർഷണ പരിധിയിലാണെങ്കിൽ ആകാശഗംഗയുടെ കേന്ദ്രഭാഗത്തേക്കായിരിക്കും ആണ്ടിറങ്ങുക ആണ്ടിറങ്ങുന്ന ഭാഗത്ത് നക്ഷത്രങ്ങളുണ്ടെങ്കിൽ അവയെയും വിഴുങ്ങിയും 432കോടി വർഷം ജീവിക്കുന്നു. പിന്നീട് ഈ തമോഗർത്തങ്ങൾ വലിച്ചെടുത്ത ഊർജ്ജം പുറത്തേക്ക് തള്ളി നക്ഷത്രങ്ങളായി 432കോടി വർഷം ജീവിക്കുന്നു. തമോഗർത്തങ്ങൾ നക്ഷത്രങ്ങളാകുമ്പോൾ നക്ഷത്രങ്ങളുടെ പ്രകടോർജ്ജത്തിന്റെ അളവ് കൂടുന്നതിനനുസരിച്ച് നക്ഷത്രം പ്രപഞ്ചത്തിന്റെ മുകളിലേക്ക് ഉയരുന്നു. പ്രപഞ്ചത്തിന്റെ ജഢകാന്തിക മണ്ഡല സാന്ദ്രയും നക്ഷത്ര സജീവ കാന്തിക മണ്ഡല സാന്ദ്രയും തുല്യമാകുന്നത് വരെ നക്ഷത്രം പ്രപഞ്ചത്തിന്റെ മുകൾഭാഗത്തേക്ക് ഉയർന്നുകൊണ്ടിരിക്കും. അതുകൊണ്ട് നക്ഷത്രങ്ങൾക്ക് പ്രപഞ്ചഗുരുത്വം അനുഭവപ്പെടില്ല എന്നാൽ തമോഗർത്തങ്ങൾക്ക് അനുഭവപ്പെടും. ആകാശത്തിൽ മേഘങ്ങൾ എന്നപോലെയാണ് നക്ഷത്രങ്ങൾ ആകാശഗംഗയിൽ നിൽക്കുന്നത് കാരണം സജീവകാന്തിക മണ്ഡലം ജഢകാന്തികമണ്ഡലത്തിലേയ്ക്ക് കൂടുതൽ വ്യാപിക്കുന്നതുമൂലം നക്ഷത്രത്തിന്റേയും കാന്തികമണ്ഡലത്തിന്റേയും ഭാരം ജഢകാന്തികമണ്ഡലം ആദേശം ചെയ്യുന്നു. അപ്പോൾ അന്തരീഷത്തിൽ മേഘങ്ങൾ എന്ന പോലെ ആകാശത്തിൽ നക്ഷത്രങ്ങൾ നിലകൊള്ളുന്നു. പ്രപഞ്ചായുസ്സ് നശിക്കുമ്പോൾ മാത്രമെ തമോഗർത്തങ്ങൾ പ്രപഞ്ചത്തിന്റെ കേന്ദ്രഭാഗമായ ളിമുരയിൽ പതിക്കുകയുള്ളു. അല്ലാത്തപക്ഷം തമോഗർത്തങ്ങൾ പ്രപഞ്ചത്തിന്റെ കേന്ദ്രഭാഗത്ത് എത്തുന്നതിനുമുൻപേ തമോഗർത്തം നക്ഷത്രം ആയികഴിഞ്ഞിരിക്കും. ഇത് ഒറ്റക്കും തെറ്റക്കും നടക്കുന്ന സംഭവം ഭൂരിപക്ഷത്തിൽ മറ്റൊരു രീതിയാണുള്ളത് ഇതാണ് ആ രീതി ആകാശ ഗംഗയുടെ ആയുസ്സ് ഒടുങ്ങുന്നതുവരെ തമോഗർത്തങ്ങൾക്ക് ആകാശഗംഗയുടെ ഗുരുത്വമായിരിക്കും അനുഭവപ്പെടുക. ആകാശഗംഗയുടെ ആയുസ്സൊടുങ്ങുമ്പോൾ ആകാശഗംഗയിലെ എല്ലാ നക്ഷത്രങ്ങളും തമോഗർത്തങ്ങളായി ആകാശഗംഗയുടെ കേന്ദ്രഭാഗത്ത് ഒതുങ്ങുന്നു. അങ്ങിനെ വലിയൊരു ആകാശതമോഗർത്തമായിതീരുന്നു. ഈ ആകാശ തമോഗർത്തത്തിന് പ്രപഞ്ചഗുരുത്വം അനുഭവപ്പെടും പ്രപഞ്ചായുസ്സ് നശിച്ചാൽ മാത്രമേ ആകാശ തമോഗർത്തം പ്രപഞ്ചത്തിന്റെ കേന്ദ്രഭാഗമായ ളിമുരയിൽ പതിക്കുകയുള്ളൂ അല്ലാത്തപക്ഷം ആകാശതമോഗർത്തം പൊട്ടിതെറിച്ച്

പുതിയ ആകാശഗംഗയുണ്ടാകുന്നു.

തമോഗർത്തത്തെകുറിച്ചുള്ള അബദ്ധ സിദ്ധാന്തം. തിരുത്ത്

തമോഗർത്തം ഏതു രൂപത്തിലാണ് ഊർജ്ജത്തെ സംഭരിച്ചുവെക്കുന്നത് എന്ന് ആധുനീക ശാസ്ത്രം വ്യക്തമാക്കുന്നില്ല. എങ്കിലും ഇങ്ങിനെ പറയുന്നു ഊർജ്ജമെന്ന ദ്രവ്യകണത്തെ വലിച്ചെടുക്കുമ്പോൾ നക്ഷത്രങ്ങളുടെ മാസ് വർദ്ധിച്ച് തമോഗർത്തമായിതീരുവാൻ സാദ്ധ്യതയുണ്ട്. പ്രകാശത്തന്റെ ക്വാണ്ടം സിദ്ധാന്തമാണ് ഈ അപദ്ധ ധാരണക്ക് കാരണം. പ്രകാശത്തിൽ കണങ്ങളുടെ സാന്നിദ്ധ്യമില്ല എന്ന് എന്റെ ഗവേഷണത്തിൽ തെളിയിച്ചിട്ടുണ്ട് അതുകൊണ്ട് ഊർജ്ജത്തെ വലിച്ചെടുക്കുന്നതുകൊണ്ട് ഗുരുത്വം കൂടുവാൻ ഇടയില്ല നക്ഷത്രങ്ങളുടെ ദ്രവ്യ ഘടനയിൽ ദിനരാത്രങ്ങൾ പോലെ മാറ്റങ്ങൾ സംഭവിക്കുന്നതുകൊണ്ടാണ് നക്ഷത്രം തമോഗർത്തമായി തീരുന്നതും തമോഗർത്തം നക്ഷത്രമായിതീരുന്നതും. നക്ഷത്രദ്രവ്യ ഘടനയിൽ ദിനഘടന വരുമ്പോൾ ന്യൂട്രിക്ക് ആകാശത്തിൽ നിന്ന് പ്രോട്ടോണുകൾ നിദ്രോർജ്ജത്തെ അർദ്ധ പ്രകടോർജ്ജമാക്കി പ്രോണിക്ക് ആകാശത്തിലേക്ക് വിടുന്നു. അർദ്ധ പ്രകടോർജ്ജം പ്രോണിക്ക് ആകാശത്തിൽ അൽപദൂരം സഞ്ചരിക്കുമ്പോഴേയ്ക്കും ഇലക്ട്രോണുകൾ അർദ്ധപ്രകടോർജ്ജത്തെ തടഞ്ഞുനിർത്തി പൂർണ്ണ പ്രകടോർജ്ജമാക്കി ട്യൂൺ ചെയ്യുന്നു. അതുകൊണ്ട് പ്രോണിക്ക് ആകാശത്തിൽ വളരെ നേരിയ അളവിൽ മാത്രമെ ഗാമയും കോസ്മികും ഉണ്ടായിരിക്കുകയുള്ളു. 95 ശതമാനത്തോളം അർദ്ധ പ്രകടോർജ്ജം പൂർണ്ണ പ്രകടോർജ്ജമായ താപവും പ്രകാശവുമായി മാറുന്നു. നക്ഷത്ര ദ്രവ്യഘടനയിൽ രാത്രഘടന വരുമ്പോൾ ഇലണിക്ക് ആകാശത്തിൽ നിന്ന് പൂർണ്ണ പ്രകടോർജ്ജത്തെ വലിച്ചെടുത്ത് ന്യൂട്രൽ എനർജി അഥവാ നിദ്രോർജ്ജമാക്കി മാറ്റി ന്യൂട്രിക്ക് ആകാശത്തിൽ ലയിപ്പിക്കുമ്പോൾ നക്ഷത്രം തമോഗർത്തമായി തീരുന്നു. ആകാശത്തിന്റെ മറ്റൊരു പേരാണ് ഈഥർ ഇലക്ട്രോമാഗ്നറ്റിക് ഫീൽഡ് എന്ന ആകാശത്തെ ഞാൻ അംഗീകരിച്ചിട്ടില്ല. ഇലക്ട്രോമാഗ്നറ്റിക് ഫീൽഡ് എന്ന അവസ്ഥ ഇല്ലെങ്കിലും മാഗ്നറ്റിക് ഫീൽഡ് എന്ന അവസ്ഥയുണ്ട് അവ രണ്ടുതരത്തിലാണുള്ളത് ജഢകാന്തികമണ്ഡലവും, സജീവകാന്തികമണ്ഡലവും സജീവകാന്തികമണ്ഡലത്തിന് ഉദാഹരണമാണ് വൈദ്യുതകാന്തവും, സ്ഥിരകാന്തവും. വൈദ്യുതി ഒരു സൂക്ഷ്മ ദ്രവപ്രവാഹമാണ് അതിന് ആകാശത്തിൽ മണ്ഡലാവസ്ഥയില്ല പ്രപഞ്ചത്തിലെ ജഢകാന്തികമണ്ഡലത്തിന് കാന്തികഗുണമില്ല മാത്രമല്ല പ്രപഞ്ചവ്യവഹാരത്തിൽ ബന്ധപ്പെടുന്നുമില്ല. കാരണം ജഢകാന്തികമണ്ഡലത്തിന് ചലന സ്വഭാവമില്ല എങ്കിലും നക്ഷത്രത്തെ ആകാശഗംഗയിൽ താങ്ങിനിർത്തുന്നത് ഈ ജഢകാന്തികമണ്ഡലമാണ്.

മൂന്ന് ആകാശങ്ങളും അവ ലയിച്ച ഭൂതങ്ങളും

മൂന്ന് ആകാശങ്ങൾ ഇവയാണ്. ഇലണിക്ക്, പ്രോണിക്ക്, ന്യൂട്രിക്ക്, ഇവക്ക് ഉപആകാശങ്ങളുമുണ്ട്. ഇലണിക്കിൽ മൂന്ന് പ്രഥമിക ഉപ ആകാശങ്ങളുണ്ട്. അവ ഇവയാണ് റേഡിയോ ആകാശം, പ്രകാശിക ആകാശം, എക്സറേ ആകാശം എന്നിവയാണ്. റേഡിയോ ആകാശം വായുവിലും ജലത്തിലും ഗ്രാസിലും ലയിച്ചുകാണുന്നു. പിന്നെ പാറയിലും മണ്ണിലും കോൺക്രീറ്റിലും അൽപം ലയിച്ചുകാണുന്നു. എന്നാൽ ലോഹങ്ങളിൽ റേഡിയോ ആകാശം ലയിച്ചുകാണുന്നില്ല. റേഡിയോ ആകാശത്തിൽ തന്നെ അഞ്ച് ഉപ ആകാശങ്ങളുണ്ട്. റേഡിയോ ആകാശം, ഷോട്ട് വേവ് ആകാശം, FM ആകാശം മൈക്രോവേവ് ആകാശം, k ബേന്റ് ആകാശം ഇതിൽ ഷോട്ട്‌വേവ് ആകാശം അയോണോസ്ഫിയറിൽ ലയിച്ച് കാണുന്നില്ല. അതുകൊണ്ടാണ് ഷോട്ട്‌വേവ് അയണോസ്ഫിയറിൽ കടന്നുപോകാത്തത്. പ്രകാശിക ആകാശം വായു, ജലം, ഗ്രാസ്, സുതാര്യ വസ്തുക്കൾ എന്നിവയിൽ ലയിച്ചുകാണുന്നു. പ്രകാശിക ആകാശം മനുഷ്യശരീരത്തിൽ ലയിപ്പിച്ചാൽ അദൃശ്യനായ മനുഷ്യനെ സൃഷ്ടിക്കാം. എക്സറേ ആകാശം മാംസം, മരം, ഗ്രാസ് എന്നിവയിൽ ലയിച്ച് കാണുന്നു. അതുകൊണ്ടാണ് എക്സ്റേ രശ്മികൾ മാംസം മരം എന്നിവയിലൂടെ കടന്നുപോകുന്നത്. പ്രോണിക്ക് ആകാശം വായു ജലം ഗ്രാസ് എന്നിവയിൽലയിച്ച് കാണുന്നു. കറുത്തീയം ഒഴിച്ച് കടുപ്പമുള്ള പദാർത്ഥങ്ങളിലും ആകാശം ലയിച്ച് കാണുന്നു. ഇലണിക്കിനെപോലെ ഖരഭൂതത്തിൽ പ്രോണിക്കും അധികം ലയിച്ച് കാണുന്നില്ല.ന്യൂട്രിക്ക് ആകാശം എല്ലാ ഭൂതങ്ങളിലും നന്നായി ലയിച്ച് കാണുന്നു. അതുകൊണ്ട് നിദ്രവികിരണം ഗ്രഹങ്ങളുടെ നക്ഷത്രങ്ങളുടേയും ഉള്ളിലൂടെ സുഗമമായി കടന്നുപോകുന്നത്. നിദ്രവികിരണത്തെ നിദ്രോർജ്ജം എന്നുപറയാം. പ്രകാശത്തിന് കാഠിന്യമുള്ള ഗ്ലാസും അതികാഠിന്യമുള്ള വജ്രവും സുതാര്യവസ്തുവായതുപോലെ ഗാമയ്ക്ക് പാറക്കല്ല് സുതാര്യവസ്തവാണെന്ന് മനസ്സിലാക്കുക. ഒരു രശ്മിക്കും തുളച്ചുകടക്കാനുള്ള കഴിവില്ല. അതാതു ഫ്രീക്വൻസിയുടെ മീഡിയം ലയിച്ച പദാർത്ഥങ്ങളിൽ മാത്രമേ തരംഗങ്ങൾ കടന്നു പോകുകയുള്ളു. അതായത് രശ്മകൾക്ക് തുളച്ചുകടക്കാനുള്ള കഴിവില്ല. രശ്മികൾ തുളച്ചുകടന്നു പോകുന്നു എന്ന് പറഞ്ഞാൽ അത് മഹാ വിഡ്ഡിത്തമായിപോകും.

ആദ്യമുണ്ടായത് ആരാണ് നീയോ ദൈവമോ

മാസ്പിത്ത് പ്രിൻസിപ്പിൾ അനുസരിച്ച് നീയും ദൈവവും ഒരേ സമയത്താണ് ഉണ്ടായത്. ഒരു ചക്രത്തിൽ ആദ്യം അന്ത്യം എന്ന് ഒന്ന് ഇല്ല. ഉദയമാണോ ആദ്യം ഉണ്ടായത് അസ്ഥമയമാണോ ആദ്യം ഉണ്ടായത്. ഉചിതമായ ഉത്തരം ഉദയവും അസ്ഥമയവും ഒരെ സമയത്താണ് നടക്കുന്നത് എന്ന് മനസ്സിലാക്കുന്നതായിരിക്കും ബുദ്ധി ഒരു ചക്രത്തെ വിഭജിക്കുമ്പോൾ നമ്മുടെ മനോധർമ്മമാണ് ആദ്യം അന്ത്യം നിർവചിക്കുന്നത്.

പ്രപഞ്ച അഷ്ട ഘടന

മൂന്ന് ആകാശങ്ങളും ഗ്രിമുരയും നക്ഷത്രമണ്ഡലംഅടങ്ങുന്ന ആകാശഗംഗ മണ്ഡലവും ജഢകാന്തിക ആകാശവും പ്രപഞ്ചഘടനയിൽ, പ്രപഞ്ച വ്യവഹാരത്തിൽ ഏർപ്പെടാത്ത രണ്ട് ആകാശങ്ങളുമുണ്ട് ഇവ സ്വതന്ത്ര രൂപത്തിൽ നിലകൊള്ളുന്നത് പ്രപഞ്ചത്തിന്റെ ഏറ്റവും പറത്തുള്ള മണ്ഡലമായ M ഫീൽഡിലാണ്. പ്രപഞ്ച വ്യവഹാരത്തിൽ ഏർപ്പെടാത്ത രണ്ട് ആകാശങ്ങൾ ഇവയാണ് നോർആകാശവും സോർആകാശവും. ഇവ ജഢകാന്തികമണ്ഡലങ്ങളാണ്. മൂന്ന് ആകാശങ്ങളും ശുദ്ധരൂപത്തിൽ നിലകൊള്ളന്നത് ഖരമണ്ഡത്തിന് പുറത്തുള്ള ആകാശമണ്ഡലത്തിലാണ്.

പ്രപഞ്ചച്ഛേദം




A നോർ ആകാശം
B സോർ ആകാശം
} M ഫീൽഡ്
C ന്യൂട്രിക്ക് ആകാശം
D പ്രോണിക് ആകാശം
E ഇലണിക് ആകാശം
F നക്ഷത്രമണ്ഡലമെന്നോ ആകാശ ഗംഗാമണ്ഡലമെന്നോ ഖരമണ്ഡലമെന്ന് പൊതുവെ പറയാം
G നമ്മുടെ ആകാശഗംഗ ബാഹ്യ ആകാശഗംഗാ വ്യൂഹങ്ങളിൽ ഉൾപ്പെടും ഇവിടെയാണ് നമ്മുടെ സൗരയൂഥം നിലകൊള്ളുന്നത്
H പ്രപഞ്ചത്തിന്റെ കേന്ദ്രഭാഗമായ ഗ്രിമുര

പ്രപഞ്ച ആയുസ് തീരുമ്പോൾ നക്ഷത്രമണ്ഡലം ചുരുങ്ങി ചുരുങ്ങി ളിമുരയിൽ ഒതുങ്ങും. പ്രപഞ്ചം മഹാവിസ്പോടനം വഴി പുനർജനിക്കുമ്പോൾ നക്ഷത്രമണ്ഡലം വികസിച്ച് വരുന്നു. അങ്ങനെ വീണ്ടും പ്രപഞ്ചം മരണജനന ചക്രം ആവർത്തിക്കുന്നു. ആകാശഗംഗമണ്ഡലത്തിനുള്ളിലാണ് നമ്മുടെ ആകാശഗംഗ നിലകൊള്ളുന്നത് അതുപൊലെ ആകാശഗംഗയുടെ അത്ര ഉള്ളിലല്ലാത്ത ഭാഗത്താണ് നമ്മുടെ സൗരയൂഥം നിലകൊള്ളുന്നത്. അതുകൊണ്ടാണ് നമുക്ക് ചുറ്റും നക്ഷത്രങ്ങൾ നിൽക്കുന്നതുപോലെ തോന്നുന്നത് ആകാശഗംഗകളുടെ മണ്ഡലത്തിനുപുറത്തുള്ള ഇലണിക്ക് ആകാശത്തിൽ നിന്ന് നോക്കിയാൽ നക്ഷത്രമണ്ഡലം ഒരു പരിതി വരെയുള്ളുവെന്നും നക്ഷത്രമണ്ഡലം ഗോളരൂപിയാണ് എന്നും മനസ്സിലാക്കാം. ളിമുര ഒരു ഒറ്റ ദ്രവ്യപിണ്ഡമായിട്ടല്ല കാണന്നത്. അനേകം വലിയ ദ്രവ്യഗോളങ്ങളായിട്ടാണ് കാണുന്നത്. ദ്രവ്യഗോളങ്ങൾ പരസ്പരം മുട്ടാതെയാണ് നിൽക്കുന്നത്. ളിമുര ദ്രവ്യഗോളങ്ങളുടെ പ്രകടോർജ്ജ നില വർദ്ദിക്കുമ്പോൾ ളിമുര വിഭജിച്ച് അനേകം ആകാശഗംഗകളും നക്ഷത്രങ്ങളും ഉണ്ടാകുന്നു. അപ്പോഴാണ് പ്രപഞ്ചവികാസം ഉണ്ടാകുന്നത്. പ്രപഞ്ചം മരിക്കുമ്പോൾ മാത്രമെ ളിമുര ഒറ്റ ദ്രവ്യപിണ്ഡമായി കാണുകയുള്ളൂ.

| | | | | | |
|---|---|---|---|---|---|
| ദ്രവ്യത്തിന്റെ അഞ്ച് അവസ്ഥകൾ | ഖരം, | ദ്രാവകം, | വാതകം, | സൂഷ്മ ദ്രവം, | ഈഥർ |
| | ഭൂമി, | ജലം, | വായു, | അഗ്നി, | ആകാശം |

## $E=mc^2$ എന്ന മഹാവിഢ്ഢിത്വം

ഭാരതീയ പഞ്ചഭൂത ആശയങ്ങൾക്ക് മുമ്പിൽ $E=mc^2$ എന്ന സമവാക്യം മഹാവിഢ്ഢിത്വമാകും കാരണം പഞ്ചഭൂത ആശയത്തിൽ ആകാശമെന്ന ഭൂതം ശൂന്യതയെ ഇല്ലാതാക്കുന്നു. മാത്രമല്ല ആകാശം എന്ന ഭൂതമാണ് പ്രകാശത്തിന്റെ മാധ്യമം. അപ്പോൾ പ്രകാശം ശുദ്ധമായ നാദമാണ് അഥവാ തരംഗമാണ്. അപ്പോൾ പ്രകാശത്തിന് കണിക സ്വഭാവമില്ല. കാരണം ആകാശമെന്ന ഭൂതത്തിൽ കണങ്ങൾക്ക് രോധം അനുഭവപ്പെടും. പ്രകാശം ശൂന്യതയിൽ മാത്രമാണ് സെക്കൻഡിൽ 3ലക്ഷം കിലോമീറ്റർ സഞ്ചരിക്കുന്നത് എന്നാണ് ആധുനിക ശാസ്ത്രം പറയുന്നത്. പ്രകാശം എന്ന ഊർജ്ജകണത്തിന് ആധുനിക ശാസ്ത്രം ദ്രവ്യകണമായിട്ടാണ് കാണുന്നത്. ഈ ദ്രവ്യകണം വായുവിലോ ജലത്തിലോ കടന്നുപോകുമ്പോൾ രോധം കാരണം പ്രകാശത്തിന്റെ വേഗത കുറയാൻ സാധ്യതയുണ്ട്. അതുകൊണ്ടാണ് ശൂന്യതയിൽ എന്ന് തറപ്പിച്ച് പറയുവാൻ കാരണം. ഇങ്ങനെ ചിലകാര്യങ്ങളിൽ ശരിയായ വീക്ഷണം ആധുനിക ശാസ്ത്രത്തിനുണ്ട്. എന്നാൽ സത്യത്തിൽ വായുവിലും ജലത്തിലും പ്രകാശത്തിന്റെ പ്രവേഗതക്ക് വലിയ മാറ്റമൊന്നും സംഭവിക്കുന്നില്ല. പ്രതിരോധം മൂലം വായുവിലും ജലത്തിലും പ്രകാശത്തിന്റെ അളവ് കുറവ് ഉണ്ടാകുമെന്നുമാത്രം. തരംഗങ്ങൾക്ക് മാത്രമെ പ്രതിരോധമണ്ഡലത്തിൽ പ്രവേഗതമാറ്റം ഇല്ലാതെ ഊർജ്ജ പ്രസരണം നടത്താൻ കഴിയൂ. ആധുനിക ശാസ്ത്രം മനുഷ്യനെ വിഢ്ഢിയാക്കുന്ന രീതിയിൽ ചിലകാര്യങ്ങൾ പറയുന്നു. പ്രകാശമെന്ന കണം ഊർജ്ജ കണമായതുകൊണ്ട് അവക്ക് പരസ്പരം വിച്ഛേദിക്കാൻ കഴിവുണ്ട് എന്നും പറയുന്നു. അങ്ങിനെയാണെങ്കിൽ ഊർജ്ജമെന്ന കണത്തിന് ഒരു അതാര്യ വസ്തുവും തടസ്സമായിക്കൂടാ. ഫോട്ടോണുകൾക്ക് ഇലക്ട്രോണുകളെ സപർശിക്കുവാൻ കഴിയുന്നു. പിന്നെ എന്തുകൊണ്ടാണ് ഫോട്ടോണുകൾക്ക് പരസ്പരം സ്പർശിക്കുവാൻ കഴിയാത്തത് വായുവിലും,ജലത്തിലും പ്രകാശത്തിന്റെ പ്രവേഗതക്ക് വലിയ മാറ്റമൊന്നും സംഭവിക്കാത്തതിന്റെ കാരണം ആധുനികശാസ്ത്രം പറയുന്ന ശൂന്യത വായുവിലും ജലത്തിലും അടങ്ങിയിട്ടുണ്ടോ. ആധുനിക ശാസ്ത്രമല്ലെ പറയുന്നത് അപ്പോൾ ഈ വിഢ്ഢിതങ്ങൾ ആരാണ് ആധുനിക ശാസ്ത്രത്തിൽ എഴുതിചേർത്തത് എനികൊന്നും മനസ്സിലാകുന്നില്ല. നിങ്ങൾക്കെല്ലാം മനസ്സിലാകുന്നുണ്ടല്ലോ അത് നന്നായി. ശൂന്യതയില്ലായ്മയിൽ ഒരു ശൂന്യത അപ്പോൾ ശൂന്യതയുടെ അർത്ഥം എന്താണ്. വായുവിലും ജലത്തിലുമുള്ള പ്രകാശത്തിന്റെ ചെറിയ പ്രവേഗമാറ്റം വീണ്ടും ശുദ്ധമായ ഇലണിക്ക് ആകാശത്തിലേക്ക് കടക്കുമ്പോൾ വീണ്ടും പ്രകാശത്തിന്റെ വേഗത 3 ലക്ഷം കിലോമീറ്ററായി ഏക്സ് ലൈറ്റ് ചെയ്യുന്നു. തരംഗങ്ങൾക്ക് മാത്രമേ ഇങ്ങനെ ഏക്സ്ലൈറ്റ് ചെയ്ത് പ്രവേഗത മാറ്റമില്ലാതെ സഞ്ചരിക്കാൻ സാധിക്കൂ. എന്നാൽ കണങ്ങൾക്ക് ഒരിക്കലും സ്വതന്ത്രാവസ്ഥയിൽ ഏക്സ് ലൈററ് ചെയ്ത് സഞ്ചരിക്കാൻ സാധ്യമല്ല സൂഷ്മ പ്രകാശകണങ്ങളിൽ ഏക്സ് ലൈറ്റ് ചെയ്യാൻ ഒരു റോക്കറ്റ് വേണ്ടിവരും. സൂഷ്മ റോക്കറ്റിനെപ്പറ്റി ചിന്തിക്കുന്നതെ വിഢ്ഢിത്തമായിപോകും. പ്രകാശത്തിന്റെ വേഗത ആറു മീറ്ററായി കുറച്ചു എന്ന് ആധുനികശാസ്ത്രം അവകാശപ്പെടുന്നു, മാത്രമല്ല അധികം വൈകാതെ പ്രകാശകണത്തെ നിശ്ചലമാക്കാനും കഴിയും. ഞാൻ ഒരു കാര്യം പറയട്ടെ. ശബ്ദത്തിന്റെ വേഗത കുറക്കാൻ കഴിയുമോ. കുറക്കാൻ കഴിയില്ലാ എന്നായിരിക്കും നിങ്ങളിൽ പലരുടെയും ധാരണ. ശബ്ദത്തിന്റെ വേഗത പത്തിലൊന്നിനു താഴെയായി കുറക്കാൻ കഴിയും. അത് റബറിലാണ് ശബ്ദവേഗത കുറക്കാൻ കഴിയുന്നത്. അതുകൊണ്ട് ശബ്ദ കണങ്ങളുടെ ഒരു പ്രവാഹമാണ് ശബ്ദകണത്തെ നിശ്ചലമാക്കാൻ കഴിയും എന്ന വിഢ്ഢിത്തങ്ങൾ ആരെങ്കിലും പുലമ്പുമോ? വൈദ്യുതി കണങ്ങളുടെ ഒരു പ്രവാഹമാണ് അത് എന്റെ ഗവേഷണങ്ങൾ തെളിയിക്കുന്നു.വേദങ്ങൾ വൈദ്യുതിഅഗ്നിയെ ഭൂതമായി കണ്ടു. നേരിട്ട് കാണാൻ കഴിയാത്ത ദ്രവ്യാവസ്ഥ. ഇവിടെ പ്രകാശത്തിന് കണിക സ്വഭാവമുണ്ടായിരുന്നെങ്കിൽ ആകാശമെന്ന ഭൂതത്തിൽ ഉഗ്രരോധം അനുഭവപ്പെടുമായിരുന്നു. കാരണം പ്രകാശകണിക സൂഷ്മമാണ് എന്നാണ് ആധുനിക ശാസ്ത്രം പറയുന്നത് പൊടിയാണോ കല്ലാണോ ഭൂമിയിൽ ആദ്യം വീഴുക കല്ല് തന്നെ. അതുകൊണ്ട് സൂഷ്മാവസ്ഥയിൽ ഒരു വസ്തുവിന്റെ രോധം വർദ്ധിക്കുന്നു. ഒരു ചാലകത്തിൽ അതിനുള്ളിലുള്ള രോധവസ്തുവായി ഇലക്ട്രോണുകൾ തട്ടുമ്പോൾ ഇലക്ട്രോണുകൾ തട്ടിതെറിക്കുകയല്ലെ ചെയ്യുന്നത്. മറിച്ച് രോധവസ്തുവിന്റെ ഉപരിതലത്തിലൂടെ ഒഴുകുമ്പോൾ ഒഴുക്കിന് വക്രത സംഭവിച്ച് ഒഴുക്കിന് സമാന്തരമായി ഒഴുകുകയാണ് ചെയ്യാറ് എന്നാൽ പ്രകാശം ഇലക്ട്രോണുകളുടെ സ്വഭാവമല്ല കാണിക്കുന്നത് കണങ്ങൾ സ്വതന്ത്രാവസ്ഥയിൽ എന്ന് പറഞ്ഞാൽ ഒരു പൊട്ടൻഷ്യൻ ഡിഫ്രൻസ് ഇല്ലാതെ സ്ഥിരമായ പ്രവേഗം കണങ്ങൾക്ക് ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് കണങ്ങൾ വഴിയുള്ള ഊർജ്ജ സാധ്യത പ്രകാശത്തിന്റെ കാര്യത്തിൽ അസംഭവ്യമാണ്. ഒരു സ്ഥലത്ത് ദ്രവ്യത്തിന്റെ സാന്നിദ്ധ്യം കുറക്കാനെ സാധിക്കുകയുള്ളു ഇല്ലാതാക്കാൻ സാധ്യമല്ല. ഒരു പ്രത്യേക പദാർത്ഥം ഒഴിഞ്ഞിരിക്കുന്ന സ്ഥലത്തേയോ, ദ്രവ്യാംശം കുറഞ്ഞ സ്ഥലത്തേയോ ശൂന്യത എന്നു വിളിക്കാം എന്ന് മാത്രം. കണങ്ങൾക്ക് അവിച്ഛേദന സ്വഭാവമുണ്ട് പ്രകാശ കിരണങ്ങൾ പരസ്പരം വിച്ഛേദിച്ച് കടന്നുപോകുന്നത് എന്തുകൊണ്ട്? തരംഗങ്ങൾക്ക് വിച്ഛേദന സ്വഭാവമുണ്ട് എന്ന് എന്റെ ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രകാശം തരംഗത്തെപോലെ വിച്ഛേദന സ്വഭാവിയാണ്. ആധുനിക ശാസ്ത്രം പറയുന്നത് പ്രകാശത്തിന് ഒരേ സമയം തരംഗത്തിന്റെയും കണങ്ങളുടെയും സ്വഭാവമുണ്ട് എന്നാണ്. എന്നാൽ ഞാൻ പറയുന്നു അത് ആധുനികശാസ്ത്രം പറയുന്ന പ്രകാശത്തിന്റെ മാത്രം കാര്യമല്ല. കാരണം ഒരു കല്ല് ഭൂമിലേക്ക് വീഴുമ്പോൾ വായുവിന്റെ പ്രതിരോധം മൂലം കല്ല് കമ്പനം ചെയ്താണ് ഭൂമിയിലേക്ക് വീഴുക. അപ്പോൾ കല്ലിന് ഒരേ സമയം വീഴ്ചയുടേയും തരംഗത്തിന്റെയും സ്വഭാവമുണ്ട് എന്ന് ഞാൻ പറഞ്ഞാൽ. അപ്പോൾ തരംഗം ഒഴുകുന്ന ഒന്നല്ല എന്നും എല്ലാവർക്കും അറിയാം. എന്നിട്ടും ആധുനിക ശാസ്ത്രം മനുഷ്യനെ വിഢ്ഢിയാക്കാൻ പ്രകാശത്തിന് ദൈതസ്വഭാവമുണ്ട് എന്ന് പറയുന്നത്. ശൂന്യതയുടെ കാര്യം പോട്ടെ പ്രകാശകണങ്ങൾകൊണ്ടും മറ്റുകണങ്ങൾകൊണ്ടും പ്രപഞ്ചം നിറഞ്ഞ് നിൽക്കുകയാണ് എന്ന് സങ്കല്പിച്ചാൽ അവിടെ പ്രതിരോധമില്ലെന്ന് പറയുന്നത് മഹാവിഢ്ഢിത്വമല്ലെ. ശബ്ദം ഒരു സെക്കന്റിന് സഞ്ചരിക്കുന്ന ദൂരം അത്രയും ചുറ്റളവിലുള്ള വായു മൂന്ന് ലക്ഷം കിലോമീറ്റർ വ്യാപിച്ച് നിന്നാൽ അതാണ് ആകാശം. സൂര്യന്റെ കേന്ദ്രഭാഗത്ത് നിന്ന് ഭൂമിവരെ വ്യാപിച്ച് നിൽക്കുന്ന ആകാശത്തെ 923.16 കിലോമീറ്റർ ചുറ്റളവിൽ ചുരുക്കിയാൽ വായുവിന്റെ സാന്ദ്രതക്ക് സമാനമാകും. 923.16 കിലോമീറ്റർ ചുറ്റളവുള്ള വായുഗോളത്തിന്റെ വ്യാസം 294കിലോമീറ്ററാണ്. ഭുമി സൂര്യനെ ചുറ്റുമ്പോൾ വൈദ്യുത മണ്ഡലത്തിന്റെ കാറ്റ് ഏൽക്കാത്തത് അത്ഭുതമായിപോയി ഈഥറിന് മാത്രമെ കാറ്റ് അനുഭവപ്പെടുകയുള്ളൂ ഇത് എന്തൊരുകണ്ടുപിടുത്തം ഭൂമി ഭ്രമണം ചെയ്യുമ്പോൾ ഭൂമിയുടെ ഉപരിതലം ഭൂമദ്ധ്യരേഖയുടെ അവിടെ സക്കന്റിൽ 400 മീറ്റർ വേഗതയിലാണ് ചലിക്കുന്നത്. അപ്പോൾ എന്തുകൊണ്ടാണ് എപ്പോഴും സെക്കന്റിൽ 400 മീറ്റർ വേഗതയിൽ കാറ്റ് അനുഭവപ്പെടാത്തത് . ഉത്തരം വളരെ ലളിതമാണ് ഭൂമിക്കുചുറ്റുമുള്ള വായുമണ്ഡലം

ഭൂമിയ്ക്ക് ഒപ്പമാണ് തിരിയുന്നത്. അതിന്റെ കാരണം നിങ്ങൾക്ക് അറിയാമല്ലോ? അതുപോലെ സൂര്യൻ മുതൽ പ്ലൂട്ടോ വരെ വ്യാപിച്ചുകിടക്കുന്ന ഈഥർ അതാതു ഗ്രഹങ്ങളുടെ സമാന പരിക്രമണ വേഗതയിലാണ് ഈഥർ മണ്ഡലം സൂര്യനെ പരിക്രമണം ചെയ്യുന്നത്. ഇതിന് കാരണം സൂര്യന്റെ ഗുരുത്വമാണ്. ഭൂമിയുടെ പരിക്രമണ അതിർത്തിയിലുള്ള ഈഥർ ഭൂമിയ്ക്കൊപ്പമാണ് കറങ്ങുന്നത്. അപ്പോൾ എങ്ങിനെയാണ് ഈഥറിന്റെ കാറ്റ് ഉണ്ടാവുക. ഇവിടെയാണ് മൈക്കൽസൺ മോർലിക്ക് തെറ്റ് സംഭവിച്ചത്. അതുകൊണ്ട് അതിവേഗതയിൽ സഞ്ചരിക്കുന്ന ഒരുകൃത്രിമ റോക്കറ്റിലോ, ധൂമകേതുവിലോ, മാത്രമേ ഈഥറിന്റെ കാറ്റ് അനുഭവപ്പെടുകയുള്ളൂ. എന്നാൽ ധൂമകേതുവിന്റെ ഗുരുത്വത്തിന്റെ പരിധിയിലുള്ള ഈഥർ ധൂമകേതുവിന് ഒപ്പമായിരിക്കും സഞ്ചരിക്കുക. എന്നാൽ നവഗ്രഹമണ്ഡലത്തിലുള്ള ഈഥറിനെ കീറിമുറിച്ചായിരിക്കും ധൂമകേതു സഞ്ചരിക്കുക. പ്രകാശം പ്രഥമ തരംഗങ്ങളുടേയും ദ്വിതീയ തരഗങ്ങളുടേയും സ്വഭാവം ഒരേസമയം കാണിക്കുന്നു. പ്രഥമ തരംഗ ങ്ങളോടാണ് പ്രകാശത്തിന് കൂടുതൽ ചായ്വ്. അതുകൊണ്ടാണ് പ്രകാശത്തിന് ചെറിയ പോളറൈസേഷൻ ഉണ്ടാകുന്നത്. അതുകൊണ്ട് പ്രകാശം ഒരു സംങ്കര തരംഗമാണ് ലെയ്സർ എന്ന പ്രകാശരശ്മിയിൽ ഡിഫ്രാക്ഷൻ വളരെ കുറഞ്ഞിരിക്കുന്നതിന്റെ കാരണം പ്രകാശ ത്തിന്റെ പ്രഥമ തരംഗസ്വഭാവമാണ് കാരണം. സാധാരണ പ്രകാശരശ്മിയിൽ ഡിഫ്രാക്ഷൻ എന്ന തോന്നൽ ഉണ്ടാകുന്നത്. സ്രോതസ്സിൽ നിന്നും പ്രകാശം കൂടുതൽ വിസരിച്ച് വരുന്നതുകൊണ്ടാണ്. അതുകൊണ്ടാണ് സ്രോതസ്സിന്റെ വലിപ്പം കൂടുന്തോറും പ്രകാശം കൂടുതൽ നിഴലിലേക്ക് വ്യാപിക്കുന്നത്. സത്യത്തിൽ പ്രകാശരശ്മിയിൽ ഡിഫ്രാക്ഷൻ ഇല്ല. പ്രകാശത്തിന്റെ ഡിഫ്രാക്ഷൻ ആധുനിക ശാസ്ത്രം പറഞ്ഞ് ഉണ്ടാക്കിയതാണ്. ആകാശമുള്ളതുകൊണ്ടാണ് ബൾബിലെ താപോർജ്ജവും, പ്രകാശോർജ്ജവും പുറത്തുപോകുന്നത് ആകാശമില്ലായിരുന്നെങ്കിൽ ബൾബിലെ ഊർജ്ജം പുറത്ത് പോകാൻ കഴിയാതെ ഊഷ്മാവ് വർദ്ധിച്ച് ഫിലമെന്റ് ഉരുകി വാതകമാവുകയും ബൾബ് പൊട്ടിത്തെറിക്കുമായിരുന്നു. ഈ കാര്യം ഞാൻ സൂചിപ്പിച്ചത് ഒരു കാര്യം നിങ്ങളെ ധരിപ്പിക്കാനാണ്. അഗ്നിയെന്നത് സൂക്ഷ്മദ്രാവാ വസ്ഥയും ആകാശമെന്നത് ഈഥർ അവസ്ഥയുമാകും അങ്ങിനെ വരുമ്പോൾ ഊർജ്ജത്തിനെ ദ്രവ്യമാക്കാനോ ദ്രവ്യത്തിനെ ഊർജ്ജമാ ക്കാനോ കഴിയുകയില്ല. എന്നാൽ പ്രപഞ്ചത്തിൽ ഊർജ്ജവും ദ്രവ്യവും കൂടികലർന്ന അവസ്ഥയിലാണ് കാണുന്നത്. ആകാശമെന്ന ഭൂത ത്തിൽ ഊർജ്ജത്തിന്റെ അളവ് കുടുതലും ദ്രവ്യത്തിന്റെ അളവ് കുറവുമാണ്. അതുകൊണ്ട് നക്ഷത്രങ്ങൾ ആകാശത്തിൽ നിന്ന് ഊർജ്ജത്തെ സ്വീകരിക്കുകയും മറ്റൊരു ആകാശത്തിലേക്ക് ഊർജ്ജത്തെ മാറ്റുകയും ചെയ്യുന്നു. എന്നാൽ ഖരഭൂതത്തിൽ ദ്രവ്യത്തിന്റെ അളവ് കൂടുതലും ഊർജ്ജത്തിന്റെ അളവ് കുറവുമാണ്. നക്ഷത്രങ്ങൾ ഒരു ആകാശത്തിൽ നിന്നും മറ്റൊരു ആകാശത്തിലേക്ക് ഊർജ്ജത്തെമാറ്റുന്നത് അഗ്നി ദ്രവങ്ങളുടെ സഹായത്താലാണ്. അഗ്നിദ്രവങ്ങൾ കൂടുതൽ ലയിച്ച് കാണുന്നത് ഖരം ദ്രാവകം വാതകം എന്നിവയിലാണ്. അഗ്നിദ്രവങ്ങൾ ആകാശത്തിൽ ലയിച്ചിരുന്നെങ്കിൽ ആകാശം സ്വയം പ്രകാശിക്കുമായിരുന്നു. ആകാശത്തിൽ നിന്നും മറ്റൊരു ആകാശത്തിലേക്ക് ഊർജ്ജത്തെ മാറ്റുവാൻ അഗ്നിദ്രവങ്ങളായ പ്രോട്ടോണിനും ന്യൂട്രോണിനും വളരെ ഉയർന്ന മർദ്ധവും ഊഷ്മാവും ആവശ്യമാണ്. നക്ഷത്രങ്ങളിൽ ഉയർന്ന മർദ്ധമുണ്ടാക്കുന്നത് നക്ഷത്രഗുരുത്വമാണ്. സൂര്യനിൽ ഉയർന്ന മർദ്ധത്തിലിരിക്കുന്ന പ്രോട്ടോണിനെ ഒരുബൾബിനുള്ളിൽ നിലനിർത്തി യാൽ ബൾബ് നോൺ സോപ്പ് ലൈറ്റായി ഉപയോഗിക്കാം. കാരണം സൂര്യൻ എന്നാണോ അവസാനിക്കുന്നത് അപ്പോൾ മാത്രമെ ബൾബിന്റെ പ്രകാശം നിലക്കൂ. ആറ്റം ബോംബിനു സ്പോടനത്തോടുകൂടി അവസാനിക്കുന്നതിന്റെ കാരണം ഒരു നിമിഷനേരത്തേക്ക് മാത്രമേ പ്രോട്ടോൺ പ്രഷർ നിലനിൽക്കുന്നുള്ളൂ. അതുകൊണ്ടാണ് ഒരു സ്പോടനത്തോടുകൂടി അവസാനിക്കുന്നത്. പ്രോട്ടോൺ പ്രഷറിനെ ഒരു സ്ഥലത്ത് പിടിച്ച് നിർത്തുകയാണെങ്കിൽ ഹിരോഷിമയും നാഗസാക്കിയും ഇപ്പോഴും കത്തികൊണ്ട് നിന്നേനെ. അണുവോർജ്ജം ഒരു കണക്കിൽ ഒതു ക്കാൻ കഴിയുകയില്ല എന്ന് മനസ്സിലായില്ലോ. വൈദ്യുതകാന്തികമണ്ഡലം കാണുന്നത് ആകാശത്തിലല്ല. വൈദ്യുതി ഒഴുകുന്ന ഭാഗത്താണ്. ഒഴുകുന്ന ഭാഗത്തെ വൈദ്യുതമണ്ഡലമെന്നും അതിന് ഇരുപുറത്തുകാണുന്ന മണ്ഡലത്തെ കാന്തിക മണ്ഡലം എന്നുപറയുന്നു ഇതാണ് സത്യം പക്ഷെ കാലക്രമത്തിൽ വൈദ്യുതകാന്തികമണ്ഡലം ആകാശത്തിൽ സ്ഥാനം പിടിക്കുകയായിരുന്നു. ശുദ്ധമായ ന്യൂട്രിക്ക് മണ്ഡല ത്തിൽ അത്യുഗ്രശൂന്യതയാണുള്ളത് അവിടെ ഖരപദാർത്ഥങ്ങൾ പോലും സ്പോടനത്തോടുകൂടിയാണ് അലിയുക. ഈ പ്രതിഭാസത്തിനെ ഞാൻ കെറ്റാലീസം എന്ന് വിളിച്ചു. അഗ്നിയെന്നത് ഊർജ്ജമല്ല ഭൂതമാണ്. ഭൂതമെന്നത് അവസ്ഥയാണ് ജലമൊഴുകുന്ന ശബ്ദം കേൾക്കു മ്പോൾ അത് ശബ്ദോർജ്ജമാണ് എന്ന് പറയാറുണ്ടോ. ഇല്ല മറിച്ച് ഇങ്ങനെ പറയും. ജലം എന്നഭൂതം ഒഴുകുന്ന ശബ്ദമാണ് കേൾക്കുന്നത്. അപ്പോൾ അഗ്നിയുടെ കാര്യത്തിൽ നാം എങ്ങിനെ പറയണം അഗ്നി ഒഴുകുമ്പോഴോ കമ്പനം ചെയ്യുമ്പോഴോ ഉള്ള നാദമാണ് നാം കാണു ന്നത്. നാദം കാണാൻ കഴിയുമോ? പ്രകാശവും ശബ്ദവുമെല്ലാം നാദബ്രമമാണ് എന്ന് അറിയുക. $E=mc^2$ എന്നത് പ്രപഞ്ചത്തിൽ ഏറ്റവും വേഗത കൂടിയ ദ്രവ്യകണം എന്നതിന് അടിസ്ഥാനപ്പെടുത്തി ചിട്ടപ്പെടുത്തിയതാണ് ഈ മഹാവിഢ്ഢിത്വം. പ്രകാശത്തിനെക്കാൾ100ഇരട്ടി വേഗതയുള്ള രശ്മികൾ പ്രപഞ്ചത്തിലുണ്ട് അവയെ മനുഷ്യൻ കണ്ടെത്താത്തതുകൊണ്ടാണ് $E=mc^2$ എന്ന ആശയം ഇരുന്ന് വെളയുന്നത്. പ്രകാശം എന്ന സമസ്യക്ക് ഉത്തരം കണ്ടുപിടിക്കാൻ പലശാസ്ത്രഞ്ജൻമാരുടെ ആശയങ്ങൾ ഒരേ സമയം ആധുനീക ശാസ്ത്രം ഉപയോഗിക്കുന്നു. ഇതാണ് ഇപ്പോഴത്തെ രീതി. പ്രകാശമെന്നത് ഒരു സമസ്യയാണ് എന്നതിന്റെ സൂചനയാണ് ഈ രീതി

## എക്സൈറ്റർ എനർജിയും ജനറേറ്റർ സ്റ്റേജും

വായു എന്ന അവസ്ഥ പ്രാപിക്കാൻ ആവശ്യമായ ഊർജ്ജത്തെ എയർ എക്സൈറ്റർ എനർജി എന്നും ശബ്ദോർജ്ജജം ഉൽപാദിപ്പി ക്കാൻ ആവശ്യമായ വായു എന്ന അവസ്ഥയെ സൗണ്ട് ജനറേറ്റർ സ്റ്റേജ് എന്നും പറയുന്നു. അതുപോലെ ആകാശം എന്ന അവസ്ഥ പ്രാപി ക്കാൻ ആവശ്യമായ ഊർജ്ജത്തെ ഈഥർഎക്സ്സൈറ്റർ എനർജി എന്ന് പറയുന്നു. പ്രകാശോർജ്ജം ഉൽപാദിപ്പിക്കാൻ ആവശ്യമായ ആകാശ അവസ്ഥയെ ലൈറ്റ് ജനറേറ്റർ സ്റ്റേജ് എന്ന് പറയുന്നു. ആകാശത്തിലെ ജനറേറ്റർ സ്റ്റേജിന് അഗ്നി ദ്രവങ്ങളുമായി ചേർന്ന് ഊർജ്ജത്തെ ഉൽപ്പാദിപ്പിക്കാൻ മാത്രമല്ല കഴിയുന്നത്. ഊർജ്ജത്തെ സംഭരിച്ച് വെക്കാനും കഴിയും. ഊർജ്ജത്തെ സംഭരിച്ച് വെക്കാൻ ഏറ്റവും കഴിവ് കൂടിയ ആകാശം ന്യൂട്രിക്ക് ആകാശമാണ്. ഇലണിക്ക് ആകാശത്തിനും പ്രോണിക്ക് ആകാശത്തിനും ഊർജ്ജത്തെ ഉൽപാദിപ്പിക്കാൻ കഴി വുണ്ടെങ്കിലും സംഭരിച്ച് വെക്കാനുള്ള കഴിവ് കുറവാണ്. എന്നാൽ മഹാവിസ്ഫോടന സമയത്ത് ഇലണിക്കിന് 21.6% ഊർജ്ജത്തെ ആകാ ശത്തിൽ നിലനിർത്താൻ കഴിവുണ്ട്. ഇപ്പോൾ ഇലണിക്കിന് ആകാശത്തിലെ ഊർജ്ജത്തിന്റെ അളവ് 10%മാനത്തിന് താഴെയാണ് ന്യൂട്രി ക്കിലെ ഊർജ്ജസംഭരണശേഷി 90%മാനത്തിലും അധികമാണ്. എന്നാൽ ഇതിന്റെ സാന്നിധ്യം ആർക്കും അനുഭവപ്പെടുന്നില്ല. അതുകൊ ണ്ടാണ് ഞാൻ അതിനെ നിദ്രോർജ്ജമെന്ന് വിളിച്ചത്. ന്യൂട്രിക്കിലെ നിദ്രോർജ്ജമെന്ന ഊർജ്ജസാഗരത്തിൽ നിന്നാണ് നക്ഷത്രങ്ങൾ ഊർജ്ജ മുൽപാദിപ്പിക്കുന്നത് .

## ഭൂമിയിൽ ജീവജാലകങ്ങളുടെ ഉൽപ്പത്തി എങ്ങിനെയായിരുന്നു.?

ഭൂമിയിൽ ആദ്യം ജീവജാലങ്ങളിൽ അലൈംഗിക പ്രജനനമായിരുന്നു നിലവിൽ ഉണ്ടായിരുന്നത് കാലപ്രവാഹത്തിൽ അലൈംഗിക പ്രജനനത്തിന് ഷയം സംഭവിച്ചു. അതിനെ അതിജീവിക്കാൻ ഒരു പുതിയ രീതി നിലവിൽവന്നു അത് ലൈംഗിക പ്രജനനമായിരുന്നു. ആദ്യം ഏകജീവിതന്നെയാണ്. സന്തതികളെ ഉൽപ്പാദിപ്പിച്ചിരുന്നത്. ഏകജീവി ശരീരം കാലക്രമത്തിൽ രണ്ടായിമുറിഞ്ഞ് ആണും പെണ്ണു മായി ലൈംഗിക പ്രജനനം ആരംഭിച്ചു. മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവജാലങ്ങളിലും ഈ പ്രതിഭാസം ഉണ്ടായി. ഇനി ഈ ആശയം ബൈബിളിൽ എങ്ങിനെയാണെന്ന് നോക്കാം. ആദ്യ മനുഷ്യനെ മണ്ണിൽ നിന്ന് മെനഞ്ഞെടുത്ത് ജീവൻ പ്രദാനം ചെയ്ത ദൈവം അവൻ ഏകനായിരിക്കുന്നത് നല്ലതല്ല എന്ന് കണ്ട് അവന് തുണയായി സ്ത്രിയെ അവന്റെ വാരിയെല്ലിൽ നിന്ന് സൃഷ്ടിച്ചു എന്ന് ഉൽപ്പത്തി

2:21–22ൽ നാം വായിക്കുന്നു. ഈ വിവരണം പലതെറ്റിധാരണകൾക്കും ഇടം കൊടുത്തു. ഒരു ശസ്ത്രക്രിയ വഴി ദൈവം സ്ത്രീയെ സൃഷ്ടിക്കുകയാണോ ചെയ്തത്. ആദ്യത്തെ പൂഴിയിൽ നിന്ന് സൃഷ്ടിക്കുമ്പോൾ ഹവ്വയെ എന്തുകൊണ്ട് വാരിയെല്ലിൽ നിന്ന് ഉണ്ടാക്കുന്നു. തുടങ്ങിയ സംശയങ്ങൾ ഉണ്ടാകുന്നു. പുരുഷനുതുല്യമായി അവനോടൊപ്പം നിൽക്കാനായി സൃഷ്ടിക്കപ്പെട്ട സ്ത്രീയെ ഏകാന്തയനുഭവിക്കുന്ന പുരുഷനുവേണ്ടി സൃഷ്ടിക്കപ്പെട്ടവൾ എന്നർത്ഥത്തിൽ ക്രമേണ മനസ്സിലാക്കി തുടങ്ങി. ഇത് തെറ്റാണ്. സ്ത്രീയെ സൃഷ്ടിക്കുന്നതിന് മുമ്പ് മനുഷ്യൻ ദ്വലിംഗനായിരുന്നു. (Bisexual) എന്നുവരെ പറഞ്ഞിട്ടുള്ളവരും അവസാനം ഞാനുംവരെ. ഉൽപ്പത്തി പുസ്തകത്തിൽ തെളിയുന്ന ഉദാത്തമായ മനഷ്യദർശനം വ്യക്തമായി മനസ്സിലാക്കാത്തതാണ് പല തെററുകൾക്കും പ്രധാനകാരണം. അതിനാൽ ഉൽപ്പത്തിയിലെ സ്ത്രീയുടെ സൃഷ്ടി വിവരണം ശരിയായി ഗ്രഹിക്കേണ്ടതും അപഗ്രഥിക്കേണ്ടതും ആവശ്യമാണ്. ഇന്ന് അലൈംഗിക പ്രജനനം നടത്തുന്ന ഉരക ഇനത്തിൽപ്പെട്ട ഏകജീവി കുരുടൻ പാമ്പാണ് ഇതിനെ ബ്രാഹ്മിണി ബ്ലൈൻഡ് സ്നേക്ക് എന്നും ഫ്ളവർപോട്ട് സ്നേക്ക് എന്നും പേരുകളുണ്ട്. കുരുടൻപാമ്പിൽ ആണും പെണ്ണുംഇല്ല മറിച്ച് ആണുംപെണ്ണും ചേർന്ന ശരീരഘടനയാണ്. എന്നാൽ ഭാഹ്യമായി പെണ്ണിന്റെധർമ്മം അനുഷ്ടിക്കുന്നുണ്ട് കുരുടൻപാമ്പിനെ പെൺവർഗ്ഗത്തലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കുരുടൻപാമ്പിന് ഒരു പ്രത്യുൽപാദനം നടത്തമ്പോൾ 8 കുഞ്ഞുങ്ങൾവരെ ഉണ്ടാകുമെങ്കിലും ഒന്നോ,രണ്ടോ കുഞ്ഞുങ്ങൾ മാത്രമേ ജീവിക്കാറുള്ളൂ ചിലപ്പോൾ ഒന്നും ജീവിക്കാറില്ല. അലൈകികപ്രജനനം നടത്തുന്നതുകൊണ്ടാണ് കുരുടൻപാമ്പിന് അതിജീവനശക്തി കുറവാണ് ലൈംഗികപ്രജനനത്തിൽ അതിജീവനശക്തി കൂടുതലാണ്. അതുകൊണ്ടാണ് ക്ലോണിങ്ങിൽ പിറക്കുന്ന ജീവിക്ക് അതിജീവനശക്തി കുറയുന്നത് അതുകൊണ്ടാണ് പ്രകൃതി ലൈംഗിക പ്രജനനം ലോകംമുഴവൻ കൊണ്ടുവന്നത് എന്നാൽ ദുർബലമായ ലൈംഗികപ്രജനനരീതിയുണ്ട് രക്തബന്ധപ്രജനനരീതിയാണ് അത്. രക്തബന്ധമില്ലാത്ത പ്രജനനരീതിയാണ് സങ്കരരീതി വ്യത്യസ്ഥമനുഷ്യവർഗ്ഗങ്ങൾ തമ്മിലുള്ള പ്രജനനരീതിയാണ് അതിസങ്കരരീതി. പ്രകൃതി ജന്തുക്കളിൽ പണ്ടേ ഉപേക്ഷിച്ച അലൈംഗിക പ്രജനനരീതി വിഡ്ഢിയായ മനുഷ്യൻ ഏറ്റെടുത്തിരിക്കുന്നു. വ്യത്യസ്ഥത പുലർത്തുന്ന വളരെ അപൂർവ്വം സെല്ലുകളിൽമാത്രം ക്ലോണിങ്ങ് വിജയിക്കും എന്ന് ഞാൻ കരുതുന്നു. കുരുടൻ പാമ്പിൽ അലൈംഗിക പ്രജനനരീതി പ്രകൃതി കൊണ്ടുവന്നത് അതിന്റെ പ്രജനനം നിയന്ത്രിക്കാനാണ്. പ്രകൃതിയിൽ കൂടുതൽ സൗന്ദര്യമുണ്ടായത് ലൈംഗിക പ്രജനനം വന്നതോടുകൂടിയാണ്.

ബ്രഹ്മാണ്ഡം എന്ന അണ്ഡം

ബ്രഹ്മത്തിന് അണ്ഡാകൃതിയാണ് എന്ന് വേദകാലത്തെ മനുഷ്യൻ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് ബ്രഹ്മത്തിന് ബ്രഹ്മാണ്ഡം എന്ന് വേദമനുഷ്യ വിളിച്ചത് അത് എന്റെ സിദ്ധാന്തത്തിൽ ശരിയായി തീർന്നു. ബ്രഹ്മത്തിന് ഗോളാകൃതിയാണെന്നുള്ള സത്യം. ആകൃതി മാത്രമല്ല ഘടനയിലും സാമ്യം കാണിക്കുന്നുണ്ട്.

## അതീത ശാസ്ത്രം

ഒരു വസ്തുവിനെ മുറിച്ച് മുറിച്ച് അതിന്റെ ഏറ്റവും ചെറിയ തരിയെ കണ്ടെത്താൻ സാധ്യമല്ല. ഒന്ന് രണ്ടായി മുറിക്കാം. അതുതീർച്ചയാണ്. എങ്കിലും പ്രപഞ്ചനിയമത്തിൽ ഇതിന് ഒരു പരിധിയുണ്ട്. ഈ പരിധിയെ ഞാൻ വിവരിക്കുന്നത് മാസ്പിത്ത് പ്രിൻസിപ്പളിലാണ് എണ്ണൽ എണ്ണിതീർക്കാൻ സാധ്യമല്ല എന്ന് എല്ലാവർക്കും അറിയാം. എന്നാൽ അത് എത്രവരെ എണ്ണാൻ കഴിയും. അതിന് ഒരു പരിധിയുണ്ട്. ഇത് ഒരു പ്രപഞ്ചസത്യമാണ് അതുകൊണ്ടാണ് ഗണിതം അനന്തതയ്ക്കു മുമ്പിൽ അവസാനിക്കുന്നു എന്നു പറയുന്നത്. ഇവിടെ പറഞ്ഞു വരുന്നത് പ്രപഞ്ചത്തിലെ ഏറ്റവും ചെറിയ തരിക്കുവരെ പിണ്ഡമുണ്ട്. പിണ്ഡമില്ലാത്ത അവസ്ഥയില്ല. പിണ്ഡം കുറവ് കൂടുതൽ എന്ന് പറയുന്നത് വെറും ആപേക്ഷികമാണ്. അതായത് പ്രപഞ്ചത്തിന്റെ മൊത്തമുള്ള പിണ്ഡത്തെ അപേക്ഷിച്ച് ഭൂമിയുടെ പിണ്ഡം വളരെ ചെറുതാണ് അതുകൊണ്ട് ഭൂമിക്ക് പിണ്ഡമില്ല എന്നു പറയുവാൻ പറ്റുമോ. ആളുകളെ വിഡ്ഢികളാക്കാൻ ചുമ്മാ ഇങ്ങനെ ഭൂമി പിണ്ഡമില്ലാത്ത കണമാണ്. നിങ്ങൾ വിഡ്ഢകളല്ലെങ്കിൽ ഞാൻ പറയുന്ന കാര്യം എളുപ്പം മനസ്സിലാവും.

മാസ്പിത്ത് പ്രിൻസിപ്പിൾ (വിശ്വമഹാ പ്രബന്ധം) മഹാബ്രഹ്മാണ്ഡ ചലനസിദ്ധാന്തം എന്നെല്ലാം വിളിക്കാം. വിഭജനത്തിന് വിധേയമാകാത്ത ഏറ്റവും വിലയ വസ്തുവിൽ അല്ലെങ്കിൽ ഏറ്റവും വലിയ ദ്രവ്യകണത്തിൽ വിഭജനത്തിന് വിധേയമാകാത്ത ഏറ്റവും ചെറിയ വസ്തുക്കളുടെ അല്ലെങ്കിൽ ദ്രവ്യകണങ്ങളുടെ ചലനം അത് ഒരു ചാക്രികദിശയിലായിരിക്കും. അല്ലെങ്കിൽ ഒരു സംഭവ്യദിശയിലായിരിക്കും. ഈ ചലനം അനന്തമായി ആവർത്തിക്കും എന്നു പറഞ്ഞാൽ പ്രപഞ്ചചലനം ഭ്രമണം എന്നപോലെ വീണ്ടും ആരംഭിക്കും എന്നർത്ഥം. ഈ പ്രപഞ്ചഭ്രമണം അനന്തമായി ആവർത്തിക്കും. ബ്രഹ്മാണ്ഡ ഭ്രമണത്തിന് നാം സങ്കൽപ്പിക്കാൻ പോലും കഴിയാത്ത വർഷങ്ങൾ വേണ്ടിവരും. മാസ്പിത്തിന്റെ ഭ്രമണം പരിചക്രമണമായി ബന്ധമില്ല എങ്കിലും അതിനോട് ചേർന്നുള്ള ഒരു അലസഭ്രമണ രീതിയാണ് ഇത്. ഒരു സ്ഥലത്ത് നിന്ന് പുറപ്പെട്ടകണങ്ങളുടെ കൂട്ടവും പ്രപഞ്ചത്തിന്റെ എല്ലാ ഭാഗത്തുനിന്നും പുറപ്പെട്ട കണങ്ങളുടെ കൂട്ടവും ഒരേ സ്ഥലത്ത് ഒരേ സമയം തിരിച്ചെത്തുന്നു ഇതാണ് ഒരു മാസ്പിത്ത് ഭ്രമണം. മാസ്പിത്തിന്റെ അലസഭ്രമണരീതി താഴെ ചിത്രീകരിച്ചിരിക്കുന്നു.




a '•' അലസ പിരക്രമണത്തിന്റെ ഉൽഭവസ്ഥാനവും, അന്ത്യസ്ഥാനവും

b ഒരു അലസ പരിക്രമണ ദിശ

c മാസിപിത്തിലെ സൂഷ്മകണങ്ങളുടെ പരിക്രമണദിശ ഒരു ബിന്ദുവിന് കേന്ദ്രമായിട്ടല്ല. സൂഷ്മകണങ്ങളുടെ പരിക്രമണദിശ അതുകൊണ്ടാണ് അതിനെ ഞാൻ അലസപരിക്രമണദിശ എന്ന് വിളിച്ചത്.

d ഏറ്റവും വലിയ കണം അഥവാ മാസ്പിത്ത്. ഇതിനെ ബ്രഹ്മാണ്ഡം എന്നും വിളിക്കാം.

മാസ്പിത്ത് ഒരു പ്രാവശ്യം ഭ്രമണം പൂർത്തിയാക്കുമ്പോൾ ഈ ലേഖനം നിങ്ങൾ വീണ്ടും വായിക്കും. 2004 –ാംമാണ്ട് അടുത്ത മാസ്പിത്ത് ചലനത്തിൽ ഒരു വ്യത്യാസവും ഇല്ലാതെ വീണ്ടും തുടങ്ങും. അപ്പോൾ നിങ്ങളും ഞാനും അതേ അമ്മയുടെ ഉദരത്തിൽ ജനിക്കുകയും വളരുകയും ചെയ്യും. ഇതിനെയാണ് വിധി എന്നും തലയിലെഴുത്തും എന്നും പറയുന്നത്. കഴിഞ്ഞ മാസ്പിത്ത് ചലനത്തിലും ഇതുതന്നെ പറഞ്ഞു. ഇതുതന്നെ പ്രവർത്തിച്ചു അടുത്ത മാസ്പിത്ത് ഭ്രമണത്തിലും ഇതുതന്നെ സംഭവിക്കും. രാവും പകലുംപോലെ ഇതിനെ ആവർത്തന ജനനസിദ്ധാന്തം എന്നും വിളിക്കാം.

മാസ്പിത്ത് പ്രിൻസിപ്പിൾ (വിവരണം)

മാസ്പിത്ത് പ്രിൻസിപ്പളിന്റെ വിഭജനത്തിന് വിധേയമാകാത്ത ഏറ്റവും ചെറിയ വസ്തു എന്താണ്. കോറാണ് വിഭജിക്കാൻ കഴിയാത്ത ഏറ്റവും ചെറിയ വസ്തു ആർക്കും അതിനെ വിഭജിക്കാൻ കഴിയില്ല. പ്രപഞ്ച പ്രതിഭാസങ്ങൾക്കുപോലും വിഭജിക്കാൻ കഴിയില്ല. കോറുകൾ ചേർന്ന് ലഘുഘടനകൾ ഉണ്ടുകുന്നു. ഇതിനെ ലാം എന്നുപറയുന്നു. ലാം വിഭജനവും സംയോജനവും കോടാനുകോടി വർഷങ്ങൾകൊണ്ടാണ് സാധ്യമാകുന്നത്. ലാം വിഭജനം മുതൽ മഹാസ്ഫോടന വിഭജനംവരെയാണ് വിഭജന സംയോജന ശൃംഗല നീണ്ടുകിടക്കുന്നത്. ലാമിൽ വരുന്ന മാറ്റങ്ങൾ മൂലകത്തിന്റെ സ്വഭാവം തന്നെ മാറ്റികളയും. ലാമുകൾ പരസ്പരം കൂടിച്ചേർന്ന് സങ്കീർണ്ണമാത്രകളായി മാറുന്നു എങ്കിലും എല്ലാ ലാമുകളും കൂടിച്ചേർന്ന് സങ്കീർണ്ണമാകുന്നില്ല. ഓരോരോ സാഹചര്യത്തിൽ സൂഷ്മഘടകങ്ങളുടെ വിഭജന സംയോജനം മൂലം ഓരോ സ്വതന്ത്രദ്രവ്യരൂപങ്ങൾ ഉണ്ടാകുന്നു. അവ ഓരോ പ്രത്യേകമൂലകങ്ങളായി മാറുന്നു. ലാമിനും നക്ഷത്രവിഭജനത്തിനും ഇടയിലാണ് സർവ്വസാധാരണമായ വിഭജനം നടക്കുന്നത്. പാറപൊടിഞ്ഞ് മണ്ണ് ഉണ്ടാകുന്നത് മണ്ണ് ഉരുകി വീണ്ടും പാറയുണ്ടാകുന്നത് രാസ വിഭജനവും സംയോജനവും. വികിരണം മൂലമുണ്ടാകുന്ന വിഭജനസംയോജനം മൂലമാണ് ജനിതക വസ്തുക്കളുടെ സ്ഥാനം മാറ്റപ്പെടുന്നു.

അപ്പോൾ ജനിതക വൈകല്യമോ ജനിതക ഗുണമോ ഉണ്ടാകാം. എന്താണ് വിഭജനത്തിന് വിധേയമാക്കാത്ത ഏറ്റവും വലിയ വസ്തു. അത് നമ്മുടെ ബ്രഹ്മാണ്ഡം തന്നെയാണ് അതിനെ മുറിക്കാനോ പ്രപഞ്ചത്തിലെ ഒരു ശക്തിക്കും ആകില്ല. അത് അസംഭവ്യം. വിഭജിക്കാൻ കഴിയാത്ത ഈ വലിയ ബ്രഹ്മാണ്ഡത്തിനുള്ളിൽ വിഭജനത്തിന് വിധേയമാകാത്ത കണങ്ങൾ നിരന്തരം ചുറ്റിസഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ചക്രം പോലെ ആവർത്തിക്കുന്നു. മാസ്പിത്ത് പ്രിൻസിപ്പിളിലൂടെ സംഭവ്യവും അസംഭവ്യവുമായ കാര്യങ്ങൾ വേർത്തിരിച്ച് മനസ്സിലാക്കാൻ കഴിഞ്ഞു. വിഭജന പരിധിയെക്കുറിച്ച് പറയാം. ഒരു വസ്തുവിനെ മുറിച്ചുകൊണ്ടിരുന്നാൽ അതിനെ മുറിക്കാൻ പറ്റാത്ത ഒരു അവസ്ഥയിൽ എത്തിചേരുന്നു. ഈ അവസ്ഥയെ കോറലിസം എന്നു ഞാൻ വിളിച്ചു. ഇതിനെ പരിധിസിദ്ധാനതം എന്നുവിളിക്കാം. മാസ്പിത്ത് പ്രിൻസിപ്പിളിൽ നിന്ന് ഉടലെടുത്ത പുതുംചൊല്ല്. വിധിയെ ചൊല്ലി ജീവിതം പാഴാക്കുന്നെങ്കിൽ അതാണ് അവന്റെ വിധി. വിധിയൊന്നും ഇല്ല എന്ന് പറഞ്ഞ് നടക്കുന്നവന്റെ വിധിയോ അതുതന്നെ. എന്നുപറഞ്ഞാൽ വിധി ഒന്നും ഇല്ല എന്ന് പറഞ്ഞ് നടക്കലാണ് അവന്റെ വിധി. ഭൂതത്തെ ഭാവിയാക്കുന്ന ബ്രഹ്മാണ്ഡ ചലനസിദ്ധാന്തം അതാണ് മാസ്പിത്ത് പ്രിൻസിപ്പിൾ.

പെർസിസ്റ്റൻസ് ഓഫ് വിഷൻ ഓഫ് മാസ്പിത്ത് (Persisitence of vision of Masspith)

കഴിഞ്ഞ സംഭവങ്ങൾ പ്രപഞ്ചമനസ്സ് മാസ്സ് മെമ്മറിയിൽ സ്റ്റോർ ചെയ്യുന്നു. മാസ്പിത്തിന്റെ കഴിഞ്ഞ ഒരു ഭ്രമണത്തിൽ മാസ്സ് മെമ്മറിയിൽ സ്റ്റോർ ചെയ്ത കാര്യങ്ങൾ കുറേ മാഞ്ഞ് പോകുന്നുണ്ടെങ്കിലും കുറച്ച് നിലനിർത്തപ്പെടുന്നു. അതുകൊണ്ടാണ് പ്രപഞ്ചബോധത്തിന് ഭൂതം ഭാവി എന്നിവയെക്കുറിച്ച് ബോധം ഉണ്ടാകുന്നത്. ഈ പ്രപഞ്ചബോധം വഴി മനുഷ്യനിൽ ഭൂതം ഭാവി എന്നിവയെക്കുറിച്ച് സ്വപ്നദർശനം ഉണ്ടാക്കുന്നത്. ഇതിന് അതിബുദ്ധിയുടേയോ അതിജ്ഞാനത്തിന്റെയോ ആവശ്യമില്ല. എങ്കിലും പ്രപഞ്ചബോധത്തെ അറിയാൻ ഒരു പ്രത്യേക ബ്രയിൻ സിസ്റ്റം മാത്രം മതി എന്നർത്ഥം. ഇതിനെ ഒരു പ്രത്യേക സിദ്ധി എന്നു പറയാം. ഇങ്ങനെ പ്രത്യേക സിദ്ധിയുള്ള ഒരു മനുഷ്യനോടു ഒരുവൻ ചോദിക്കുന്നു, നിങ്ങൾക്ക് എങ്ങിനെയാണ് ഭാവി പ്രവചനം സാധ്യമാകുന്നത് എന്ന് ചോദിച്ചാൽ അയാളുടെ പ്രതികരണം ഇങ്ങനെയായിരിക്കും. അറിയില്ല അല്ലെങ്കിൽ ഒരു ദേവൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് പറഞ്ഞതാണ്. ഇയാൾ പറയുന്ന ദേവൻ അയാളുടെ തലച്ചോറിലെ മായപ്രഭാവംകൊണ്ട് ഉണ്ടായതാണ് ഈ പ്രതിഭാസത്തെ ആത്മീയമെന്നോ കുണ്ഡലിയമെന്നോ വിളിക്കാം. ഈ പ്രതിഭാസം വഴിയുള്ള പ്രവചന കൃത്യത 100%മാണ്.

വിധിയെപ്പറ്റിയുള്ള പാശ്ചാത്യ വീക്ഷണം (വിധിയോ മുൻവിധിയോ?)

മനുഷ്യൻ പ്രയത്നിക്കുമോ, അവൻ എന്താഗ്രഹിക്കും എന്തുചെയ്യും എന്നെല്ലാം മുൻകൂട്ടി തീരുമാനിക്കപ്പെട്ട കാര്യകാരണ ബന്ധങ്ങളുടെ ചങ്ങലയുടെ കണ്ണികളാണോ? ഇങ്ങനെയാണെങ്കിൽ ബാഹ്യകാര്യങ്ങൾ മാത്രമല്ല, മനസ്സിലെ നേരിയ ചലനങ്ങളുൾപ്പെടെ വിധിയുടെ ഭാഗമാണ്. നിങ്ങൾക്ക് ആഗ്രഹിക്കുന്നത് നേടാൻ കഴിയും. പക്ഷേ നിങ്ങൾ എന്താഗ്രഹിക്കും എന്നതു വിധിക്കപ്പെട്ടിരിക്കുകയാണ്. വിധി എന്നതു പൂർണ്ണമല്ല. പ്രയത്നം കൊണ്ടും കർമ്മം കൊണ്ടും വിധിയെ തിരുത്താം എന്ന് കരുതുന്നവരുണ്ട്.Duplicative Precognition എന്ന പ്രതിഭാസം അംഗീകരിക്കുകയാണെങ്കിൽ വിധി പകുതിയാകാൻ ഒക്കുകയില്ല എന്നു മനസ്സിലാകും. നിങ്ങൾക്ക് മാറ്റാൻ കഴിയുന്നത് ഇപ്പോഴത്തെ കാര്യങ്ങളാണ്. അപ്രകാരം നിങ്ങൾ മാറ്റിയേ എന്നു വിധിക്കപ്പെട്ടിരിക്കുന്നതുവഴി ഭാവി പൂർണ്ണമായും വിധിക്കപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ മാസ്പിത്ത് ഭ്രമണത്തിൽ നടന്ന കാര്യങ്ങളുടെ പകർപ്പ് ഇപ്പോൾ നടക്കുന്ന മാസ്പിത്ത് ചലനത്തിന്റെ ഭാവിയിലേക്കുള്ള ആദ്യത്തെ കാഴ്ചപ്പാട് ഉണ്ടാക്കുന്നു. ഇതാണ് Duplicative Precognition എന്ന പ്രതിഭാസത്തിന്റെ ശാസ്ത്രീയ അടിത്തറ. Duplicative Precognition എന്ന പ്രതിഭാസത്തെ ജ്യോതിഷികൾ അംഗീകരിക്കുക മാസ്പിത്ത് പ്രിൻസിപ്പിൾ ഈ പ്രതിഭാസത്തെ അംഗീകരിക്കുന്നു. പുതിയ തെളിവുകളോടെ. ഏതൊന്നിനെ അറിഞ്ഞാലാണ് ഇക്കാണുന്നതിനെയെല്ലാം അറിയുവാൻ കഴിയുന്നത്. ഈ ചോദ്യം ശൗനകൻ അംഗിരസ്സ് ഋഷിയോട് ചോദിക്കുന്ന ചോദ്യമാണിത്. ഇന്ന് ഇതാ മാസ്പിത്ത് പ്രിൻസിപ്പിളിലൂടെ അത് യാഥാർത്ഥ്യമായിത്തീർന്നു. മാസ്പിത്തിനെ അറിയൂ, ഇക്കാണുന്നതിനെയെല്ലാം നിങ്ങൾക്ക് അറിയുവാൻ കഴിയും.

സൗരയൂഥവും മനുഷ്യശരീരവും

വലിയ സൗരയൂഥത്തിന്റെ ചെറിയ രൂപമാണ് മനുഷ്യൻ എന്ന നിലയിൽ കണ്ട് സൗരചലനവും മനുഷ്യശരീരത്തിലെ സൂക്ഷ്മ ചലനവുമായി ബന്ധപ്പെടുത്തി ചിന്തിക്കാൻ തുടങ്ങി ആ ചിന്ത വളർന്നാണ് ജ്യോതിഷമായിതീർന്നത്. ജ്യോതിഷം വൈദ്യശാസ്ത്രമോ ഭാവി പ്രവചനശാസ്ത്രമോ ജ്യോതിഷം വൈദ്യശാസ്ത്രമാണെങ്കിൽ അതിൽ യുക്തിയുണ്ട് ഭാവി പ്രവചന ശാസ്ത്രമാണെങ്കിൽ അതിൽ യുക്തിയില്ല കാരണം അത് മിഥ്യ ശാസ്ത്രമാണ്. ജ്യോതിഷം വൈദ്യശാസ്ത്രത്തിൽ വരുമ്പോൾ ചന്ദ്രനും സൂര്യനും തമ്മിലുള്ള ഭൂമിയുടെ കാന്തിക ആകർഷണമാണോ അതോ ഗുരുത്വാകർഷണമാണോ പ്രധാനം എന്നതിന് ജോതിഷത്തിന് ഒരു ധാരണയില്ല.കാന്തിക ആകർഷണം നഷ്ടപ്പെട്ടാലും ഗുരുത്വാകർഷണം ഉണ്ടായിരിക്കും. സൗരയൂഥം നിലനിൽക്കുന്നത് കാന്തിക ആകർഷണത്തിലാണ്. കാന്തിക ആകർഷണവും ഗുരുത്വാകർഷണവും രണ്ടും രണ്ടാണ്. നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടേയും ഉപഗ്രഹങ്ങളുടേയും ഉള്ളിലുള്ള ശക്തിയായ ഇലക്ട്രോണുകളുടെ പ്രവാഹമാണ് കാന്തിക ആകർഷണത്തിന് കാരണം. തന്മാത്രകൾ തമ്മിലുള്ള ആകർഷണം ഒരു വലിയ ദ്രവ്യ പിണ്ഡത്തിൽ പരിണമിച്ചാണ് ഗുരുത്വാകർഷണം ഉണ്ടാകുന്നത്. എവിടെയാണോ അനേകം തന്മാത്രകൾ ഒത്ത്കൂടാൻ സാഹചര്യം കിട്ടുന്നുവോ അവിടെ ഗുരുത്വാകർഷണമുണ്ടാകുന്നു. ജ്യോതിഷത്തിന്റെ ഭാവി പ്രവചന ശാസ്ത്രം ഒരു പ്രഹേളികയായി ഇന്നും തുടരുന്നു. യുക്തിയുടെ ഒരു മാനദ്ണ്ഡത്തിനും ജ്യോതിഷത്തെ വിശദീകരിക്കാൻ കഴിയുകയില്ല.

സൂഷ്മ ഭീമ സമയ സമുന്യയത്തിലൂടെ പ്രപഞ്ചഷയ വികാസ പരിണാമത്തിന്റെ കാലഗണന

പ്രപഞ്ചം അതിന്റെ ഏറ്റവും ചെറിയ സമയമായ സൂഷ്മ വർഷത്തിൽ ആരംഭിച്ച് മാസ്പിത്തിൽ അവസാനിക്കുന്നു. വീണ്ടും ചെറിയ സമയമായ സൂഷ്മ വർഷത്തിൽ നിന്ന് പ്രപഞ്ച ചലനം ആരംഭിച്ച് മാസ്പിത്തിൽ അവസാനിക്കുന്നു. ഇതിൽ ജ്യോതിഷ കാലഗണന സമന്വയിപ്പിച്ചിട്ടുണ്ട്. സൂഷ്മ വർഷം മുതൽ മാസ്പിത്ത് വരെയുള്ള കാലഗണന ഇങ്ങിനെയാണ് 311040 കോടി സൂഷ്മ വർഷങ്ങൾ ചേർന്ന് ഒരു സ്റ്റോപ്പ്, 100 സ്റ്റോപ്പ് ചേർന്ന് ഒരു സെക്കന്റ്, 60 സെക്കന്റ് ചേർന്ന് ഒരു മിനിറ്റ്, 60 മിനിറ്റ് ചേർന്ന് ഒരു മണിക്കൂർ, 12 മണിക്കൂർ ചേർന്ന് ഒരു ദിനം, ദിനരാത്രം ചേർന്ന് ദിവസം, 7 ദിവസം ചേർന്ന് ഒരാഴ്ച, 30 31 ദിവസങ്ങൾ ചേർന്ന് ഒരു മാസം, 6 മാസം ചേർന്ന് ഉത്തരായണമോ ദക്ഷിണായനമോ, ഉത്തരായണവും ദക്ഷിണായനവും ചേർന്ന് ഒരു വർഷം, വർഷങ്ങൾ ചേർന്ന് യുഗവും മഹായുഗവും, മഹായുഗത്തിന് 4320000 വർഷം, 1000 മഹായുഗം ചേർന്ന് ഒരു കൽപ്പം, രണ്ട് കൽപ്പം ചേർന്ന് ഒരു നക്ഷത്ര ദിനരാത്രം, ഒരു നക്ഷത്ര ദിനരാത്രം എന്നത് നക്ഷത്ര ജനനമരണകാലവധിയാണ്. നക്ഷത്ര ജനനമരണ കാലവിധി 864 കോടിവർഷം, ഒരു നക്ഷത്ര ആയുസ്സ് 432 കോടിവർഷം, നക്ഷത്രായൂസ്സും തമേഗർത്തായുസ്സും ചേർന്നതാണ് 864 കോടിവർഷം, ഇങ്ങനെ 360 നക്ഷത്ര പുനർജൻമങ്ങൾ ചേർന്ന് ഒരു ബ്രഹ്മാണ്ഡ വർഷം, 100 ബ്രഹ്മണ്ഡവർഷം ചേർന്ന് ഒരു ബ്രഹ്മാണ്ഡ ആയുസ്സ്, ബ്രഹ്മാണ്ഡ ജനന മരണ കാലാവധി 200 ബ്രഹ്മാണ്ഡ വർഷം, 30 ബ്രഹ്മാണ്ഡ ജനന മരണമാണ് അഥവാ 30 മഹാവിസ്പോടന പുനഃർജന്മങ്ങൾ ചേർന്നതാണ് ഒരു മാസ്പിത്ത് ഭ്രമണം. മാസമുറയിൽ കാലചക്രം വീണ്ടും ആരംഭിക്കുന്നതുകൊണ്ട് മാസ്പിത്തിനെ മാസമുറ സിദ്ധാന്തം എന്നും വിളിക്കാം 31-ാം മത്തെ മഹവിസ്ഫോനത്തിൽ കാലചക്രം വീണ്ടും ആരംഭിക്കുന്നു. 2160000 നക്ഷത്ര പുനർജൻമങ്ങൾ ചേർന്നതാണ് ഒരു മാസ്പിത്ത് ഭ്രമണം. മനുഷ്യന്റെ ഒരു ദിവസത്തെ ശ്വാസ-നിശ്വാസങ്ങളുടെ അളവ് 21,600 പ്രാവശ്യമാണ് അതുപോലെ ഒരു മാസ്പിത്ത് ഭ്രമണത്തിൽ നക്ഷത്രത്തിന്റെ ഊർജ്ജ നിശ്വാസങ്ങളുടെ അളവ് മനുഷ്യന്റെ ശ്വസന കാലത്തിന്റെ 100 ഇരട്ടിയാണ്. ഊർജ്ജത്തിന്റെ ശ്വസനത്തിന്റെ നിരക്കിലും കാലഗണന പറയാം. മാസ്പിത്ത് ഭ്രമണത്തിന് വേണ്ടിവരുന്ന വർഷം 1866240 സഹസ്രകോടി വർഷം വേണം. ആകാശഗംഗയുടെ ശരാശരി ജനന മരണ കാലാവധി 622080 കോടിവർഷം അങ്ങിനെ ആകാശ ഗംഗയുടെ 3000 പുനർ ജന്മങ്ങൾ ചേർന്നാണ് ഒരു മാസ്പിത്ത് ഭ്രമണം ഇങ്ങിനെയും മാസ്പിത്ത് ബ്രമണത്തിന്റെ കാലവധി കണക്കാക്കാം ഇങ്ങിനെ സൂഷ്മ സമയം മുതൽ 18 സമയ നാമങ്ങളിലൂടെ കടന്ന് കാലചക്രം ഭ്രമണം പൂർത്തിയാക്കുന്നു. സൂഷ്മ ഭീമ സമയസമുന്വയത്തിലെ മൂന്ന് പ്രാഥമിക സമയകണ്ണികൾ മിനിറ്റ്, മാസം, മാസ്പിത്ത് ഏറ്റവും വലിയ സമയകണ്ണിയാണ് മാസ്പിത്ത്. സൂഷ്മബീമ സമയസമുന്വയത്തിന് വേണ്ടി രണ്ട് സെക്കന്റിനെ ചേർത്ത് ഒരു കെറ്റ് എന്ന് ഞാൻ വിളിച്ചു. 30 കെറ്റ് ചേർന്ന് ഒരു മിനിറ്റ് 30 ദിവസം ചേർന്ന് മാസം ഒരു ബ്രമാണ്ഡദിനരാത്രത്തെ ഒരു മെറ്റ് എന്ന് ഞാൻ വിളിച്ചു. ഒരു ബ്രമാണ്ഡ ആയുസിനെ ഒരു സെറ്റ് എന്നുവിളിച്ചു. രണ്ട് സെറ്റ് ചേർന്ന് ഒരു മെറ്റ് 30 മെറ്റ് ചേർന്ന് ഒരു മാസ്പിത്ത്. സ്റ്റെയ്നാർട്ട്-ട്യൂറോക്ക് സിദ്ധാന്തം അനന്തമായ

മഹാവിപ്സ്ഫോടന പുനർ ജന്മങ്ങളെക്കുറിച്ച് മാത്രമെ പറയുന്നുള്ളൂ. നക്ഷത്രദിനരാത്രവും ബ്രഹ്മാണ്ഡ ദിനരാത്രവും എങ്ങിനെ സംഭവിക്കുന്നു എന്നതിനെക്കുറിച്ചുള്ള വിശദമായ കാര്യങ്ങൾ എന്റെ ഭൗതിക ശാസ്ത്രത്തിലുണ്ട്. ഇത് പുരാതന ഭാരതീയ ഭൗതിക ശാസ്ത്രവുമായിട്ട് ബന്ധം കാണിക്കുന്നത്. പഞ്ചഭൂതങ്ങളിൽ ആദ്യം ആകാശമാണ് വരുന്നത് അതിന് ഉത്തരം ആധുനീക ശാസ്ത്രം പറയുന്നില്ല. ആദ്യത്തെ പഞ്ചഭൂതം ഈഥറാണ് ഈഥർ ആകാശമാണ്. അപ്പോൾ ആകാശം ശൂന്യമല്ല. പ്രപഞ്ച വ്യവഹാരത്തിൽ പങ്കെടുക്കുന്ന മൂന്ന് പ്രാഥമിക ആകാശങ്ങളുണ്ട് അവ ഇവയാണ് ഇലണിക്ക്, പോണിക്ക്, ന്യൂട്രിക്ക്, അതുപോലെ പ്രപഞ്ചത്തൽ മൂന്ന് പ്രാഥിമക അഗ്നികളുമുണ്ട്. അവ ഇവയാണ് ഇലക്ട്രോൺ, പ്രോട്ടോൺ,ന്യൂട്രോൺ ഇലക്ട്രോണിന് ഇലണിക്ക് ആകാശവും, പ്രോട്ടോണിന് പ്രോണിക്ക് ആകാശവും ന്യൂട്രോണിന് ന്യൂട്രിക്ക് ആകാശവും ഈ മൂന്ന് ആകാശവും പ്രപഞ്ചത്തിൽ നിലകൊള്ളുന്നത് മിശ്രിത രൂപത്തിലാണ്. ഇലണിക്ക് ആകാശത്തിൽ റോഡിയോ തരംഗങ്ങൾ മുതൽ എക്സറേ വരെയുള്ള തരംഗങ്ങൾ സഞ്ചരിക്കന്നു. പ്രോണിക്ക് ആകാശത്തിൽ ഗാമ മുതൽ കോസ്മിക്ക്, തുടർന്ന് ഫ്രീക്വൻസിയുള്ള തരംഗങ്ങൾ സഞ്ചരിക്കുന്നു. ന്യൂട്രിക്ക് ആകാശത്തിൽ നിദ്രോർജ്ജ തരംഗങ്ങളാണ് സഞ്ചരിക്കുന്നത്. ഈ തരംഗങ്ങളെ തമോഗർത്തതരംഗങ്ങൾ എന്നും പറയാം ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ എന്നിവ അഗ്നി ദ്രവങ്ങളാണ്. അഗ്നിദ്രവങ്ങൾ കമ്പനം ചെയ്യുമ്പോഴോ അല്ലെങ്കിൽ കമ്പനം ചെയ്ത് ഒഴുക്കുമ്പോഴാണ് അഗ്നിപ്രകടമാക്കുന്നത്. ജലം എന്ന ഭൂതം ഒഴുക്കുമ്പോൾ അതിന്റെ ശബ്ദം കേൾക്കുമ്പോൾ ജലം എന്ന ഭൂതമാണ് ഒഴുകുന്നത് എന്ന് മനസ്സിലാക്കുന്നത് പോലെ. ഇവിടെ വായു അല്ലെങ്കിൽ ആകാശം ഊർജ്ജത്തിന്റെ കേരിയറാണ് എന്ന് മനസ്സിലാക്കുക. അഗ്നി ഒരു ഊർജ്ജമല്ല. അഗ്നി ഒരു സൂക്ഷ്മ ദ്രവമാണ്.

മാസ്പിത്തിലൂടെ ഇരട്ട ദർശനങ്ങളേയും ബഹുദർശനങ്ങളേയും വിശദീകരിക്കുന്നു.

കുണ്ഡലിയ ദർശനങ്ങൾക്ക് ബഹുദർശന സ്വഭാവം ഉണ്ട്. ഒരാൾ കാണുന്ന കുണ്ഡലിയ ദർശനം അതേ സമയത്തോ മറ്റോരു സമയത്തോ കിലോമീറ്റർ അപ്രമുള്ള വ്യക്തിയോ വ്യക്തികളോ കണ്ടേക്കാം മാത്രമല്ല ഒരാൾ ഭൂത വർത്തമാന ഭാവിയിൽ ചിന്തിക്കന്നതും പ്രവർത്തിക്കുന്നതുമായ കാര്യങ്ങൾ കിലോമീറ്റർ അപ്രമുള്ള വ്യക്തി കുണ്ഡലീയ ദർശനത്തിലൂടെ കണ്ടെന്നുവരാം ചിലപ്പോൾ ആശയങ്ങൾ കൈമാറി എന്നും വരാം. ഇത് ഒരു ടെലിപതി പോലെ തോന്നാം. ഇതിന് കാരണം കഴിഞ്ഞ മാസപിത്ത് ചലനത്തിൽ പ്രവർത്തിച്ച കാര്യങ്ങൾ തന്നെയാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. കഴിഞ്ഞ മാസ്പിത്ത് ഭ്രമണത്തിൽ നടന്ന കാര്യങ്ങൾ പ്രപഞ്ചമനസ്സിലുണ്ട്. ചിലപ്പോൾ നമ്മൾ ചെയ്യാൻ പോകുന്ന കാര്യം അല്ലെങ്കിൽ ചിന്ത എന്നിവ കുണ്ഡലിയ ദർശനത്തിലൂടെ മുൻകുറേ അറിഞ്ഞേക്കാം. അതുപോലെ കിലോമീറ്റർ അപ്രമുള്ള വ്യക്തി നിന്റെ വിചാരം അറിയുന്നതും ഈ പ്രപഞ്ചമനസ്സിൽ നിന്നാണ് എന്ന് അറിയുക. നമ്മുടെ ചിന്തകളും വിചാരങ്ങളും എല്ലാം പ്രപഞ്ച ഇച്ഛക്ക് അനുസരിച്ചാണ് നടക്കുന്നത്. എന്ന് മനസിലാക്കിയാൽ കിലോമീറ്റർ അപ്രമുള്ള മനുഷ്യൻ എന്ന പോലെ ചിന്തിച്ചു എന്നു പറയുന്നതിൽ അൽഭുതം ഉണ്ടാവുകയില്ല. ടെലിപതി മസ്തിഷ്ക തരംഗങ്ങൾ വഴിയല്ല നടക്കുന്നത് പ്രപഞ്ചബോദം എന്ന ദ്രവ്യപിണ്ഡത്തിലെ സൂഷ്മകണങ്ങളുടെ ചലനത്തിലൂടെയാണ് ടെലിപതിയും കോസ്മിക്ക് ബോധവും ഉണ്ടാകുന്നത്.

കോസ്മിക് ബോധം ഉണ്ടാകുന്നത് മസ്തിഷ്ക തരംഗമല്ല.

മസ്തിഷ്കതരംഗം എന്ന് പറയുന്നതിനെക്കാൾ എളുപ്പം മസ്തിഷ്ക വൈദ്യുത സ്പന്ദനം എന്ന് പറയുന്നതായിരിക്കും ശരി കാരണം മസ്തിഷ്ക വൈദ്യുത സ്പന്ദനം മൂലം തരംഗവീചികൾ തലച്ചോറിൽ നിന്ന് പുറത്ത് പോകുന്നില്ല. എന്നുള്ളതാണ് ശരി തലച്ചോറിൽ വൈദ്യുത സ്പന്ദനം മാത്രമെ നടക്കുന്നുള്ളൂ. അതിനെ തരംഗമെന്ന് പറയാമോ അല്ലങ്കിൽ പ്രേക്ഷണ തരംഗമെന്ന് പറയാമോ. 230 khz മുകളിലുള്ള വിദ്യു സ്പന്ദനങ്ങൾക്ക് മാത്രമെ ആകാശത്തെ സ്പർശിക്കാൻ കഴിയുകയുള്ളൂ. അങ്ങിനെ ആകാശത്തെ വിദ്യുസ്പന്ദനം സ്പർശിക്കുമ്പോഴാണ് റേഡിയോ തരംഗങ്ങളുണ്ടാകുന്നത്. ഈ റേഡിയോ തരംഗങ്ങൾക്ക് വളരെ ദൂര സ്ഥലങ്ങളിൽ വ്യാപിക്കാൻ കഴിവുണ്ട് എന്ന് നിങ്ങൾക്ക് അറിയാമല്ലോ. അപ്പോൾ ആകാശം ഒരു മാധ്യമമാണ്. ഇലക്ട്രോമാഗനറ്റിക്ക് ഫീൽഡാണ് പ്രകാശത്തിന്റെ മാധ്യമം എന്ന് ആധുനീക ശാസ്ത്രം പറയുന്നു. മാധ്യമം വേണ്ട എന്ന് പഠിപ്പിക്കുന്ന ആധുനീക ശാസ്ത്രം തന്നെ മാധ്യമം വേണം എന്നും പഠിപ്പിക്കുന്നു. ഈഥറിനെ വലിച്ചെറിഞ്ഞപ്പോൾ തന്നെ മറ്റൊരു മാധ്യമം ആധുനീക ശാസ്ത്രത്തിൽ കയറിപ്പറ്റി. അത് ആരും അറിഞ്ഞില്ല. തലതിരിഞ്ഞ മായ ശാസ്ത്രത്തിന് ഈ 21-ാം നൂറ്റാണ്ടിലെ ആധുനീക ശാസ്ത്രത്തിൽ പോലും ഇടമുണ്ട്. തലച്ചോറിലെ വൈദ്യുത സ്പന്ദങ്ങൾക്ക് നാഡികളിൽ മാത്രമെ വ്യാപിക്കാൻ കഴിവുള്ളൂ കാരണം ഒരു ന്യൂറോണിൽ നിന്നും മറ്റൊരു ന്യൂറോണിലേക്ക് ചെയിൻ വിദ്യുസ്പന്ദനങ്ങൾ വഴിയാണ് സന്ദേശങ്ങൾ വ്യാപിക്കുന്നത്. കോസ്മിക്ക് ബോധം ഉണ്ടാക്കുന്നത് തരംഗങ്ങളല്ല മറിച്ച് പ്രപഞ്ചബോധം എന്ന ദ്രവ്യപിണ്ഡത്തിൽ അടങ്ങിയ സൂഷ്മ കണങ്ങളുടെ ചലനത്തിലൂടെ കോസ്മിക്ക് ബോധം ഉണ്ടാകുന്നു എന്ന് പറയുന്നതായിരിക്കും ശരി. മാത്രമല്ല തലച്ചോറിൽ പഞ്ചേന്ദ്രിയങ്ങളിലൊന്നുപോലും കാണിന്നില്ല. ഇനി 6-ാം ഇന്ദ്രീയം മസ്തിഷ്കത്തിൽ ഉള്ളതായി ആരും കണ്ടെത്തിയിട്ടില്ല. പഞ്ചേന്ദ്രിയങ്ങളിലൂടെയാണ് തലച്ചോറ് താപം, പ്രകാശം, സ്പർശനം, ശബ്ദം, രുചി, മണം എന്നിവ അറിയുന്നത് കോസ്മിക്ക് ബോധം ഉണ്ടാകുന്നത്. ആകാശതരംഗമാണെങ്കിൽതന്നെയും ആ ആകാശ തരംഗത്തിൽ നിന്ന് നേരിട്ട് സന്ദേശങ്ങൾ സ്വീകരിക്കാൻ മസ്തിഷ്കത്തിന് കഴിയുകയില്ല. അൾട്രാവൈലറ്റ് മുതൽ കോസ്മിക്ക് വരെ അറിയാൻ ഒരു ഇന്ദ്രീയവും നമ്മുടെ ശരീരത്തിലില്ല. മാത്രവുമല്ല ഈ രശ്മികൾ വിഷവുമാണ്. ഈ വിഷരശ്മികൾ ഒരാളുടെ മസ്തിഷ്കത്തിൽ ഉൽപാദിപ്പിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. എന്ന് പറഞ്ഞാൽ അത് ശുദ്ധ വിഢ്ഢിത്വമാകും. വളരെ ഉയർന്ന മാനസ്സിക അവസ്ഥ എന്ന നിലയിൽ കോസ്മിക്ക് ബോധം എന്ന് പറയുന്നതിൽ തെറ്റില്ല. വിവിധ തരംഗങ്ങളുപയോഗിച്ച് മസ്തിഷ്കത്തിൽ കോസ്മിക്ക് ബോധം ഉണ്ടാക്കാൻ കഴിയുമോ എന്ന് പരിശോധിച്ച ശാസ്ത്രഞ്ജൻമാർക്ക് പരാജയമായിരുന്നു ഫലം കോസ്മിക്ക് ബോധം ഉണ്ടാകുന്നത്. വായു തരംഗങ്ങളോ ആകാശതരംഗങ്ങളോ അല്ല എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. കുണ്ഡലീയം ഒരു കോസ്മീക് ബോധാവസ്ഥയാണ്

ജോതിഷം മനശ്ശാസ്ത്രവുമായി ബന്ധപ്പെടുമ്പോൾ

സൗരയൂഥത്തിലെ ഗ്രഹങ്ങളുടെ അടുപ്പവും അകലവും മനശ്ശാസ്ത്രത്തിലൂടെ വ്യക്തമാക്കുന്നു. ഇത് ജോതിഷത്തിന്റെ കാഴ്ചപ്പാടിനെ തകിടം മറിക്കുന്നു. നിന്റെ അടുപ്പം ധൂമകേതുവിനെപോലെ ആകാതിരിക്കുക. കാരണം അതികം അടുത്താൽ കൂടുതൽ അകലും മാത്രമല്ല ചിലപ്പോൾ അപകടവും സംഭവിക്കും. നിന്റെ അടുപ്പം ബുധനെപോലെ ആയിരിക്കുക എന്നുവച്ചാൽ ബുദ്ധിയുള്ളവനെ പോലെ ആയിരിക്കുക ശുക്രനെപോലെ ആയിരുന്നാൽ നന്ന്. കാരണം നിനക്ക് എപ്പോഴും ശുക്രാവസ്ഥയായിരിക്കും. നിന്റെ അടുപ്പം ഭൂമിയെപോലെ ആയിരുന്നാൽ നിന്റെ ആന്തരീക കഴിവുകൾ വളരും. ചൊവ്വയെ പോലെ ആകാതിരിക്കുക, കാരണം രണ്ട് വഞ്ചിയിൽ കാലിട്ടാൽ കവപൊളിഞ്ഞുപോകും. അതുതന്നെയാണ് ചൊവ്വയുടെ അടുപ്പത്തിന്റെ ദോഷവും. ചൊവ്വക്ക് ഭൂമിയോടും, ശുക്രനോടും, ബുധനോടും വ്യാഴത്തോടും ശനിയോടും ഒരേ സമയം അടുപ്പമുണ്ട്. അതുകൊണ്ട് അതിനെ ചൊവ്വാദോഷമെന്ന് പറയുന്നു. അതുകൊണ്ട് ചൊവ്വയ്ക്ക് ചൊവ്വ മാത്രമെ ചേരൂ. നിന്റെ അടുപ്പം ശനിയെപോലെ ആകാതിരിക്കുക. എന്തുകൊണ്ടെന്നാൽ സൂര്യനോട് കൂടുതൽ അകലെയാണ് ശനി. ശനിയേക്കാൾ അകന്ന ഗ്രഹങ്ങൾ ദോഷം ഉണ്ടാകുന്നില്ല. കാരണം സൂര്യന്റെ ദൃഷ്ടിയിൽ അവയെ കാണുന്നില്ല. അറിയപ്പെടാതെ നിൽക്കുന്നതുകൊണ്ട് ദോഷം ഉണ്ടാുന്നില്ല. ഒരു കാലത്ത് ഭാരതത്തിൽ നിലനിന്നിരുന്ന ഈ മനശ്ശാസ്ത്ര ആശയം ജോതിഷം കടമെടുക്കുകയായിരുന്നു. എന്ന് തോന്നുന്നു. കുബുദ്ധികൾ ഈ മനശ്ശാസ്ത്ര ആശയം ആഴിയിൽ താഴ്ത്തിവെച്ചു. എന്നാൽ വരാഹ അവതാരം ഉയർത്തികൊണ്ടുവന്നു.

**Kishore N.S., Neyyan House, P.O. Kaduppassery (Via)**

**Kallettumkara, Irinjalakuda, 680 698 Thrissur Ph : 2787943**